# Hello Hope
# ഹലോ ഹോപ്പ്

For Private circulation only

---Hope Harbour for Believers---

GULF EDITION

Issue No.3, June 2017 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN





## ജ്യോതിഷിൽ നിന്ന് ദീപ്തിയിലേക്ക്

പത്തനംതിട്ട അടൂർ മണക്കാല ശാലോം വീട്ടിൽ റവ.ഡോ.ടി.ജി. കോശിയുടേയും പരേതയായ മറിയാമ്മയുടേയും മകളായ സൂസൻ തന്റെ നാലാമത്തെ ആൺകുഞ്ഞിന് ജന്മം നൽകുമ്പോൾ അതൊരു സാധാരണ പിറവി ആയിരുന്നില്ല. അടൂർ ഫെയത്ത് തിയോളജിക്കൽ സെമിനാരിയിൽ അധ്യാപക ദമ്പതിമാരായ ഡോ. സൂസൻ മാത്യുവിനും ഡോ. മാത്യു വർഗീസിനും പതിനാല് വർഷം മുമ്പാണ് ജോഷിനും അഭിഷേകിനും ആശിഷിനും ശേഷം നാലാമത്തെ മകനായി ജ്യോതിഷ് പിറന്നത്. ജനിച്ച് എട്ടുമാസം കഴിഞ്ഞിട്ടും സാധാരണ നിലയിലുള്ള പ്രതികരണങ്ങളൊന്നും ജ്യോതിഷിൽ ഉണ്ടായിരുന്നില്ല തലച്ചോറിനെ ബാധിക്കുന്ന സെറിബ്രൽ പാൾസി രോഗമാണ് ജ്യോതിഷിനെന്ന് പരിശോധനയ്ക്കുശേഷം ഡോക്ടർ പറഞ്ഞപ്പോൾ ഏതൊരു മാതാപിതാക്കളേയും പോലെ ഇവരും പകച്ചുപോയി.

ജ്യോതിഷിന്റെ ജനനത്തിന് മുമ്പ് ഡോ.സൂസൻ പ്രാർത്ഥനാസമയത്ത് തന്നോട് സംസാരിച്ച ദൈവശബ്ദം കേട്ടതാണ്. അടുത്ത വർഷം നിനക്കൊരു കുഞ്ഞിനെ ഞാൻ നൽകും. ആ കുഞ്ഞിനെക്കുറിച്ച് എനിക്ക് പദ്ധതികളുണ്ട്. 2003 മെയ് 9 നാണ് ജ്യോതിഷ് പിറന്നത്. മാസം തികകയാതെയാണ് പ്രസവിച്ചത്. ജനനസമയത്ത് തന്നെ സങ്കീർണ്ണമായ കുറേ പ്രശ്നങ്ങളുണ്ടായി എങ്കിലും ദൈവീക വാഗ്ദത്തംപോലെ അത്ഭുതകരമായി അവനെ തിരിച്ചുകിട്ടി.

ആത്മാർത്ഥതയോടെ കുടുംബമായി കർത്താവിനെ സേവിക്കുകയും അതിലുപരി കർത്തൃവേലയിൽ വ്യാപൃതരായിരിക്കുകയും ചെയ്യുന്ന തങ്ങൾക്ക് ദൈവീക വാഗ്ദത്തപ്രകാരം കിട്ടിയ കുഞ്ഞ് ഈ അവസ്ഥയിൽ തുടരുന്നതോർത്ത് പലപ്പോഴും ഇരുവരുടേയും കണ്ണുകൾ നിറഞ്ഞൊഴുകിയിട്ടുണ്ട്. പ്രാർത്ഥനയിൽ കുഞ്ഞിന്റെ അവസ്ഥയോർത്ത് കരഞ്ഞ സന്ദർഭങ്ങളിൽ ദൈവം സംസാരിച്ചത് ഇതിനേക്കാൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുഞ്ഞുങ്ങളിലേക്കും മാതാപിതാക്കളിലേക്കും നോക്കാനായിരുന്നു.

.....ശേഷം 6 -ാം പേജിൽ

## നിന്നതല്ല...ദൈവം നിറുത്തിയതാണ്...



34 വർഷത്തെ ബഹറിനിലെ ശുശ്രൂഷാ ജീവിതത്തിന് ശേഷം നാട്ടിലേക്ക് മടങ്ങുന്ന പാസ്റ്റർ ടി. തങ്കരാജ്

1956-ൽ ഒരു ഹൈന്ദവ കുടുംബത്തിൽ ജനിച്ചു. കുടുംബക്ഷേത്രത്തിലെ പൂജാരിയായ പിതാവിനോടൊപ്പം എല്ലാ ആചാരാനുഷ്ഠാനങ്ങളിലും പങ്കെടുത്തുപോന്നു. എന്നാൽ ഏകസത്യദൈവത്തെക്കുറിച്ചുള്ള അറിവ് പിതാവിൽ നിന്ന് ലഭിച്ചെങ്കിലും കൂടുതലൊന്നും അറിയാൻ കഴിഞ്ഞില്ല. വിദ്യാഭ്യാസകാലയളവിൽ സ്ഥിരമായി ചൊവ്വ, വെള്ളി ദിവസങ്ങളിൽ കടലിൽ കുളിച്ച് ക്ഷേത്രദർശനവും ബ്രാഹ്മണസമൂഹത്തോട് ചേർന്ന് മന്ത്രങ്ങൾ ഹൃദ്ദിസ്ഥമാക്കുകയും ഉരുവിടുകയും ചെയ്യുമായിരുന്നു. പതിവ് പോലെ വെള്ളിയാഴ്ച ദർശനത്തിനായി കടലിൽ കുളിക്കുന്ന സമയം ഒരു ചുഴിയിൽ അകപ്പെട്ട് മരണത്തോട് മല്ലിടുന്ന സമയം ആരാധിക്കുന്ന എല്ലാ ദൈവങ്ങളേയും വിളിച്ചപേക്ഷിച്ചു ഫലമുണ്ടായില്ല കൂട്ടത്തിൽ കർത്താവിനോടും പ്രാർത്ഥിച്ചു.

.....ശേഷം 7 -ാം പേജിൽ

### HH കുഞ്ഞാപ്പി & ജന്നാമ്മ




## 'ക്രിസ്തുവിൽ ഒന്ന്' 1958 മുതൽ BMCC



Jacob George
BMCC President

***ബഹ്റൈൻ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷന്റെ ചരിത്രം എന്നത് (BMCC) ഗൾഫ് നാടുകളിലേത് എന്ന് മാത്രമല്ല, കേരളത്തിനുപുറത്തുള്ള ഏറ്റവും പുരാതനമായ സുവിശേഷവിഹിത സംഘടനകളുടെ ചരിത്രമാണ്.***

വിശുദ്ധവേദപുസ്തകം വിവരിക്കുന്ന ഏദെൻ തോട്ടം സ്ഥിതിചെയ്യപ്പെട്ടിരുന്നു എന്ന് അനുമാനിക്കപ്പെടുന്ന, ആദി മനുഷ്യന്റെ കാൽപാടുകൾ പതിഞ്ഞ 33 ചെറുദ്വീപുകളുടെ സമന്വയമായ ബഹ്റൈൻ എന്ന കൊച്ചു രാജ്യത്തെയാണ് പ്രഥമസംഘടനയുടെ വേരിറങ്ങാൻ വളകൂറുള്ള മണ്ണായി ദൈവം കണ്ടത്.

1930 മുതലാണ് മലയാളി ക്രൈസ്തവർ ബഹ്റൈനിലേക്ക് വന്നു തുടങ്ങിയത്. നാടുവിട്ട് മൂന്നാഴ്ചയെങ്കിലും കടൽമാർഗ്ഗം യാത്ര ചെയ്താണ് ഒരോരുത്തരും എത്തികൊണ്ടിരുന്നത്. പ്രധാനമായും പെട്രോളിയം കമ്പിനികളിലേക്കായിരുന്നു ആദ്യകാലത്ത് നിയമനം ലഭിച്ചിരുന്നത്. ബഹ്റൈനിലെ പ്രധാന കമ്പിനികളിലും, ബാങ്കുകളിലും, സ്ഥാപനങ്ങളിലും മാത്രമല്ല രാജകുടുംബങ്ങളിലും മലയാളികൾ ജോലി ചെയ്തുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ അൻപതുകളുടെ ആരംഭത്തിൽ ബഹ്റൈനിൽ ജോലിചെയ്തിരുന്ന ക്രിസ്തീയയുവാവ് അകാല മൃത്യുവിനിരയായി.

.....ശേഷം 24 -ാം പേജിൽ

**CONGRATULATIONS**

*to the students who came off with flying colours in their 12th Grade CBSE Exam and we wish them all success in their higher studies.*

(See Page 17 for Photos)




# “റാൻസംവെയർ” വൈറസ് ആത്മീയതയിലും...



**രാജീവ് സ്റ്റുവർട്ട്**
ചീഫ് എഡിറ്റർ

ലോകത്തെ നടുക്കിയ റാൻസംവെയർ സൈബർ ആക്രമണത്തിൽ ഇതുവരെ ഇരയായത് 150 രാജ്യങ്ങളും 2 ലക്ഷം കംപ്യൂട്ടർ ശൃംഖലകളുമാണ്. 'റാൻസം' എന്നാൽ വീണ്ടെടുപ്പിനുള്ള പണം എന്നാണർത്ഥം. കംപ്യൂട്ടർ ഫയലുകൾ തിരികെ ലഭിക്കാൻ മോചനദ്രവ്യം ആവിശ്യപ്പെടുന്ന റാൻസംവെയർ ആക്രമണമാണ് നടന്നത്. അക്രമികൾ ആവിശ്യപ്പെടുന്ന പണം അടച്ചാൽ മാത്രമേ കംപ്യൂട്ടറിൽ പുനപ്രവേശനം സാദ്ധ്യമാകൂ.


അമേരിക്കൻ ചാരസംഘടനയായ നാഷണൽ സെക്യൂരിറ്റി ഏജൻസി(എൻ.എസ്.എ) രൂപപ്പെടുത്തിയ സംവിധാനം മോഷ്ടിച്ചാണ് ഇത്രേയും വലിയ ആക്രമണം നടത്തിയതെന്നാണ് വിദഗ്ദർ കരുതുന്നത്. റാൻസംവെയറിന്റെ പുതിയ പതിപ്പായ 'വാന്നാ ക്രൈ' എന്ന പുതിയ പതിപ്പാണ് കംപ്യൂട്ടറുകളെ ബാധിച്ചത്. കംപ്യുട്ടറുകൾ നിശ്ചലമായതോടെ ആശുപത്രികളിൽ രോഗികളുടെ വിവരങ്ങൾ ലഭ്യമല്ലാതെയായി. ഓപ്പറേഷനുകളും എക്സ്റേ, സ്കാനിംഗ് തുടങ്ങിയ പരിശോധനകളാണ് മുടങ്ങിയത്. കംപ്യൂട്ടർ കേവലം മണിക്കുറുകൾ പണിമുടക്കിയപ്പോൾ വികസിത രാജ്യങ്ങളിൽപോലും ശിലായുഗ സമാനമായ അന്തരീക്ഷമാണുണ്ടായത്. സൈബർ കുറ്റവാളികളുടെ ലക്ഷ്യം പണമാണ് അതുകൊണ്ട് ബാങ്കുകൾ, ആശുപത്രികൾ, ഹോട്ടലുകൾ, വ്യവസായശാലകൾ തുടങ്ങിയവ കേന്ദ്രീകരിച്ചാണ് ആക്രമണം നടത്തുന്നത്. പരിഹാരത്തിനായി വിദഗ്ദർ നൽകുന്ന മറുപടി സോഫ്റ്റ് വെയർ അപ്ഡേഷനാണ്.

> **ആത്മീയരിലും പ്രകാശരശ്മിയുടെ വേഗതയേക്കാൾ കൂടുതൽ വേഗതയോടെ പടർന്നുകൊണ്ടിരിക്കുന്ന വൈറസത്രേ ദ്രവ്യാഗ്രഹം.**

റാൻസംവെയറിന്റെ പുതിയ പതിപ്പായ വാന്നാ ക്രൈയുടെ ലക്ഷ്യം പണമെന്നപോലെ ആത്മീയരിലും പ്രകാശരശ്മിയുടെ വേഗതയേക്കാൾ കൂടുതൽ വേഗതയോടെ പടർന്നുകൊണ്ടിരിക്കുന്ന വൈറസത്രേ ദ്രവ്യാഗ്രഹം. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ എന്ന് ദൈവവചനം മുന്നറിയിപ്പ് നൽകുന്നു. ലഭിക്കുന്തോറും കൂടുതൽ കിട്ടേണ്ടതിന് പലകുറുക്കുവഴികളും പ്രയോഗിക്കുന്നു. പണം ഇന്ന് പലരേയും നിയന്ത്രിക്കുന്നു. വ്യക്തികളെ, സഭകളെ, സംഘടനകളെ എന്തിനേറെ പറയുന്നു മനുഷ്യനിർമ്മിതമായ പല ശുശ്രൂഷകളുടേയും അടിസ്ഥാനം ആത്മഭാരമല്ല പിന്നയോ ദ്രവ്യമാണ്.

എന്നാൽ വേദപുസ്തകത്തിന്റെ ദൂത് പണമല്ല. തിരുവചനത്തിന്റെ ഓരോ താളുകളിലും നിറഞ്ഞു നിൽക്കുന്ന വ്യക്തി ക്രിസ്തുവാണ്. ഒരു ആയുസുകൊണ്ട് പഠിച്ചാലും തീരാത്ത വ്യക്തിത്വം. വൈറസുകളെ ചെറുത്തു നിൽകാൻ ആന്റിവൈറസ് ഉപകരിക്കുന്നതുപോലെ ആത്മീയരായ നമ്മെ കാർന്നു തിന്നുന്ന ഈവിധ വൈറസുകളിൽ നിന്ന് രക്ഷനേടാനായി ഒരേയൊരു പോംവഴി അജയ്യനായ ക്രിസ്തുവിനെ ഇൻസ്റ്റാൾ ചെയ്യുക എന്നതാണ്. നമ്മുടെ അകത്തെ മനുഷ്യനെ ഓരോ നാളും കർത്താവിൽ അപ്ഡേറ്റ് ചെയ്ത് ക്രിസ്തു എന്ന തലയോളം വളരുവാൻ നമുക്കുത്സാഹിക്കാം.

സുരക്ഷാവീഴ്ചകൾ ചൂഷണം ചെയ്താണ് വൈറസുകൾ ആക്രമണം നടത്തുന്നത്. 48 പലകകൾകൊണ്ട് 5 അന്താഴങ്ങളാൽ ബന്ധിക്കപ്പെട്ട മരുഭൂമിയിലെ ആലയമായ സമാഗമനകൂടാരത്തിനകത്ത് കാറ്റ് കയറുകയോ ഇടിച്ചെടുത്ത ഒലിവെണ്ണ ഉപയോഗിച്ച് കത്തികൊണ്ടിരിക്കുന്ന വിളക്ക് കെട്ടുപോകയോ ചെയ്യാതിരിക്കുന്നതുപോലെ നമ്മുടെ ആത്മീയ സുരക്ഷ നാം ഒന്നുകൂടി ശക്തിപ്പെടത്തി വൈറസുകൾക്കൊന്നിനും നമ്മിലേക്ക് പ്രവേശിക്കാനിട നൽകാതെ ശ്രദ്ധാലുക്കളായി മുന്നോട്ടു പോകാം.




## പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

**ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.**

എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ നിങ്ങളുടെ വിഷയങ്ങളിൽ തീർപ്പുകൽപ്പിക്കും.

**Prayer Cell**

0973 3838 3399
0973 1787 71 71
hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

“ഹലോ ഹോപ്പ്” ജേർണലിൽ വരുന്ന എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്ക് മാത്രമാണ്.
-എഡിറ്റർ-

Views and opinions expressed in various articles and features in “Hello Hope” are only of the writers and not necessarily of the publishers.
-Editor-

നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:

**Hello Hope Journal**
**P.O. Box :10489**
**Kingdom of Bahrain**
**E-mail :hhgulfnews@gmail .com**
**Whatsapp : 00973 38383399**
**Fax : 17877171**




## “ഹലോ ഹോപ്പ്” ഓൺലൈനിൽ



ഹലോ ഹോപ്പ് ജേണൽ ഇപ്പോൾ ഗോഡ്സ് ഓൺ ലാംഗ്വേജ് എന്ന വെബ്സൈറ്റിന്റെ സഹായത്തോടെ ഓണ്‍ലൈനിൽ ലഭ്യമാണ്. ഹലോ ഹോപ്പ് ജേണലിൽ ബഹ്റിൻ,ഇന്ത്യ,സൗദി അറേബ്യ, ഖത്തർ, ദുബായ്, അമേരിക്ക, ഇംഗ്ലണ്ട്, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിലെ എഴുത്തുകാരുടെ ആത്മീയ രചനകൾ പ്രസിദ്ധീകരിക്കുവാൻ സർവ്വശക്തനായ ദൈവം സഹായിച്ചു. എല്ലായിടത്തും ഇതിന്റെ പ്രിന്റഡ് കോപ്പികൾ എത്തിക്കാൻ കഴിയാത്തതിനാൽ ഓൺലൈനിൽ ജേണൽ വായിക്കുവാനും ഇതിന്റെ പിഡിഎഫ് ഡൗൺലോഡ് ചെയ്യാനുമായി **www.godsownlanguage.com** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**Read Online:**
**www.godsownlanguage.com/mal/Magazines/Hello_Hope**

# WHAT KIND OF A PREACHER ARE YOU?



Dr.P C Abraham

As oxygen to a living person so is the ministry of the Word of God to the soul of a church. A balanced diet is necessary for the physical health and growth of a person. Similarly, feeding on the life giving Word when accepted and assimilated through the ministry of the Holy Spirit provides nutrients and energy for the church to grow spiritually. The main ministry of shepherds in the churches is to feed the sheep. Many of them may not find the green pastures by themselves. They need to be fed. If not, due to the spiritual hunger, they might be satisfied by eating dry leaves and unhygienic left over contaminated food. There comes the responsibility of the preacher.

Christian preaching is not the proud ventilation of human opinions. It is the humble exposition of God's Word. Biblical expositors strive to bring out of Scripture what is written and given to us to explore. That is called exegesis. They are not allowed to thrust into the text what is not there. That is isogesis which is anathema to the Lord. Their responsibility is to bring to light what appears hidden. They make plain what seems obscure, unravel what is knotted, and unfold what is tightly packed. An expository preaching of the biblical text is neither a conventional introduction of an extra biblical topic to the audience, nor a convenient peg on which to hang a ragbag of miscellaneous human thoughts. The interpretation of the text without the context is a pretext. All the preachers of the Word will be called in one day to give an account of their vocation at the tribunal, the Beema seat of Christ. So it cannot be taken lightly, carelessly or casually.

Worship and Scripture exposition are the twin peaks of Christian experience. They both are placed in juxtaposition to each other. Eliminate worship; you will be puffed up with head knowledge like a tad pole. Eliminate scripture; you will become sickly and anemic. Therefore, the church needs constantly to hear God's Word. The central place of preaching in public must be the worship meetings of the church. Many churches consider preaching the Word as an intrusion into the ecstasy of worship. Rather, it must be seen as an indispensable part to it. The worship of God is always a response to the Word of God.

> Christian preaching is not the proud ventilation of human opinions. It is the humble exposition of God's Word.

Preaching is indispensable to Christianity. Without preaching a necessary part of Christian authenticity is lost. Christianity is, in its very essence, a religion of the Word of God validated by its historicity and theological back up. It is not built on fables or mythology. Our God is a living God who has communicated in the past and still does communicate. In the scripture, we see a speaking Father, the giving Son and the grieving Holy Spirit. They love to communicate to us. Our speaking shall also be in tandem with that of God's. Thus, our preaching shall be scriptural, incarnated within ourselves and made relevant and contemporary. It is God's speech echoed through human instruments to meet human need. We must speak what he has spoken.

The expository preacher is a bridge builder, seeking to span the gulf between the mind of God as revealed in the Word and the human mind. He must do his utmost to interpret the Scripture so accurately and plainly, and to apply it so forcefully, that the truth crosses the bridge. This is hard work. We might be tempted to short circuit the process by saying: "There is no need for me to prepare myself before preaching; I shall rely on the Holy Spirit to give me the words. Jesus himself promised that it would be given to us in that hour what we are to say." Such talk may sound genuine, until we remember that the misquotation of Scripture and laziness is prompted by the devil. Jesus was referring to the hour of persecution and not of proclamation. Its context is the trial in a prisoner's dock of a law court, not the pulpit preaching in a church. Trust in the Holy Spirit is not intended to save us from the bother of preparation. The Holy Spirit can indeed give us utterance if we are suddenly called upon to speak and there has been no opportunity to prepare. Many of us have experienced this in our ministry, during an emergency situation of suddenly called in to preach. Indeed, experience suggests that perspiration, waiting upon the Lord and agonizing within are the necessary ingredients if the preacher wants to be faithful to the pulpit.

God cares not about one's lack of eloquence and artistry, about his ill-constructed discourse or his poorly-enunciated message, as it is the gift of God. The preparation of the heart is of far greater importance than the preparation of the sermon. The preacher's words, however clear and forceful, will not produce any result unless he speaks from conviction, born out of experience. The Word must first minister to the preacher himself and preached in before it is preached out.

The sparkle of authentic preaching is derived out of the freshness of spiritual experience at each time. It is the most indispensable quality of the effective preacher. No amount of homiletically articulated technique can compensate for the absence of a close personal talk and walk with God. Unless he puts a new song in our mouth, even the most polished sermons will lack the spark of authenticity.

Genuine love will help the preacher to be understood. Unless one takes the trouble to know his people and their problems, his preaching will go wild. Therefore, in order to be better able to appreciate them, he should know them. Love has a strange intuitive faculty. Jesus our Lord possessed it to its perfection. Again and again it is said of him that he knew people's thoughts. Indeed, the apostle John writes, "He knew all men and needed no one to bear witness of man; for he himself knew what was in man." Men felt instinctively to what he spoke because he understood them. He is the great kardiognostes, or the 'heart-knower', who searches the mind and heart. We should seek to emulate him and do likewise. Love is the unselfish care which longs to understand and to provide the needed help. It is one of the greatest secrets of communication. Only when the preacher loves his people, that they are likely to say of him, that he understands them. Then and then only he will be heard and responded to.

## MEPC പ്രയർ മീറ്റിംഗ്

മിഡിൽ ഈസ്റ്റ് പെന്തെക്കോസ്തൽ ചർച്ചിന്റെ (MEPC) ഈ വർഷത്തെ രണ്ടാമത്തെ പ്രയർ മീറ്റിംഗ് ജൂൺ 3-ാം തീയതി ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ വച്ച് നടക്കുമെന്ന് പ്രസിഡന്റ് പാസ്റ്റർ ജെയ്സൺ കുഴിവിള അറിയിച്ചു. പ്രയർ കോഡിനേറ്റർ ബ്രദർ ഡേവിസ് ജോൺ പ്രാർത്ഥനാ വിഷയങ്ങൾ പങ്കു വയ്ക്കുകയും ബ്രദർ പ്രസാദ് ജോയി വർഷിപ്പ് ലീഡ് ചെയ്യുകയും ചെയ്യും.

## ബിഎംസിസി പ്രയർ വിജിൽ


HH Reporter

ബിഎംസിസിയുടെ ജൂൺ മാസം പ്രയർ വിജിൽ 3-ാം തീയതി ചൊവ്വാഴ്ച പാസ്റ്റർ കെ.എം. ജോർജ്ജിന്റെ ഭവനത്തിൽ വെച്ച് നടത്തപ്പെടുന്നതായിരിയ്ക്കും.

# നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ

## So run that you may obtain

3



പാസ്റ്റർ റ്റി.റ്റി. തോമസ്
ഐ.പി.സി. ബഹ്റിൻ

*(.....കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)*

1 കൊരി.9:24-27, ഫിലി.3:11-14
നാം ചിന്തിച്ചുവരുന്ന നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ എന്ന വിഷയം കൊരിന്ത്യ ലേഖനത്തിൽ നിന്നാണല്ലോ. ഇതിന്റെ എഴുത്തുകാരനായ അപ്പൊസ്തൊലനായ പൗലോസിന്റെ മറ്റൊരു ലേഖനമായ ഫിലിപ്പിയ ലേഖനത്തിൽ അൽപ്പ വിത്യാസത്തിലുള്ള വേറൊരു ആശയം ഈ ലക്കത്തിൽ നമുക്ക് പഠിക്കാം.

എഡി 55- ൽ എഴുതിയ കൊരിന്ത്യ ലേഖനത്തിൽ വിരുത് പ്രാപിക്കുവാൻ നാം നമ്മുടെ ശരീരത്തേയും മനസിനേയും ആത്മാവിനേയും വളരെ കരുതലോടുകൂടി അച്ചടക്കം(ഡിസിപ്ലിൻ) വരുത്തണമെന്ന് നാം പഠിച്ചുവല്ലോ. തുടർന്ന് 6 വർഷത്തിനു ശേഷം എഡി 61- ലാണ് അപ്പൊസ്തൊലനായ പൗലോസ് ഫിലിപ്പിയർക്ക് ലേഖനമെഴുതിയത്.

അപ്പൊസ്തൊലന്റെ പ്രതീക്ഷയ്ക്ക് വിരുദ്ധമായി പല അനുഭവങ്ങൾ ഈ 6 വർഷത്തിനുള്ളിൽ ഉണ്ടായി എന്നുവേണം കരുതാൻ. അതിനുള്ള കാരണം ഫിലി.3:11- ൽ ഉപയോഗിച്ച 'വല്ലവിധേനയും' എന്ന പദമാണ്. കൊരിന്ത്യ ലേഖനത്തിൽ വളരെ വീറോടെ സംസാരിച്ച പൗലോസ് ഫിലിപ്പിയ ലേഖനത്തിൽ ഉറപ്പ് കുറവുള്ള വല്ലവിധേന എന്ന വാക്കുപയോഗിക്കാനുള്ള കാരണമെന്താണ് ? ഒരു വ്യക്തി ദൈവഭാഗത്ത് വരുന്നതോടുകൂടി ക്രിസ്തീയ ജീവിതത്തിൽ അവന്റെ പ്രശ്നങ്ങൾ ആരംഭിക്കുകയാണ്. നമ്മുടെ വാഴ്ത്തപ്പെട്ടവനായ കർത്താവ് ലോകത്തിലായിരുന്നപ്പോൾ ലോകം കർത്താവിനെ പകച്ചു, ലോകത്തിന്റെ പ്രവർത്തി ദോഷമുള്ളത് എന്ന് പറഞ്ഞതാണ് കാരണം(യോഹ.7:7). വീണ്ടും കർത്താവ് പറയുന്നത് ലോകം എന്നെ പകച്ചതുപോലെ എന്നെ അനുഗമിക്കുന്ന നിങ്ങളേയും പകയ്ക്കും(യോഹ.15:8-19).

നാം ഒരുകാലത്ത് ഈ ലോകത്തിനും അതിന്റെ അധിപതിയായ സാത്താന്റേയും വകയായിരുന്നു (എഫെ.2:1,2). ലോകത്തിന്റെ വകയായി നാം ജീവിച്ച കാലത്ത് ലോകം നമ്മെ പകച്ചില്ല. ഉദാഹരണമായി പൗലോസ് ശൗലായി ജീവിച്ചിരുന്ന ഒരു കാലമുണ്ട്. അന്ന് ലോകവും പൗലോസ് ഉൾപ്പെട്ടുനിന്ന സമൂഹവും തനിക്ക് അനുകൂലമായിരുന്നു. എന്നാൽ ദമസ്ക്കൊസിന്റെ പടിവാതിൽക്കൽവെച്ച് അവൻ യേശുവിനെ കണ്ടുമുട്ടി, അവൻ യേശുവിന്റെ വകയായിതീർന്നു. അന്നുമുതൽ ലോകം അവന് എതിരായിതീർന്നു. ദിവസങ്ങൾ പിന്നിടുംതോറും അത് വർദ്ധിച്ചുവരുകയാണ് ചെയ്തത്. എങ്ങനെയെങ്കിലും വിശ്വാസത്തിൽ നിന്നും വീഴിക്കണം എന്നുള്ളതാണ് ലക്ഷ്യം.

പൗലോസിന്റെ കാലത്ത് ഇറങ്ങിതിരിച്ചവരെ ലോകം വീഴ്ത്തി. തിമൊഥെയോസിന് ലേഖനം എഴുതുമ്പോൾ പൗലോസ് അത് പരാമർശിക്കുന്നുണ്ട്.

*1. ഫുഗലൊസും ഹെർമ്മഗനേസും - 2 തിമൊ.1:15*
*2. ഹുമനയോസും ഫിലത്തൊസും - 2 തിമൊ.2:18*
*3. ദേമാസ് - 2 തിമൊ.4:10*
*4. അലക്സന്തർ - 2 തിമൊ.4:14*

ഈ വ്യക്തികളൊക്കെ പിൻമാറിപോയത് പൗലോസിനെ അൽപ്പമായി നിരാശപ്പെടുത്തി. അങ്ങനെയുണ്ടായ ചിന്താകുഴപ്പത്തിലായിരിയ്ക്കാം വല്ലവിധേനയും എന്ന വാക്കുപയോഗിച്ചത്.

പൗലോസിന്റെ ധൈര്യം - ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും പിടിക്കാമോ എന്നുവെച്ച് പിൻതുടരുന്നതേയുള്ളൂ - (ഫിലി. 3:12). ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നു എന്ന് പൗലോസ് പറയുന്നു. നാമല്ല ക്രിസ്തുയേശുവിനെ പിടിച്ചത് പിന്നയോ ക്രിസ്തുയേശുവാണ് നമ്മെ പിടിച്ചിരിക്കുന്നത്.
'കരുത്തനാം അവൻ കരത്തിനാൽ പിടിച്ചിരിക്കയാൽ
ഒരുത്തനും പിടിച്ചുവേർപിരിക്കുവാൻ കഴിഞ്ഞിടാ
വിരുദ്ധമായി വരുന്നതൊന്നുമേ ഭയന്നിടാം'
എന്ന് ഗാനത്തിന്റെ വരികളോട് ചേർന്ന് നമുക്കും ധൈര്യത്തോടെ പറയാം ഞാൻ ക്രിസ്തുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നു. നിയമപ്രകാരം ഉള്ള അധികാരം ഉപയോഗിച്ച് കസ്റ്റഡിയിൽ എടുത്തു സൂക്ഷിച്ചിരിക്കുന്നു എന്നർത്ഥം. കത്തോലിക്കാ ബൈബിളിൽ ക്രിസ്തുയേശു എന്നെ സ്വന്തമാക്കിയിരിക്കുന്നു എന്നാണ്.

വിലപ്പിടിപ്പുള്ള ഒരു വസ്തു മറ്റുള്ളവർ അപഹരിക്കാതിരിക്കുവാൻ നാം മുറുകെ പിടിക്കുന്നതുപോലെ നാം ക്രിസ്തുവിന്റെ വകയായതിനാൽ അവൻ നമ്മെ മുറുകെ പിടിച്ചിരിക്കുന്നു.

പൗലോസ് പറയുന്നു ഞാൻ പിമ്പിൽ ഉള്ളതിനെ മറക്കുന്നു എന്നിട്ട് ഒന്ന് ഞാൻ ചെയ്യുന്നു. 'ഒന്ന് ഞാൻ ചെയ്യുന്നു' എന്ന പൗലോസിന്റെ പ്രസ്താവനയെ 3 ഭാഗമായി തിരിച്ച് വിശദീകരിക്കുവാനാഗ്രഹിക്കുന്നു.

### *1. പിന്നിട്ട പാതകളെ പുറകോട്ട് നോക്കി സമയം കളയുകയില്ലാ എന്ന 'ഒന്ന് ഞാൻ ചെയ്യുന്നു'*

നാം പുറകോട്ട് നോക്കുമ്പോൾ സംഭവിക്കുന്നത് നമുക്ക് പറ്റിയ പരാജയങ്ങളെ സാത്താൻ എടുത്തുകാട്ടി മനം മടുപ്പിക്കുവാൻ ശ്രമിക്കും. ജീവിതത്തിൽ പരാജയം ചിലപ്പോൾ ഉണ്ടായി എന്നുവരാം.

വേദപുസ്തകത്തിൽ എടുത്ത് പറഞ്ഞിരിക്കുന്ന പലഭക്തന്മാരും ജീവിതത്തിൽ പരാജയം രുചിച്ചിട്ടുള്ളവരാണ്. എന്നാൽ പരാജയം ദൈവസന്നിധിയിൽ ഏറ്റുപറഞ്ഞ് മുമ്പിൽ അവശേഷിക്കുന്ന ദൂരം ശ്രദ്ധയോടെ ഓടിയതുപോലെ നാമും ചെയ്യേണ്ടതാണ്.

### *2. വിരുത് ലഭിക്കാനായി ഓടും എന്ന 'ഒന്ന് ഞാൻ ചെയ്യുന്നു'*

എന്റെ മുമ്പിൽ ഉള്ള ലക്ഷ്യത്തിലേക്ക് എത്തുന്നതിനുവേണ്ടി എന്റെ എല്ലാ നാഢീഞരമ്പുകളുടേയും അതായത് എന്റെ മുഴുബലവും ഞാൻ ഉപയോഗിക്കും.

### *3. വിരുത് നഷ്ടമാക്കുകയില്ല 'ഒന്ന് ഞാൻ ചെയ്യുന്നു'*

ഒരു ഓട്ടക്കാരന്റെ ലക്ഷ്യം അവൻ ക്രോസ് ചെയ്യേണ്ട വെള്ള വരആയിരിയ്ക്കും. ഒരു സ്റ്റെപ്പിന്റെ വിത്യാസത്തിലായിരിയ്ക്കും ചിലപ്പോൾ സമ്മാനം ലഭിക്കുന്നതും നഷ്ടപ്പെടുന്നതും.

വളരെ ശ്രദ്ധയോടെ നിയമങ്ങൾ പാലിച്ച് ഓടിതികയ്ക്കേണ്ടതാണ് ക്രിസ്തീയഓട്ടം. കുറുക്കുവഴികൾ (ഷോട്ട്കട്ട്) ഒട്ടും തന്നെ ഉപയോഗിക്കാൻ പാടില്ല. കഴിഞ്ഞ ലക്കങ്ങളിൽ ഓർമ്മിപ്പിച്ച ഷൈനി വിൽസനെ ഒന്നുകൂടി ഓർമ്മിപ്പിയ്ക്കുന്നു. ലക്ഷ്യത്തിലെത്തി എന്നാൽ സൂക്ഷ്മപരിശോധനയിൽ ട്രാക്ക് മാറി ഓടിയതായി കണ്ടുപിടിക്കപ്പെട്ടു സമ്മാനം നഷ്ടമായി.

## GREEK Vocabulary

Pastor Wilson Cherian

| | Greek | Transliteration | Meaning | Reference |
|---|---|---|---|---|
| 1 | Βιβλος | Biblos | Book | Matthew 1:1 |
| 2 | ἡμέρα | hēmera | Day | Matthew 3:1 |
| 3 | βαπτιστὴς | baptistēs | Baptist | Matthew 3:1 |
| 4 | ἔρημος | erēmos | Desert/wilderness | Matthew 3:1 |
| 5 | Βασιλεία | Basileia | Kingdom | Matthew 3:2 |



HH Studio

The Full Gospel Church of Suvartha Choir singing at BMCC Meeting in St. Christopher Church Hall on 26th May 2017

# പുതിയ തളികയും ഉപ്പും



**പാസ്റ്റർ സൈമൺ ഫിലിപ്പ്**
ശാരോൻ ഫെലോഷിപ്പ് ചർച്ച്

‘അതിന്നു അവൻ: ഒരു പുതിയ തളിക കൊണ്ടുവന്ന് അതിൽ ഉപ്പു ഇടുവിൻ എന്നു പറഞ്ഞു‘ (2 രാജാ.2:20).

നശിച്ചുകൊണ്ടിരിക്കുന്ന ജനത്തെക്കുറിച്ചുള്ള ഭാരം യെരിഹോം നിവാസികളുടെ ഹൃദയത്തിൽ ഉണ്ടായി. തലമുറകൾ ജനിക്കാതെ പോകുന്നു. ദേശം തലമുറകളില്ലാതെ അന്യപ്പെട്ടുപോകുന്നത് കണ്ടുള്ള ഹൃദയവേദനയും യെരിഹോം നിവാസികളുടെ ഹൃദയത്തിൽ ഉണ്ടായി. എന്താണ് കാരണം ?

2 രാജാ.2:19 ‘അനന്തരം ആ പട്ടണക്കാർ ഏലീശയോട് ഈ പട്ടണത്തിന്റെ ഇരിപ്പ് മനോഹരമായതെന്ന് യജമാനൻ കാണുന്നുവല്ലോ; എന്നാൽ വെള്ളം ചീത്തയും ദേശം ഗർഭനാശകവും ആകുന്നു എന്നു പറഞ്ഞു‘. ഇന്നും പുറമേ നോക്കുമ്പോൾ എല്ലാം മനോഹരമായി തോന്നാമെങ്കിലും അകമെ പലതും ജീർണ്ണാവസ്ഥയിലാണെന്നുള്ളതാണ് സത്യം. ദൈവമക്കൾ എന്നവകാശപ്പെടുന്ന നാം അത് മനസിലാക്കാതെ പോകുന്നു. ഇങ്ങനെ നാശകരമായ അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ജനങ്ങൾക്കുവേണ്ടി വിലപിക്കാനോ ദൈവസന്നിധിയിൽ ഇടിവിൽ നിൽക്കുവാനോ നമ്മിൽ പലർക്കും കഴിയാതെ പോകുന്നു. ദൈവം മനുഷ്യനെ നാശത്തിലേക്കോ മരണത്തിലേക്കോ പോകുവാനല്ല സൃഷ്ടിച്ചത്. ഉൽ 1:31 – ൽ ‘താൻ ഉണ്ടാക്കിയതിനെ ഒക്കേയും ദൈവം നോക്കി, അത് എത്രേയും നല്ലത് എന്ന് കണ്ടു’. ദൈവത്തിൻ സൃഷ്ടി എല്ലാം നല്ലത്. അവയിൽ വെച്ചേറ്റവും ശ്രേഷ്ടമായതാണ് മനുഷ്യസൃഷ്ടി.

ഉൽ.1:27 – ൽ ‘ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു‘. ദൈവം താൻ ആഗ്രഹിക്കുന്നതുപോലെ അവർ ആയിരിക്കണമെന്ന് ആഗ്രഹിച്ചു. എന്നാൽ മനുഷ്യൻ തെറ്റിപ്പോയി. ദൈവം മനുഷ്യനെ സൃഷ്ടിച്ചതോർത്ത് ദുഃഖിക്കുവാൻ ഇടയായി. ഉൽ.6:5,6 ‘ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കേയും എല്ലായ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകയാൽ യഹോവ അനുതപിച്ചു; അത് അവൻ ഹൃദയത്തിന് ദുഃഖമായി‘. നാം ദൈവത്തിന് ദുഃഖമാകാനുള്ളവരല്ല. മറിച്ച് ദൈവത്തെ പ്രസാദിപ്പിക്കേണ്ടവരാണ്. മത്താ.1:21 – ൽ പറയുന്നു അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കുന്നത് കൊണ്ട്...അതേ മനുഷ്യനെ നാശത്തിൽ നിന്നും മരണത്തിൽ നിന്നും വീണ്ടെടുക്കുവാൻ ദൈവം തന്റെ ഏകജാതനെ തന്നെ ലോകത്തിന് നൽകി.

അതുകൊണ്ട് 2 കൊരി.5:17–ൽ പൗലോസ് പറയുന്നു ‘ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു‘. അതേ ക്രിസ്തുവിലാകണം. അതാണ് കർത്താവ് ആഗ്രഹിക്കുന്നത്. ക്രിസ്തുവിലാകണമെങ്കിൽ ക്രിസ്തുവിൻ മനസുള്ളവരാകണം. ഞാൻ വിശ്വാസി എന്ന് പറയുന്നതിൽ അർത്ഥമില്ല. പാരമ്പര്യത്തിലും കാര്യമില്ല. ക്രിസ്തുവിലാകണമെങ്കിൽ ക്രിസ്തുവിനെ അറിയണം. പൗലോസ് അറിഞ്ഞതുപോലെ.

‘ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ‘ (ഫിലി.2:5). എന്താണ് ക്രിസ്തുവിൻ ഭാവം ?. കൂട്ടുസഹോദരനെ നിന്ദിക്കുകയും ചവുട്ടിതാഴ്ത്തുകയും ചെയ്യുന്ന മനോഭാവമല്ല. തന്നെ തള്ളിപറഞ്ഞവനേയും തന്നെ വിട്ട് ഓടിപോയവരേയും തേടിപോയ യേശുവിന്റെ സ്നേഹം അഥവാ ഭാവം. ക്രിസ്തുവിനെ അറിയേണ്ടതുപോലെ അറിഞ്ഞവർക്കേ അവന്റെ ഭാവവും ഉൾകൊള്ളുവാൻ കഴിയുകയുള്ളൂ. ക്രൂശിൽ കിടന്ന കള്ളൻ യേശുവിനെ അറിയുവാൻ ഇടയായി. അതുകൊണ്ട് അവൻ ക്രിസ്തുവിലായി, പുതിയ സൃഷ്ടിയായി.

ഏലിശാ പ്രവാചകൻ പറയുന്നു ‘ഒരു പുതിയ തളിക കൊണ്ടുവരുവിൻ‘. ശ്രദ്ധിക്കുക പഴയതല്ലാ പുതിയ തളിക. തളിക ഹൃദയത്തെ കാണിക്കുന്നു. പുതിയ ഹൃദയത്തിലാണ് കർത്താവ് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നത്. മനസ്സുപുതുക്കി രൂപാന്തരം പ്രാപിച്ച ഹൃദയം. ആ ഹൃദയമാണ് കർത്താവ് ആഗ്രഹിക്കുന്നത്.

ഉപ്പ് ശുദ്ധീകരണത്തെ കാണിക്കുന്നു. മാലിന്യം നീക്കുവാൻ ഉപ്പ് ഉപയോഗിക്കുന്നു. രുചി വരുത്തുവാനും ഉപ്പ് ഉതകുന്നു. ഉപ്പ് ദൈവവചനത്തെ കാണിക്കുന്നു. ദൈവവചനം പാപത്തെക്കുറിച്ചുള്ള ബോധം വരുത്തി മനുഷ്യനെ ഒരു പുതിയ സൃഷ്ടിയാക്കി രൂപാന്തരപ്പെടുത്തുന്നു.

2 രാജാ.2:21 – ‘അവൻ നീരുറവിന്റെ അടുക്കൽ ചെന്ന് അതിൽ ഉപ്പ് ഇട്ടു. കർത്താവിൻ വചനം നമ്മുടെ ഹൃദയമാകുന്ന തളികയിൽ ഒന്ന് ഇടണം. ആ ഹൃദയമാകുന്ന തളിക വചനമാകുന്ന നീരുറവിന്റെ (കർത്താവിന്റെ) അടുക്കൽ ഇറക്കി വെക്കണം. ഉപ്പ് ഇട്ടപ്പോൾ വെള്ളം പഥ്യമായി തീർന്നതുപോലെ ഒരിക്കലും വറ്റാത്ത ആ നീരുറവയിൽ നിന്ന് പുറപ്പെടുന്ന പഥ്യവചനം എല്ലാ അശുദ്ധിയും നീക്കി ഹൃദയത്തെ ശുദ്ധീകരിക്കുന്നു. പിന്നെ ശാപവും മരണവും ഉണ്ടാകയില്ല.

നമ്മുടെ പാപത്തേയും ശാപത്തേയും നീക്കുവാൻ കർത്താവിന് കഴിയും. നമ്മുടെ ഹൃദയമാകുന്ന തളികയിൽ വചനമാകുന്ന ഉപ്പ് ഇടുവാൻ നാം തയ്യാറാണെങ്കിൽ ക്രിസ്തുവാകുന്ന ആ നീരുറവയുടെ അടുക്കലേക്ക് നമുക്ക് ചെല്ലുവാൻ കഴിയുമെങ്കിൽ അവൻ നമ്മെ ശുദ്ധീകരിക്കും. നിത്യജീവങ്കലേക്ക് അവൻ നമ്മെ വഴിനടത്തും. ഇനി നമ്മെ നോക്കി ചീത്തയെന്നോ ശാപമെന്നോ ആരും പറകയില്ല. ജീവിതാവസാനം വരെ നമ്മുടെ ജീവിതം പഥ്യമായിരിക്കുവാൻ അനേകർക്ക് ആശ്വാസം പകരുന്ന നീരുറവായിരിക്കുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

> ***ഉപ്പ് ശുദ്ധീകരണത്തെ കാണിക്കുന്നു. മാലിന്യം നീക്കുവാൻ ഉപ്പ് ഉപയോഗി ക്കുന്നു. രുചി വരുത്തുവാനും ഉപ്പ് ഉതകുന്നു. ഉപ്പ് ദൈവവചനത്തെ കാണിക്കുന്നു. ദൈവവചനം പാപത്തെക്കുറിച്ചുള്ള ബോധം വരുത്തി മനുഷ്യനെ ഒരു പുതിയ സൃഷ്ടിയാക്കി രൂപാന്തരപ്പെടുത്തുന്നു.***





**HH Artist**

**Jeemon Pazhayidom**
**Munnar**

## യാത്ര അയപ്പ് നൽകി

**HH Studio**



ഇടത്തുനിന്ന്: പാസ്റ്റർ എം.ജെ. ഡേവിഡ്, ജെസി തങ്കരാജ്, സിസ്റ്റർ ജയാ തങ്കരാജ്, പാസ്റ്റർ റ്റി.റ്റി. തോമസ്, പാസ്റ്റർ ടി. തങ്കരാജ്, ബ്രദർ ഫിലിപ്പ് പി. വർഗീസ്

34 വർഷത്തെ ബഹ്റിൻ പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് കടന്നുപോകുന്ന പാസ്റ്റർ ടി. തങ്കരാജിനും കുടുംബത്തിനും **‘ഐ.പി.സി. ബഹറിൻ’** അനുഗ്രഹീതമായ യാത്ര അയപ്പ് നൽകി. സഭയുടെ സ്നേഹോപഹാരം പാസ്റ്റർ റ്റി.റ്റി. തോമസ് നൽകി.

# ജ്യോതിഷിൽ നിന്ന് ദീപ്തിയിലേക്ക്

(.....1-ാം പേജിൽ നിന്നും തുടർച്ച)



ഒരിക്കൽ കർത്തൃദാസൻ ഡോ. മാത്യു വർഗീസ് ഭാര്യയോട് പറഞ്ഞു നമ്മൾ അനേകരുടെ മുറിവുകൾ കെട്ടേണ്ടവരാണ്. അതുകൊണ്ടാണ് നമ്മുടെ ജീവിതത്തിൽ ഇങ്ങനെ മുറിവ് അനുഭവിക്കേണ്ടി വരുന്നത്. അങ്ങനെ ഇരുവരോടും വ്യത്യസ്ത സാഹചര്യങ്ങളിൽ ദൈവം ഇടപെട്ട് അനേകർക്ക് ആശ്വാസമായി തീരേണ്ട ശുശ്രൂഷകൾക്കായി എല്ലാ പ്രതിസന്ധികളേയും തരണം ചെയത് മുമ്പോട്ട് പോകാൻ അവരെ പ്രാപ്തരാക്കി.

ദൈവം കുടുംബമായി അവരെ ഉപരിപഠനത്തോടുള്ള ബന്ധത്തിൽ വിദേശത്തേക്കയയ്ക്കുമെന്ന ആലോചനപ്രകാരം 2006-ൽ സെമിനാരിയിൽ നിന്ന് അവധി വാങ്ങി തിയോളജിയിൽ ഡോക്ടറേറ്റ് എടുക്കുന്നതിനായി ഡരം യൂണിവേഴ്സിറ്റി യിലേക്ക് (ഇംഗ്ലണ്ട്) പോയി. അവിടെവെച്ച് മകന് ലഭിച്ച ചികിത്സയും പരിചരണവും അങ്ങേയറ്റം മികച്ചതായിരുന്നു. അവിടെ പ്രധാന ഹോസ്പിറ്റലിന്റെ ചിൽഡ്രൻസ് കമ്മ്യൂണിറ്റി സെന്ററിൽ മോന്റെ പേര് രജിസ്റ്റർ ചെയ്ത അന്നുതൊട്ട് അവിടെ നിന്ന് തിരിച്ച് വരുന്ന ദിവസംവരെയുള്ള എല്ലാ കാര്യങ്ങളും അവർ ഏറ്റെടുത്തിരുന്നു. ഫിസിയോ, ഒക്യുപേഷൻ, എഡ്യുകേഷൻ, സ്പീച്ച്... ഇങ്ങനെ എല്ലാവിധ തെറാപ്പിയും മകന് ലഭിച്ചു. അവിടെ കിട്ടിയ ശ്രദ്ധയും കരുതലും കണ്ട് ദൈവത്തെ സ്തുതിച്ചപ്പോൾ നമ്മുടെ നാട്ടിൽ ഇത്തരം കുഞ്ഞുങ്ങളുള്ള അച്ഛനമ്മമാരെക്കുറിച്ചൊരു ഭാരവും ഇങ്ങനെയുള്ളവരെ സഹായിക്കണം എന്നൊരു ദർശനവും ദൈവം ഹൃദയത്തിൽ നൽകി.

അങ്ങനെ ഡോ.സൂസൻ ഭർത്താവിന്റേയും ഇംഗ്ലണ്ടിലേയും നാട്ടിലേയും ഡോക്ടർമാരുടെ നിർദേശാനുസരണം നാട്ടിൽ മടങ്ങിവരുമ്പോൾ ഇത്തരം കുട്ടികൾക്കായി എന്തെങ്കിലും ചെയ്യണമെന്ന വലിയ പ്രേരണയുടെ അടിസ്ഥാനത്തിൽ ഇംഗ്ലണ്ടിൽ ആയിരുന്നപ്പോൾ തന്നെ അവിടെയുള്ള സ്പെഷ്യൽ സ്കൂളുകൾ സന്ദർശിക്കുകയും അവിടെ വെച്ച് 'സ്പെഷ്യൽ സ്ക്കൂൾ ട്രയിനിംഗ് കോഴ്സ്' പഠിക്കുവാനും ദൈവം സഹായിച്ചു. ഇംഗ്ലണ്ടിൽ കുടുംബമായി ആയിരുന്നപ്പോൾ സണ്ടർലാന്റ് എന്ന സ്ഥലത്ത് ഒരു മലയാള ആരാധന ആരംഭിപ്പാൻ ദൈവം സഹായിച്ചു. 2009 ഓഗസ്റ്റ് 9-ന് സെറിബ്രൽ പാൾസി ബാധിച്ച കുട്ടികൾക്കായി 'ദീപ്തി സെന്റർ ആരംഭിപ്പാൻ ദൈവം സഹായിച്ചു. ഒന്നര വയസുള്ള ഗോകുൽ ആണ് ആദ്യം ചേർന്നത്. അവൻ ഇപ്പോഴുമിവിടെയുണ്ട്. പഠനം പൂർത്തീകരിച്ച് തിരിച്ച് നാട്ടിലെത്തിയതിനുശേഷം 2010-ൽ മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയോട് ചേർന്നൊരു കെട്ടിടത്തിൽ ദീപ്തി സ്പെഷ്യൽ സ്ക്കുൾ തുടങ്ങി. ഇത്തരം കുട്ടികളുള്ള അടുത്തുള്ള വീടുകളിലെല്ലാം പോയി കുട്ടികളെ സ്ക്കൂളിൽ വിടണമെന്ന് അപേക്ഷിച്ചു. ആദ്യം 16 കുട്ടികളാണ് കടന്നുവന്നത്. പിന്നീട് കുഞ്ഞുങ്ങളുടെ എണ്ണം കൂടി. 2014-ൽ സർക്കാർ അംഗീകാരം ലഭിച്ച ദീപ്തി സ്ക്കൂൾ ഇന്ന് ഓട്ടിസം, സെറിബ്രൽ പാൾസി, ഡൗൺ സിൻഡ്രോം, മാനസിക വെല്ലുവിളികൾ നേരിടുന്ന അനേക കുഞ്ഞുങ്ങളുടെ ആശ്വാസ കേന്ദ്രമാണ്.

ഇപ്പോൾ വിവധമതസ്ഥരായ 152 കുഞ്ഞുങ്ങൾ ഇവിടെ പഠിക്കുന്നു. കൂടാതെ ടീച്ചർമാർ, ആയമാർ, അക്കൗണ്ടന്റ്, തെറാപ്പിസ്റ്റുകൾ, ഡ്രൈവർമാർ, പാചകക്കാർ ഇവരെല്ലാമായി 35 സ്റ്റാഫിനേയും ദൈവം നൽകി. ഇവർക്കെല്ലാവർക്കും ശമ്പളം കൊടുക്കണം. സർക്കാരിൽ നിന്നുള്ള ഗ്രാന്റ് ഒന്നും ഇല്ലാതെ ചില ദൈവമക്കളുടെ സഹായത്താൽ ഓരോ മാസത്തേയും ചിലവുകളൊക്കെ ദൈവം അത്ഭുതകരമായി നടത്തുന്നു. വർഷങ്ങൾക്ക് മുമ്പ് ഡോ.സൂസനോട് നീ അനേക കുഞ്ഞുങ്ങൾക്ക് അമ്മയാകും എന്ന ദൈവീക വാഗ്ദത്തത്തിന്റെ നിവർത്തിയെന്നോണം തങ്ങളുടെ മകനെ ഓർത്ത് കരഞ്ഞ കണ്ണുനീർ അനേക മാതാപിതാക്കളുടെ ചിരിയാക്കി മാറ്റികൊണ്ട് ജ്യോതിഷ് എന്ന വ്യക്തിയേയും ദീപ്തി എന്ന വലിയ കുടുംബത്തേയും ദൈവം അത്ഭുതകരമായി നടത്തുന്നു.



ജ്യോതിഷ്

ദീപ്തിക്കായി സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം പണിയണമെന്നാഗ്രഹിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ഭാവിയിൽ ഒരു സ്ക്കൂളെന്ന നിലയിൽ മാത്രം നിൽക്കാതെ രക്ഷിതാക്കൾക്ക് പിന്തുണയേകുന്ന പ്രോജക്ടുകൾ ചെയ്യുവാനും കർത്താവിൽ ആഗ്രഹിക്കുന്നു.

***ഹലോ ഹോപ്പിനോടൊപ്പം ദീപ്തി സെന്ററിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ ആഗ്രഹിക്കുന്ന എല്ലാ പ്രിയപ്പെട്ടവരും ദയവായി ഞങ്ങളെ കോൺടാക്ട് ചെയ്യുക.***

***ഫോൺ: +973 39336575***
***+973 33552886***

***ഇമെയിൽ :***
***hhgulfnews@gmail.com***










# ICPF gets new Office bearers


**Rajesh Joy**
(President)



**John Paul**
(Vice President)


**Jaison James John**
(Secretary)


**Bibin M Baby**
(Joint Secretary)


**Cijo Koshy**
(Treasurer)


**Sam Mathews**
(Joint Treasurer)


**Stanley Varghese John**
(Committee Member)


**Lijo Thankachan Mathew**
(Committee Member)


**Sabu George**
(Committee Member)


**Chris J Varughese**
(Committee Member)


**Davis John**
(Auditor)

The Annual General Body Meeting of the ***Inter Collegiate Prayer Fellowship (ICPF)*** that was held at the Sharon Fellowship Church, Seqqaya on the 6th May 2017 elected new representatives for the year 2017'18. Whilst the majority of the members remain unchanged, the few new comers who joined will work hand in hand with the rest of the team to impact the lives of the next generation (which is the motto of ICPF ministry).

ICPF, a Christian movement launched in 1980 in Kerala with the aim to liberate the students from the evil influences of drugs, porn and other addictions and lead them to Christ, has now over 90 full time staff workers laboring in different states of India. God has opened up new avenues and now, the ministry has spread to 18 nations, including Srilanka, Nepal, Myanmar and Cambodia.

The ten member churches of ICPF in Bahrain are: Assemblies of God Church, Sharon Fellowship Church, IPC Bahrain Church, IPC Immanuel Church, IPC Bethesda Church, IPC Hebron Church, IPC Shalom Church, The Full Gospel Church of Suvartha, The Full Gospel Church of Philadelphia and Church of God (A'Ali).

President Br. Rajesh Joy informed that ICPF is commencing fortnightly Teens Meeting on Thursday evenings (Time: 04:00 pm-05:30 pm) at Seqqaya area starting from 25th May. ICPF Teens Meeting includes lively Praise & Worship sessions, Group Discussions, Counselling sessions, Presentations and solid teaching from the Word of God aimed at the overall development of the youths.

## *Annual 3 days Teens Camp*

Br. Rajesh stated that the annual 3 days Teens Camp will be held from Sept 2-4 in Bahrain.

# നിന്നതല്ല...ദൈവം നിറുത്തിയതാണ്...

*(.....1-ാം പേജിൽ നിന്നും തുടർച്ച)*

കർത്താവ് അത്ഭുതകരമായി മരണത്തിൽ നിന്ന് രക്ഷപ്പെടുത്തി. കരയിലെത്തി തിരികെ വരുമ്പോൾ ഒരു വയോധികനായ മനുഷ്യൻ ചില സുവിശേഷപ്രതികൾ നൽകി. മനസില്ലാ മനസോടെ അതുവാങ്ങി.

ക്ഷീണിതനായിരുന്നതിനാൽ ഭവനത്തിൽ വിശ്രമിച്ചനന്തരം ലഭിച്ച സുവിശേഷപ്രതികൾ വായിച്ചു. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകയില്ലെന്നും അവന് നിത്യജീവൻ ലഭിക്കുമെന്നും കർത്താവായ യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന സൗജന്യ രക്ഷ, നിത്യജീവൻ, സമാധാനം തുടങ്ങിയുള്ള കാര്യങ്ങൾ അതിൽ നിന്നും മനസിലാക്കുവാൻ സാധിച്ചു.

മുമ്പ് കേട്ടറിവിലൂടെ ലഭിച്ച യേശുക്രിസ്തു എന്ന ഏകസത്യദൈവത്തെ അടുത്തറിഞ്ഞ നിമിഷങ്ങളായിരുന്നു അത്. സത്യദൈവത്തെ ഉൾകൊള്ളാനായി തുടിച്ച ഹൃദയത്തിനകത്ത് കർത്താവ് വന്ന് നിറഞ്ഞ അനുഭവം. പൂർണ്ണമായി മറ്റൊരു ജീവിതത്തിലേക്ക് പ്രവേശിച്ചു. തുടർന്ന് ബൈബിൾ വായിക്കുവാനും വിവിധ സഭകളിലെ ആരധനകളിൽ പങ്കെടുക്കുവാനും അവസരമൊരുങ്ങിയപ്പോൾ അകത്ത് ലഭിച്ച ചെറുവെളിച്ചം വലിയ വെളിച്ചമായി രൂപാന്തരപ്പെടുകയായിരുന്നു.


1978-ൽ ജോലിയോടുള്ള ബന്ധത്തിൽ ബോംബെയിലേക്ക് പോയി. അവിടെവെച്ച് കർത്താവിനെ ജലത്തിൽ സാക്ഷിപ്പാൻ ഇടയായി. 1980 കളിൽ മധ്യപ്രദേശിലായിരുന്നപ്പോൾ മലേറിയ പോലൊരു രോഗം ബാധിച്ചു. അസുഖം പിടിപെട്ട് ആറാം ദിവസത്തിൽ അവശനായി മുറിയിൽ വിശ്രമിക്കുന്ന നേരം മുറിക്കുള്ളിൽ 'നീ എനിക്കായ് ജീവിക്കണമെന്ന്' ദൈവശബ്ദം കേട്ടു.

1983-ൽ ബഹറിനിൽ വന്നു. ബോംബെയിൽ നിന്ന് വിമാനം കയറുമ്പോൾ തന്നെ കർത്താവിന്റെ വേലക്കായി സമർപ്പിക്കുന്നു എന്ന് ദൈവത്തോട് ഉടമ്പടി ചെയ്തു. ആദ്യകാലങ്ങളിൽ തമിഴ് കോൺഗ്രിഗേഷനിലാണ് ശുശ്രൂഷകളിൽ പങ്കെടുത്തത്. 1986-ൽ വിവാഹിതനായി. 1988 മുതൽ പാസ്റ്റർ ടി.ടി.ജോസഫ്, പാസ്റ്റർ ടി.ടി. തോമസ് എന്നീ അനുഗ്രഹീത കർത്തൃദാസന്മാരോടൊപ്പം ഐ.പി.സി ബഹറിന്റെ ഒരു ഭാഗമായി മാറുവാനിടയായി. തുടർന്ന് തമിഴ് സഭയുടേയും മെയിൻ സഭയുടേയും വിവിധ നിലകളിലുള്ള ശുശ്രൂഷകളിൽ പങ്കെടുക്കുവാനും നേതൃത്വം കൊടുക്കുവാനും അവസരം ലഭിച്ചു. ഭാര്യ ജയ, മക്കൾ ജമീമ, ജോയൽ, ജെസ്സി എന്നിവരും ഒരുമിച്ച് നിന്ന് കുടുംബമായി കർത്താവിനുവേണ്ടി പ്രയോജനപ്പെട്ടു.


*പാസ്റ്റർ ടി. തങ്കരാജും കുടുംബവും*

കഴിഞ്ഞ 34 വർഷം ഐ.പി.സി ബഹറിനുമായി ചേർന്ന് കർത്താവിന്റെ മഹത്വമുള്ള ശൂശ്രൂഷയും അമീറി ഗ്രൂപ്പ് ഓഫ് കമ്പനീസിൽ ജോലിയോടുള്ള ബന്ധത്തിലും ആയിരിപ്പാൻ പ്രിയ ദൈവദാസൻ ടി.തങ്കരാജിന് ദൈവം കൃപ നൽകി. തികഞ്ഞ സന്തോഷവാനായി 2017 ജൂൺ മാസം 10-ാം തീയതി ബഹറിനിൽ നിന്ന് നാട്ടിലേക്ക് മടങ്ങി വീണ്ടും കർത്തൃവേലയിൽ ആയിരിപ്പാൻ ആഗ്രഹിക്കുന്ന ഈ അനുഗ്രഹീത കുടുംബത്തെ പ്രാർത്ഥനയിൽ ഓർക്കാം. ആത്മാവോടും ശക്തിയോടും ബഹുനിശ്ചയത്തോടും ദൈവവചനം പ്രസംഗിച്ച് അനേകരെ ദൈവരാജ്യത്തിലേക്ക് ആനയിപ്പാൻ ഇടവരട്ടെയെന്ന് ആശംസിക്കുന്നു.

# അത്ഭുതങ്ങളിലെ അത്ഭുതം



ജിജോ അങ്കമാലി

അങ്ങകലെ ആകാശപ്പരപ്പിലൊരു ബിന്ദു. കറുത്ത ബിന്ദു. ആ കറുത്ത ബിന്ദു അടുത്തടുത്തു വന്നു; അതൊരു കാക്കയായിരുന്നു. അപ്പം അപ്പം ചുണ്ടിലിണക്കി, ഇറച്ചി തൂക്കി പിടിച്ചെത്തിയ കാക്ക പ്രവാചകന് സദ്യയൊരുക്കി! അത്ഭുതം. ഒരു കൊച്ചു വീട്ടിലൊരു കൊച്ചു കലം. കലത്തിലൊരു പിടി മാവ്. വിധവയായ വീട്ടുകാരി എത്ര വാരിയിട്ടും മാവ് തീരുന്നില്ല. അളവിന് മാറ്റവുമില്ല. അത്ഭുതം! അതേ പോലെ മറ്റൊരു വീട്. വീട്ടുകാരന്റെ ശവം മറവു ചെയ്തിട്ടധികനാളുകളായിട്ടില്ല. കണ്ണീർ മുത്ത് തൂകുന്ന മാതാവ് മുറികകത്ത്. കടക്കാർ മുറിക്ക് പുറത്ത്. ഭരണിയിലെ എണ്ണ കടം വാങ്ങിയ പാത്രങ്ങളിലേക്കൊഴിച്ചിട്ടും ഒഴിച്ചിട്ടും തീരുന്നില്ല! മറ്റൊരത്ഭുതം. ഇങ്ങനെ എണ്ണി എണ്ണിപറഞ്ഞാൽ എണ്ണം തീരാത്ത എത്രയെത്ര അത്ഭുതങ്ങൾ!

ഈ വിധ അത്ഭുതങ്ങൾ ആവർത്തിച്ച് വായിച്ചറിഞ്ഞ നമുക്കൊരപകടം പിണഞ്ഞിട്ടില്ലേ എന്നൊരു സംശയം. ഈ വക അത്ഭുതങ്ങൾ നമ്മുടെ ജീവിതത്തിലെ സാധാരണ പ്രമാണമാക്കി മാറ്റാൻ ശ്രമിക്കുന്നു എന്നതാണ് അപകടം. പ്രത്യേക അവസരങ്ങളിൽ കാര്യനിർവ്വഹണത്തിനായ് മാനുഷിക ബുദ്ധിക്ക് മനസ്സിലാക്കി എടുക്കാൻ കഴിയാത്ത വിധത്തിൽ ദൈവം പ്രത്യേകമായ് പ്രവർത്തിക്കുന്നവയാണ് അത്ഭുതങ്ങൾ. എന്നാൽ ആ അത്ഭുതങ്ങൾ അതേവിധം നമ്മിൽ ആവർത്തിക്കപ്പെടണമെന്ന് നാം ചിന്തിക്കുന്നു, ആഗ്രഹിക്കുന്നു. എന്നാൽ ചോദിക്കട്ടെ അത്ഭുതങ്ങൾ ആവർത്തിക്കപ്പെട്ട് സാധാരണ സംഭവങ്ങളായിതീർന്നാൽ പീന്നീടവ അത്ഭുതങ്ങളാകുന്നതെങ്ങനെ ?. ആകയാൽ അത്ഭുതങ്ങളുടെ ആവർത്തനത്തിൽ വിശ്വസിക്കാനഭ്യസിക്കാതെ അത്ഭുതങ്ങളുടെ ദൈവത്തിൽ വിശ്വസിക്കാനഭ്യസിക്ക.

> **“അത്ഭുതങ്ങൾ ആവർത്തിക്കപ്പെട്ട് സാധാരണ സംഭവങ്ങളായിതീർന്നാൽ പീന്നീടവ അത്ഭുതങ്ങളാകുന്നതെങ്ങനെ? അത്ഭുതങ്ങളുടെ ആവർത്തനത്തിൽ വിശ്വസിക്കാനഭ്യസിക്കാതെ അത്ഭുതങ്ങളുടെ ദൈവത്തിൽ വിശ്വസിക്കാനഭ്യസിക്ക”**

ദൈവത്തിന്റെ പ്രവർത്തന വിധങ്ങൾ എന്നും വ്യത്യസ്തങ്ങളായിരിക്കും. യോർദ്ദോൻ വിഭാഗിച്ചതുപോലെയല്ല ചെങ്കടൽ പിളർന്നത്. യോർദ്ദാനും ചെങ്കടലും പിളർന്നെങ്കിൽ ഗലീലക്കടൽ പിളർക്കാതെ മീതെ നടക്കുകയായിരുന്നു കർത്താവ്. എല്ലാം വ്യത്യസ്തം. യെരീഹോ മതിൽ വീണു എന്ന് പറഞ്ഞ് കാഹളമൂതാൻ തുടങ്ങിയാൽ ഊതിക്കൊണ്ടിരിക്കുകയേ ഉള്ളൂ. ഇരുമ്പ് പൊങ്ങി വരുമെന്നും പറഞ്ഞ് കോൽ വെട്ടി വെള്ളത്തിലേക്കെറിഞ്ഞു കൊണ്ടിരുന്നാൽ....എലീശ മൃതശരീരത്തിന്മേൽ കിടന്നപ്പോൾ ജീവൻ വന്നു എന്നു പറഞ്ഞ് മൃതശരീരത്തിന്മേൽ കയറി കിടന്നാൽ.... ദാനിയേലിന് സിംഹം തലയണയായി എന്നറിഞ്ഞ് ഗുഹയിലേക്ക് ചെന്നാൽ.... മേശക്കിന്റെ മീശ പോലും കരിഞ്ഞില്ലെന്ന് പറഞ്ഞ് തീയിലേക്ക് ചാടിയാൽ.... യോനയെ കരയിലെത്തിക്കാൻ മത്സ്യമുണ്ടായിരുന്നെന്ന് പറഞ്ഞ് ആഴകടലിലേക്ക് ചാടിയാൽ....പറയണോ അന്ത്യമെന്താകുമെന്ന്....!

ഇവയൊന്നും ഇന്നും സംഭവിക്കുകയില്ല എന്ന് പറയാനല്ല ഞാനൊരുമ്പെടുന്നത് പിന്നയോ, ദൈവം പ്രത്യേക അവസരങ്ങളിൽ ചെയ്ത കാര്യങ്ങൾ അതേ രീതിയിൽ ആവർത്തിക്കപ്പെട്ട് നമ്മുടെ ജീവിതത്തിലെ ആപ്തവാക്യവും പ്രശ്നപരിഹാര പ്രമാണങ്ങളുമാകുമെന്ന് ചിന്തിക്കാൻ ശ്രമിക്കരുതെന്ന് പറയാനാണ്.

ഭൂതകാലം മാത്രമറിയുന്ന നാം കഴിഞ്ഞകാല സംഭവങ്ങളിൽ ഏതെങ്കിലുമൊന്ന് ആവർത്തിക്കണമെന്ന് ആഗ്രഹിച്ചു പോകുന്നു. എന്നാൽ കഴിഞ്ഞ കാലങ്ങളേക്കാൾ അത്യത്ഭുതകരമായ വിധത്തിലാകാം ദൈവം ഇനി പ്രവർത്തിക്കുക. ആരറിവൂ? ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്യാൻ പോകുന്ന കൃപയുടെ അത്ഭുത പ്രവർത്തികൾ മറ്റാരുടേയും ജീവിതത്തിൽ പരീക്ഷിച്ച് നോക്കിയിട്ടുള്ളവയാകണമെന്ന് നിർബന്ധമില്ലെന്ന് നാം അറിഞ്ഞിരിക്കണം. വിശ്വാസലോകം ഇനിയും കണ്ടറിഞ്ഞിട്ടില്ലാത്ത എത്രയോ കോടി അത്ഭുതങ്ങളാണ് ദൈവീക ഭണ്ഡാരത്തിൽ നമുക്കായ് സൂക്ഷിച്ചു വച്ചിരിക്കുന്നത് എന്നറിയോ ?. ആകയാൽ കഴിഞ്ഞകാല അത്ഭുതങ്ങളൊന്നും തന്നെ നമ്മുടെ ജീവിത പ്രമാണമാക്കി വയ്ക്കാനുള്ളവയല്ല, പ്രസ്തുത ദൈവത്തേയും അവന്റെ അത്ഭുത ശക്തിയേയും അടുത്തറിയുന്നതിനുപകരിക്കുന്ന സൂക്ഷ്മദർശിനികളാണ് അവയെല്ലാം. അത്ഭുതങ്ങൾ ആവർത്തിക്കപ്പെടുന്നില്ല എന്നതാണ് അത്ഭുതങ്ങളിലെ അത്ഭുതം.

ഒരു കരിമ്പിൻ കഷണം അഞ്ചു തവണ ചവയ്ക്കുന്നതിനേക്കാൾ അഞ്ച് കരിമ്പിൻ കഷണം ഓരോ തവണ ചവയ്ക്കുന്നതാണ് നല്ലത്.

# Is Sunday School Important?



Sam Saji
Secretary, IPC BETHEL Sunday School

Sunday school is important in the spiritual development of Christians because it provides a forum for learning. This forum is comprised of students and teachers. Sunday school encourages spiritual interaction between the students and the teachers, as well as providing a comprehensive way of learning as a group. Ephesians 4:11, includes teachers within the five-fold ministry of the church. “And he gave some, apostles; and some, prophets; and some, evangelists; and some, pastors and teachers”. Sunday School/Christian Education is a vital part of the anointing of this office and God's plan for the church. While the pastor is called to preach the Word unto Salvation, the teacher is called to bring further understanding of God's Word.

Sunday School sets the stage for better understanding. It is a comprehensive way of learning from one another and to receive encouragement to live by God's Word. Sunday School literature is usually designed to meet the needs of each specific age group, including singles, college/career and novice Christians. The curriculum completes the link between the teacher, the commentary writer and students. Curriculum may be formatted to meet specific topics or themes, relative to Christian faith. Sunday School attendance also provides an effective opportunity for Christian growth.





Study materials can assist students and teachers in gaining revelation and understanding of the scripture text.

Sunday School is important because it provides additional opportunities in the fellowship for learning. Visitors, new attendees and other church members can get to know one another better in this setting. People in the community are looking for a real church with real people who care about them. Sunday School provides a great opportunity of developing friendships and trust, which tends to make attendees more committed to the church and its vision.

In conclusion, local pastors rely on the Christian Education Department to “fill the gap” to build strong support groups to effectively reach the community. Each class member has an opportunity to ask questions or express their viewpoints. The teachers have the opportunity to teach the word and explain the direction and vision of the church. Each class is an extension of the church as a whole and is committed to developing a strong body through spiritual growth. It is no surprise that most church problems are usually caused by those who are not connected to Sunday School or any other educational programs in the church.

# നാം വിലയ്ക്കു വാങ്ങപ്പെട്ടവർ

പ്രിയമുള്ളവരെ വിലയില്ലാതിരുന്ന നമ്മെ കർത്താവ് വിലകൊടുത്തു വാങ്ങി. 'ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു' (റോമ.5:8).



റ്റിജി സിജു
പി.എം.ജി. ചർച്ച്, ബഹറിൻ

ഒരു കഥ ഞാൻ ഓർക്കുന്നു, ഒരു ബാലൻ ഒരു നദിയുടെ തീരത്തുകൂടി നടന്നു പോയി. യാദൃച്ഛികമായി അവൻ ഒരു വള്ളം കാണുവാൻ ഇടയായി. അവന്റെ മനസിൽ ഒരു ആഗ്രഹം അവന് ആ വള്ളം വേണം. ഒരു ദിവസം അവനൊരു കളിവള്ളം ഉണ്ടാക്കി നദിയുടെ തീരത്തുകൂടി കളിച്ചുകൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ തന്റെ വള്ളം നിയന്ത്രിച്ച നൂൽ പൊട്ടി ആ വള്ളം എന്നെന്നേക്കുമായി അവന് നഷ്ടപ്പെട്ടു. വളരെ ഭാരത്തോടെ അവൻ വീട്ടിൽ പോയി. അടുത്ത ദിവസം അവൻ സ്ക്കൂളിൽ പോയപ്പോൾ താൻ ഉണ്ടാക്കിയതുപോല ഒരു വള്ളം കടയിൽ ഇരിക്കുന്നതു കണ്ട് അവൻ ഓടിച്ചെന്ന് അത് എടുത്തു. കടയുടമ അവനോട് ചൂടായി. ഇതു കണ്ട് പ്രായമായ ഒരു പിതാവ് കടയുടമ പറഞ്ഞ വില കൊടുത്ത് ആ വള്ളം വാങ്ങി അവന് കൊടുത്തു.

പ്രിയമുള്ളവരെ, 2000 വർഷങ്ങൾക്ക് മുമ്പ് കർത്താവ് തന്റെ ക്രൂശുമരണത്തിലൂടെ നമ്മെ വിലക്കുവാങ്ങി. പാപത്തിന്റെ ആഴത്തിൽ ഇറങ്ങി പോയ മനുഷ്യനെ പറുദീസയിലേക്കുയർത്തുവാൻ പ്രിയൻ നൽകിയത് ലോകത്തിൽ വച്ച് ഏറ്റവും വലിയ വിലയായ തന്റെ സ്വന്ത രക്തമത്രേ. ശരീരത്തിലെ തന്റെ ജീവൻ നൽകിയാണ് യേശു നമ്മെ ഓരോരുത്തരേയും വിലക്കു വാങ്ങിയത്. എന്നാൽ നാം ഈ ലോകത്തിൽ ജീവിക്കുമ്പോൾ ലോകത്തിന്റെ മോഹങ്ങൾ നമ്മെ പലതിലേക്കും ആകർഷിച്ചേക്കാം. എന്നാൽ അപ്പോഴെല്ലാം നാം ഓർക്കുക ' നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു' (1 പത്രോ.2:9).

ആകയാൽ ഈ ലോകത്തിന്റെ ദാഹങ്ങളെ മാറ്റിവച്ചുകൊണ്ട് നമുക്കായി വില നൽകിയ കർത്താവിന്റെ നല്ല സാക്ഷിയായി തീരാം. യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു ' നിങ്ങൾക്ക് ശക്തി ലഭിച്ചിട്ട് ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും' എന്ന് (അപ്പൊ.പ്രവ.1:8).

നമുക്കായി വിലകൊടുത്ത യേശുവിനായി നമുക്ക് ജീവിക്കാം. ആകയാൽ ദാനിയേലിനെപ്പോലെ എന്ത് വില കൊടുത്തും പ്രമാണത്തിനായി, ഇയ്യോബിനെപ്പോലെ ദൈവത്തെ തള്ളിപറയാതെയും, പൗലോസിനെപ്പോലെ എന്ത് വിലകൊടുത്തും വിശ്വാസ ഓട്ടം നമുക്ക് സ്ഥിരതയോടെ ഓടാം. അതിനായി നമ്മെ ദൈവം സഹായിക്കുമാറാകട്ടെ.




19th Wedding Anniversary
Biju Varghese & Kunjumol Biju
*With Loving Compliments:* Joshua Biju


# Walking in obedience and in love



**Merin Varghese Bose**
Palmerston North
New Zealand

2 John 1:6 says, "And this is love: that we walk in obedience to his commands. As you have heard from the beginning, his command is that you walk in love."

Doing what God wants you to do is obedience to God. He has asked us to live a life of love. John explains the demonstration of love like this, "Jesus Christ laid down his life for us." [1 John 3:16]. Notice how John defines love as something God did first, and this is because "God is love". I believe it is impossible for us to do what is of God. But, God can do it 'through' us, "for love comes from God. Everyone who loves has been born of God and knows God" [1 John 4:7]. We may be able to love a little, but perfect Godly love has to come from Him alone. 1 John 4:17 says "we know and rely on the love God has for us.God is love. Whoever lives in love lives in God, and God in them. This is how love is made complete among us…". Notice the word complete? In another translation it says "made perfect".




Jesus came to give us a new life, "that we might live through him" [1 John 4:9]. When we find it difficult to obey God, it is because we are trying to carry out God's commands using strength from human life. What kind of life did Stephen have when he asked God to forgive the people who were stoning him? When it seems impossible for us to love, our part, I believe is to let God love others 'through us'. Let us remember that God is love, therefore God is glorified. When a person is hard to love, let us allow God to love that person through us, because this transforms us, them and others around. And when we notice that our thoughts and actions reflect God's love, remember, that this is God working in us and through us. Let us remember that God has chosen to reveal his love to this world through me and you- "In this world we are like Jesus." [1 John 4:17]

1 John 5:3 says that, "his commands are not burdensome". Can you imagine a young child carrying a heavy load? But when he is mature and able, he will be able to carry it easily and it won't feel like a load at all. As God's children, He loves to help us do his will through his precious Holy Spirit so that we don't become burdened. Jesus said, "Take my yoke upon you and learn from me….my yoke is easy and my burden is light." [Matthew 11:29-30]. Every time we begin to experience stress or feel burdened, we can remind ourselves to receive the burden of Christ, which is light. When we struggle to truly love people, let God love them through you. This, I believe, like Jesus and Stephen, was why Paul was able to rejoice in times of severe suffering [Philippians 4:4]. Jesus promised us that after his accomplishment on the cross, "no one will take away your joy" [John 16:22].

Remember, God perfectly and completely showed his love on the cross for all the people while we were imperfect and disobedient. We have been given the privilege to realise this precious act of love. God wants to continue revealing his love through us always and his precious holy spirit helps us- always. "By this everyone will know that you are my disciples, if you love one another." [John 13:35].

# പൂർണ്ണതയിലെ ദൈവീക വിടുതൽ



ടോമി ചൂരനോലി
ബഥേൽ ചർച്ച്, ബഹറിൻ

'ഞങ്ങൾ സേവിക്കുന്ന ദൈവത്തിന് ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കൈയ്യിൽ നിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ

പതിവായി ഉള്ള ചൂടിൽനിന്നും ഏഴ് ഇരട്ടി തീച്ചൂളയുടെ ചൂട് വർദ്ധിപ്പിച്ചു. തീച്ചൂളയിൽ എറിയപ്പെടുന്നതിനു തൊട്ടുമുമ്പുള്ള നിമിഷത്തിലെ അവരുടെ മറുപടി 'ഞങ്ങളെ വിടുവിച്ചാലും ഇല്ലെങ്കിലും'.

ണ് ചെയ്തത്. 49 മുഴം അഥവാ 102 അടി ഉയരത്തിൽ ആളികത്തതക്ക രീതിയിൽ തീച്ചൂളയുടെ നാളം കൂട്ടുവാൻ പൈനെണ്ണ, ചണനാര്, ടാറ്, വിറകുകഷ്ണങ്ങൾ എന്നിവ അവർ തീച്ചൂളയിലേക്ക് ഇട്ടുകൊണ്ടിരുന്നു.



ബാബിലോണിയരുടെ വസ്ത്രം പാദംവരെ നീണ്ടുകിടക്കുന്ന ലിനൻ കൊണ്ടുള്ള ഉടുപ്പും അതിനു മീതെ നീളം കുറഞ്ഞ ഒരു മേലങ്കിയും അതിനുമീതെ കമ്പളിഉടുപ്പും ഉൾപ്പെടുന്നതായിരുന്നു എന്ന് പണ്ഡിതർ അഭിപ്രായപ്പെടുന്നു.

ഒരു പരിഭാഷയിൽ ഇപ്രകാരം കാണുന്നു അവരുടെ അങ്കി, തലപ്പാവ്, പുറമെയുള്ള കമ്പളി ഉടുപ്പ്, ശണംകൊുള്ള ഉൾവസ്ത്രം ഇവയെല്ലാം പെട്ടെന്ന് തീ പിടിക്കുന്നതായിരുന്നു. എന്നാൽ അവർ പുറത്തുവന്നപ്പോൾ അവർക്ക് തീയുടെ മണംപോലും തട്ടിയിട്ടില്ലായിരുന്നു.

രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല. രാജാവ് നിറുത്തിയ സ്വർണ്ണ ബിംബത്തെ നമസ്കരിക്കുകയില്ല എന്നറിഞ്ഞാലും എന്ന് ഉത്തരം പറഞ്ഞു' (ദാനി.3:17,18).

രാജാവ് ഉണ്ടാക്കിയ ബിംബത്തെ നമസ്കരിക്കണം എന്നുള്ള രാജകൽപ്പന അവഗണിച്ച യഹൂദാബാലന്മാരുടെ മരണവിധിയെഴുതി ഒരുവസരംകൂടി കൊടുത്തുകൊണ്ട് രാജാവിന്റെ ചോദ്യത്തിനുള്ള ബാലന്മാരുടെ ഉത്തരം കേട്ട് സ്തബ്ദനായി നിന്നുപോയി നെബൂഖദുനേസർ.

യഹൂദാബാലന്മാരുടെ അലർച്ചയും മുറവിളിയും അവരുടെ ശരീരം കത്തിക്കരിയുന്ന മണവും ആഗ്രഹിച്ചു ചൂളയുടെ വാതിൽക്കൽ വന്ന രാജാവ് കണ്ട കാഴ്ച അത്ഭുതത്തിന്റേതായിരുന്നു. അവരുടെ കെട്ടുകൾ അഴിഞ്ഞ് നാലാമതായി വന്ന ഒരുവൻ കൂടി അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു.

ചൂള സാധാരണയിലും 7 മടങ്ങ് ചൂട് വർദ്ധിപ്പിക്കുവാൻ ക്രുദ്ധനായ രാജാവ് കൽപ്പന പുറപ്പെടുവിക്കുമ്പോഴും അവർ അധികമായി ദൈവത്തെ മഹത്വീകരിക്കുക മാത്രമാ

'അവന്റെ വസ്ത്രം മാത്രം ഒന്നു തൊട്ടാൽ എനിക്കു സൗഖ്യം വരും എന്നു ഉള്ളംകൊണ്ടു പറഞ്ഞു, പിറകിൽ വന്നു അവന്റെ വസ്ത്രത്തിന്റെ തൊങ്ങൽ തൊട്ടു. യേശു തിരിഞ്ഞു അവളെ കണ്ടപ്പോൾ: 'മകളെ, ധൈര്യപ്പെടുക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു' എന്നു പറഞ്ഞു; ആ നാഴികമുതൽ സ്ത്രീക്ക് സൗഖ്യം വന്നു' (മത്താ.9:21,21).


അവൾ വികാരാധീനയായതിൽ അതിശയോക്തിയില്ല. കാരണം 12 വർഷങ്ങളായി ഒരു രോഗ സൗഖ്യത്തിനുവേണ്ടി ഉണ്ടായിരുന്ന മുതൽ മുഴുവനും അതിലുപരിയും വൈദ്യന്മാർക്ക് നൽകി. ഇനിയൊരു സൗഖ്യം ഉണ്ടാകയില്ല എന്നു മനസ്സിന്റെ വിങ്ങലിൽ രക്തസ്രവം നിറുത്തുവാൻ വൈദ്യശാസ്ത്രം പരാജയം സമ്മതിച്ചപ്പോൾ അവളുടെ ആ പൂർണ്ണതിയിലെ വിശ്വാസം. ' അവന്റെ വസ്ത്രം മാത്രം തൊട്ടാൽ സൗഖ്യം വരും' അവിടെയാണ് ഒരു ദൈവീക വിടുതൽ കാണാൻ കഴിയുക.

ദേഹത്തിന് തീ പിടിക്കാതേയും തലമുടി കരിയാതിരിക്കുകയും, വസ്ത്രങ്ങൾക്ക് കേടുപാട് സംഭവിക്കാതിരിക്കുകയും, തീയുടെ മണംപോലും തട്ടാതെ ഇരിക്കുക, നെബൂഖദുനേസറിന്റെ മാനസാന്തരത്തിനുപോലും വഴിതുറന്ന ഈ അത്ഭുതവിടുതലിന്റെ പിന്നിൽ ഒരു വിശ്വാസത്തിന്റെ പൂർണ്ണത നിഴലിട്ടു നിന്നു. എല്ലാവരാലും തഴയപ്പെട്ട, ഒരു പ്രത്യാശയും ഇല്ലാതെ ജീവിതം വഴിമുട്ടാറായ ആ സ്ത്രീയുടെ രോഗ സൗഖ്യത്തിനു പിന്നിൽ ഒരു വിശ്വാസത്തിന്റെ പൂർണ്ണത നിഴലിട്ടു നിന്നു.

എന്റേയും നിങ്ങളുടേയും ഉത്തരം കണ്ടെത്തുവാൻ കഴിയാത്ത അവസ്ഥകൾ വരുമ്പോൾ ഒരു പൂർണ്ണതയുടെ വിശ്വാസം നമുക്ക് ഉണ്ടാകട്ടെ. അത്ഭുതവിടുതൽ കൺകളിൽ കാണുവാൻ കഴിയും !.



# COMMANDED TO BE COURAGEOUS?



May Manoj

When we face people who challenge us regularly, trying to make us miserable and fearful of our future, how do we choose to react? As Christians, what do we choose when in crisis, loss, failure or when faced with persecution and trials? What has God commanded to us, in His word, when we face situations or people that seem challenging to us?

As we go through, Joshua: 1:9, the Lord gives a command to Joshua:' Have I not commanded you? Be strong and courageous. Do not be afraid, do not be discouraged, for the Lord your God will be with you wherever you go.' We see here, it's a command given by God. Nowhere in the Bible has God commanded his people not to be courageous. Do we, His people obey His command,to be courageous?

Staying courageous was a deliberate choice that Joshua had to make, trusting in God's words. As His people, His church we need to make a conscious decision, to be strong and courageous. God word says that the righteous are as bold as a lion!When we face fearful situations in our lives, we need to take a step of faith, a deliberate choice to trust God and stay courageous, no matter what comes.

I had learned the example of exceptional courage from my daddy, who went to be with the Lord, recently. He stayed strong as a pillar in many fearful situations of life. I had heard many sermons on faith and courage, but I had never met or seen a man as courageous as daddy. His favourite quote from the Bible, which he used for encouraging us was fromDaniel: 6:10. 'Now when Daniel learned that the decree had been published,he went home to his upstairs room, where the windows, opened toward Jerusalem. Three times a day, he got down on his knees and prayed, giving thanks to His God, just as he had done before.'

Daddy constantly reminded us this verse whenever we were fearful and unable to pray. Throughout his life, he had to face many giants. Some of these. tried to intimidate and manipulate him with their challenging words about how influential they were and what they were capable of doing. Sometimes, we used to shiver in fear, but he stayed courageous, as bold as a lion, a pillar of strength.I heard him say calmly to those giants " Do what you can. Don't think you can scare me. No matter how influential you are or what you're capable of, you are not greater than my God. You can't touch me. I'm God child." He quickly admonished us , that as God's children, we are commanded to be courageous and we don't have a choice to be fearful in any situation.He would then speak to God in his knees,hold our hands and pray together with us. He used to always say : 'If God be for us, who can be against us'. Hearing his words, understanding his amazing strength, determination and exceptional courage, the Goliaths would back of overnight. Yes, God always stood for him and fought for him. He was more than a conquerer, a man of God who demonstrated exemplary courage!

Let's think about what little David said to the huge giant, Goliath: 'You come against me with sword, spear and javelin, but I come against you in the Name of the Lord Almighty.' An amazing example of extraordinary courage. Throughout the Bible and in the history of the church, we read about many saints, who demonstrated exceptional courage.Are we like those courageous men and women of God, or are we like prophet Elijah, who pleaded with God to let him die, when he had to face a threat from a pagan queen. God doesn't want the Goliaths and Jezebels who come against us, to triumph over us. As his church, we are commanded to be courageous even in the face of persecution. But today, do we have enough courage to serve Jesus, boldly, inspite of persecution? Or do we tend to backslide from our Christian walk, when we face small trials? Do we stop our prayers when we face a challenging situation? Do we disown our faith, just because someone's words offended us?

What would be our bold decision against the Goliaths in our life? Our giant could be any problem, challenging situation or difficult people we face. Sometimes,in our private lives or our public lives. It could be a neighbour, a relative, a superior,a colleague, a fellow believer, a financial crisis , a loss, a failure, a debt, a marriage problem, a sickness, a family matter or other issues. Can we face our giants courageous today and conquer them in the Name of our Lord, as David did. Let's examine our lives now! Where do we stand today? Are we among the fearful or the courageous? Are we courageous like Joshua, David, Daniel and other saints or we fearful like prophet Elijah? Can we make a deliberate choice to be courageous everyday, as its God's command to us?May the Holy Spirit fill you, His church with courage from above! Let's live with courage today, as Christ's followers!



HH Artist



Praveen Antony

## ദൈവത്തിന് പ്രസാദമുള്ളത്

1. *സദൃശ്യ.11:1* – കള്ളത്തുലാസ്സ് യഹോവയ്ക്ക് വെറുപ്പ്, ഒത്തപടിയോ അവനു പ്രസാദം

2. *സങ്കീ.16:3* – ഭൂമിയിലെ വിശുദ്ധന്മാരോ അവർ എനിക്ക് പ്രസാദമുള്ള ശ്രേഷ്ഠന്മാർ തന്നെ.

3. *സങ്കീ.69:30,31* – സ്തുതിയും സ്തോത്രവും ദൈവത്തിന് പ്രസാദം

4. *സങ്കീ.147:11* – ദൈവത്തെ ഭയപ്പെടുകയും തന്റെ ദയയിൽ പ്രത്യാശ വയ്ക്കുകയും ചെയ്യുന്നവരിൽ യഹോവ പ്രസാദിക്കുന്നു,

5. *സദൃശ്യ.15:8* – നേരുള്ളവരുടെ പ്രാർത്ഥന ദൈവത്തിന് പ്രസാദം.

6. *യിരമ്യാ.9:24* – കർത്താവിൽ പ്രശംസിക്കുന്നവരിൽ ദൈവം പ്രസാദിക്കുന്നു.

7. *മീഖാ.7:18* – ദയയിലല്ലോ ദൈവത്തിന് പ്രസാദം.

8. *മത്തായി 9:13* – യാഗത്തിലല്ല കരുണയിൽ അത്രേ ഞാൻ പ്രസാദിക്കുന്നത്.

9. *യോഹ.6:29* – ദൈവത്തിന് പ്രസാദമുള്ള പ്രവർത്തി അവൻ അയച്ചവനി ൽ നിങ്ങൾ വിശ്വസിക്കുന്നതത്രേ.




പ്രസംഗക്കുറിപ്പുകൾ

പാസ്റ്റർ വിനിൽ സി ജോസഫ്

10. *എബ്രാ.13:16* – നന്മ ചെയ്‌വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്, ഈ വകയാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നത്.

# ദൈവത്തിന്റെ ഏദൻതോട്ടം



പാസ്റ്റർ ജോജി
ജോർജ്ജ് വർഗ്ഗീസ്
പി.എം.ജി ചർച്ച്

വിശുദ്ധവേദപുസ്തകം പഠിക്കുമ്പോൾ എല്ലാ കാലഘട്ടങ്ങളിലും ദൈവം തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി ഒരു ഏദൻതോട്ടം ഉണ്ടാക്കുന്നതായി കാണാം. എന്നാൽ ദൈവ കൽപ്പന ലംഘിക്കുന്നവർ ഈ തോട്ടത്തിന് പുറത്ത് പോകേണ്ടിവരും.

മാനവജാതിയെ സൃഷ്ടിക്കുന്നതിനു മുമ്പ് മാലാഖമാർക്കുവേണ്ടി ദൈവം ഒരു ഏദൻതോട്ടം ഉണ്ടാക്കിയിരുന്നു. മാതൃകാ മുദ്രയും, ജ്ഞാനസമ്പൂർണ്ണതയും സൗന്ദര്യ സമ്പൂർണ്ണനുമായിരുന്ന ലൂസിഫർ ദൈവത്തിന്റെ തോട്ടമായ ഏദനിലായിരുന്നു എന്ന് യെഹസ്ക്കേൽ 28:12,13 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ലൂസിഫറിന്റെ അകൃത്യ ബാഹുല്യം നിമിത്തം ഈ തോട്ടത്തിൽ നിന്ന് ദൈവം പുറത്താക്കി (യെഹ.28:18). മനുഷ്യനെ ദൈവം സൃഷ്ടിച്ച് അവനെ ഏദൻ തോട്ടത്തിലാക്കി (ഉൽ.2:15). എങ്കിലും ദൈവീക കൽപ്പനയെ ധിക്കരിച്ചതുകൊണ്ട് ഏദൻതോട്ടത്തിൽ തുടരാൻ കഴിയാതെ പുറത്താക്കപ്പെട്ടു. തോട്ടത്തിന് പുറത്ത് പോകുമ്പോൾ വെറുതെ പുറത്തേക്ക് പോകുകയല്ല, ശാപഗ്രസ്തനായി പോകേണ്ടി വന്നു (ഉൽ.3:17-19).

അബ്രഹാമിനെ ദൈവം വിളിക്കുമ്പോൾ അവനുവേണ്ടി ഒരു ഏദൻ തോട്ടം (പാലും തേനും ഒഴുകുന്ന ദേശം) അവന് വാഗ്ദത്തം നൽകി. അവൻ ദൈവത്തിൽ വിശ്വസിക്കുകയും മാത്രമല്ല അവൻ ദൈവത്തെ ഭയപ്പെടുന്നുവെന്ന് ദൈവം തന്നെ പരീക്ഷിച്ച് തെളിയച്ചതുകൊണ്ട്, അബ്രഹാമിനെ അനുഗ്രഹിച്ച് അവന്റെ സന്തതികളെ വർദ്ധിപ്പിച്ച് ആ ദേശം അവർക്ക് അവകാശമായി കൊടുത്തു.

എന്നാൽ അവർ പലപ്പോഴും ദൈവത്തോട് മത്സരിച്ചു ദൈവത്തിന്റെ വചനം കേട്ടനുസരിച്ചില്ല. അതുകൊണ്ട് ഈ ഏദൻ തോട്ടത്തിൽ നിന്നും (കനാൻദേശം) പലപ്പോഴും അവർ പുറത്താക്കപ്പെട്ടു. മാത്രമല്ല ആ വിശിഷ്ട ദേശത്തിലെ അനുഭവം നഷ്ടമായി. അബ്രഹാമിന്റെ വാഗ്ദത്തം യിസ്സഹാക്കിനും യിസ്സഹാക്കിന്റെ വാഗ്ദത്തം യാക്കോബിനും യാക്കോബിന്റെ വാഗ്ദത്തം യിസ്രായേലിനുമായി ദൈവം അവരെ അനുഗ്രഹിച്ചു. യിസ്രായേലിനോടുള്ള വാഗ്ദത്തം കർത്താവായ യേശുക്രിസ്തുവും (യെശ.11:1-10, സെഖ.9:9), യേശുക്രിസ്തുവിന്റെ വാഗ്ദത്തം പരിശുദ്ധാത്മാവുമാണ് (അപ്പൊ.പ്രവ.2:33, യോഹ.14:16).





കർത്താവായ യേശുക്രിസ്തു പാപമില്ലാത്തവനായി വന്ന് പാപികളായിരിക്കുന്ന ഏവർക്കും പാപത്തിന് പരിഹാരമായി തന്റെ ജീവനെ നൽകി. ഇത് വിശ്വസിക്കുന്നവർക്ക് വാഗ്ദത്തപ്രകാരം പരിശുദ്ധാത്മാവിനെ നൽകപ്പെടുന്നു. ഈ കാലഘട്ടത്തിൽ ദൈവം ഒരുക്കിയിരിക്കുന്ന ഏദൻ തോട്ടമായ ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, പരിശുദ്ധാത്മാവിൽ സന്തോഷമുള്ള ഒരു സ്ഥലമാണ്(ഇടം). കർത്താവായ യേശുക്രിസ്തുവിനെ യഥാർത്ഥമായി സ്നേഹിക്കുന്നവർക്ക് അനുഭവിച്ചറിയാൻ കഴിയുന്ന ഒരുലോകം. എന്നാൽ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് അകന്നു പോകുന്നവർക്കും അവന്റെ ആലോചനയെ തുച്ഛീകരിക്കുന്നവർക്കും തന്റെ കൽപ്പനകളെ മറന്നുകളയുന്നവർക്കും ഈ തോട്ടത്തിലെ അനുഭവം നഷ്ടമാകും എന്നു മാത്രമല്ല ശാപത്തോടെ പുറത്ത് പോകേണ്ടിവരും. ഒന്ന് ഇരുത്തി ചിന്തിക്കേണ്ട കാലമാണ് ഇത്. 20-ാം നൂറ്റാണ്ടിലുണ്ടായ രണ്ട് ലോകമഹായുദ്ധത്തിൽ മരിച്ചവരുടെ എണ്ണം 1-ാം നൂറ്റാണ്ടു മുതൽ 19-ാം നുറ്റാണ്ടുവരെയുള്ള യുദ്ധങ്ങളിൽ മരിച്ചവരുടെ സംഖ്യയേക്കാൾ കൂടുതലാണെന്ന് ഓർക്കുമ്പോൾ ഭയം ഉണ്ടാകുന്നു. എന്നാൽ അടുത്ത ലോകമഹായുദ്ധത്തിൽ ഭൂമിയിലുള്ള മുക്കാൽ അംശം ജനങ്ങളും മരിച്ചുപോകുമെന്ന് വെളിപ്പാട് പുസ്തകം ഓർമിപ്പിക്കുന്നു. അറിവിന്റെ വൃക്ഷത്തിന്റെ ഫലം കഴിച്ചു മനുഷ്യൻ അറിവ് സമ്പാദിച്ചു, എന്നാൽ അത് തോൽക്കും. കാരണം ബോംബുമായി അറിവ് കൂടുതലുള്ള തലമുറ അധികം ആൾക്കാരെ കൊന്നു കളയുന്നു. എന്നാൽ അതിനിടയിൽ ഇതാ ദൈവം ഒരുക്കിയ ഏദൻതോട്ടം.

ഇപ്പോഴുള്ള ഭൂമിയും ആകാശവും മാറിപോകുമ്പോഴും ആദാമിന് നഷ്ടപ്പെട്ട ജീവവൃക്ഷം ഉള്ള (വെളി.22:2) ഒരു പുതിയ ആകാശവും പുതിയ ഭൂമിയുമുള്ള (വെളി.21:1) ദൈവത്തിന്റെ ഏദൻതോട്ടം. എന്നാൽ ഇപ്പോഴുള്ള തോട്ടത്തിൽ അംഗമായിരിക്കുന്നവർക്കേ ആ പുതിയ തോട്ടത്തിലേക്ക് പ്രവേശനം ഉള്ളൂ. ബാക്കിയുള്ളവർക്ക് ശാപഗ്രസ്ഥമായ ഒരു സ്ഥലം ഒരുക്കിയിരിക്കുന്നു, തോട്ടത്തിന് പുറത്ത്.



# LIVING A LIFE PLEASING TO GOD

HH Sisters' Outlook



Julie Mathew
(Dubai)

*Mathew 7:14*
*'Small is the gate and narrow the way that leads to life and only a few find it.*

There is only one gate that leads to life and that is Jesus. But after this gate there is a narrow wayin which we are to walk! Many people profess to be saved, that is, by having entered through the narrow gate which is Jesus. But their lives clearly show that they are still walking in the broad way. Theirlives are so tuned in to the world with its passions and its desires.As it says in 1 John 2:17,'The world and its desires pass away': this is indeed the way that leads to destruction. How is it thenpossible that we can enter through the small gate and then walk in the broadway? Jesus' words clearly show us that those who enter through the small gate have only the narrow way to walk in!

So, how do we know that we are saved?
The only way for a person to be saved is to pass through the small gate, which is Jesus. As Jesus said, 'I am the gate; whoever enters through me will be saved.' (John 10:9)We are saved when we repent of our sins and turn to God by putting our complete faith in Jesus Christ and His righteousness. The evidence that we have truly passed through the small gate is that we now walk in the narrow way! There should be transformation in our life and we should live in a way that aims to please God. It should be evident to others that we actively seek to obey the commandments of Jesus and do His will. And when we stray from the path, God is gracious to discipline us and brings us back.

Here are some questions to ask ourselves to check if we are truly saved and walking in the narrow way and not the broad way (which leads to destruction).

1. ***Are our desires, passions, dreams, conversations and lifestyle in line with God's will?***
2. ***Is Christ seenin all these areas of our life?***
3. ***Are we looking unto Jesus each and every day?***
4. ***Are there evident changes in our life as God disciplines us?***
5. ***Are we eager to learn the word of God?***
6. ***Are we growing in Christ?***
7. ***Are we eager to know Christ and cultivate a personal relationship, friendship and fellowship with Him each and every day?***
8. ***Do we care about sincere fellowship with other believers? Or, are we just bothered about coming to church once a week and being moral people?***
9. ***Are we bearing good fruit?***
10. ***Do people see Christ through us? Do they see that we are in love with Christ?***
11. ***Are we walking with Jesus daily?***
12. ***Are we doing the Father's will?***

The evidence that we are saved is not that we are sinless, but that when we sin, we are broken and we seek to get right with God quickly. When we walk in the narrow way, we find that many times we do struggle, slip and fall but we can also testify that we aregradually learning to take the victory over sin! Over time, we can see a definite change in our lives and we can experiencegodliness, Christ-likeness, taking shape in us.

In Hebrews 13:5, we hear the Lord's assurance, 'I will never leave you nor forsake you.' So Jesus is there right by our side to help us in our spiritual walk in the narrow way. He will walk with us to the end, leading us on victoriously as we keep looking unto Him!

Let us yearn to please God with our lives and seek Him as the greatest treasure! Our God is faithful to take us through as we press on towards perfection!

# മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പിൻ



പാസ്റ്റർ ലിജോ മാത്യു
COGFGPF Bahrain

യോർദ്ദാനിൽ സ്നാനം ഏൽക്കുവാൻ കടന്നുവന്ന പരീശന്മാരും സദൂക്യരും ഉൾപ്പെടുന്ന പുരുഷാരത്തോട് യോഹന്നാൻ സ്നാപകൻ പറഞ്ഞ വാക്കുകളാണിത്. മാനസാന്തരം ആവിശ്യമായ ഒരു കാലഘട്ടമായിരുന്നു അത്. മലാഖിയുടെ പ്രവചനം അവസാനിച്ചതിനെ തുടർന്നുള്ള 400 വർഷകാലം അന്ധകാരകാലഘട്ടം എന്നാണല്ലോ അറിയപ്പെടുന്നത്. ആ കാലഘട്ടത്തിന്റെ അവസാനത്തിങ്കൽ മരുഭൂമിയിൽ നിന്ന് യോഹന്നാൻ സ്നാപകൻ കടന്നുവരികയും യഹൂദന്മാരോട് മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കേണം (മത്താ.3:8) എന്ന് ശക്തമായി ഉത്ബോധിപ്പിക്കുകയും ചെയ്തത്. കൃപായുഗത്തിന്റെ അവസാന നാഴികയിൽ ആയിരിക്കുന്ന നാമും മനസ്സിലാക്കേണ്ട ഒരു സത്യമാണിത്.

കർത്താവ് നമ്മെ തിരഞ്ഞെടുത്തത് നാം പോയി ഫലം കായ്ക്കേണ്ടതിനും നമ്മുടെ ഫലം നിലനിൽക്കേണ്ടതിനും നമ്മെ ഈ ഭൂമിയിൽ ആക്കിവെച്ചിരിക്കുന്നു (യോഹ.15:16). അങ്ങനെ കർത്താവിനു വേണ്ടി ഫലം കായ്ക്കുവാൻ വിളിക്കപ്പെട്ട നാം അവനോടുകൂടെ വസിച്ചിട്ടല്ലാതെ ഒരിക്കലും ഫലം കായ്പ്പാൻ കഴിയുകയില്ല. ഒരുവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും (യോഹ.15:5).

അതായത് കർത്താവ് നമ്മിലും നാം കർത്താവിലും വസിക്കേണം. പക്ഷേ ലോകം, പാപം, ജഡം, പിശാച് എന്നിവ നമ്മെ ഇതിൽ നിന്നും അകറ്റികളയുന്നു. മാത്രവുമല്ല നാം ഫലം കായ്ക്കാതിരിക്കുവാൻ ജഡത്തിന്റെ പ്രവൃത്തികൾ നമ്മുടെമേൽ പ്രബലപ്പെടും. അങ്ങനെ നാം ജഡത്തിന്റെ പ്രവൃത്തികളായ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവയിൽ അടിമയായിതീരുകയും നാം വീണുപോകുകയും ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയാതെ വരികയും ചെയ്യും (ഗലാ.5:19-21). ജഡത്തെ പ്രസാദിപ്പിക്കുന്ന ഒരാൾക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല. ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു. നിങ്ങൾ ഇച്ഛിക്കുന്നത് ചെയ്യാതവണ്ണം അവ തമ്മിൽ പ്രതികൂലമല്ലോ (ഗലാ.5:17). ജഡം പ്രബലമാകുന്ന ഒരുവനിൽ ഒരുപക്ഷേ ഇലകൾ നിറഞ്ഞു നിന്നേക്കാം പക്ഷേ ഫലം കായ്ക്കുകയില്ല. പകരം ജഡത്താൽ നിറഞ്ഞു നിൽക്കുന്ന ഇലകൾ ഉയർന്നു നിൽക്കുന്നു. അത് നീക്കികളയാതെ ഫലം കായ്ക്കുകയില്ല.




അങ്ങനെ ആയാൽ കായ്ക്കാത്ത കൊമ്പൊക്കെയും കർത്താവ് നീക്കികളയും. ആയതുകൊണ്ട് നാം ക്രിസ്തുവിനുള്ളവരാകയാൽ ജഡത്തിന്റെ പ്രവൃത്തികളെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിച്ച് ആത്മാവിനാൽ നാം ജീവിക്കേണം. മാത്രവുമല്ല കായ്ക്കുന്നതൊക്കേയും അധികം ഫലം കായ്ക്കേണ്ടതിന് ആത്മാവിന്റെ വാളാകുന്ന വചനം ഉപയോഗിച്ച് ചെത്തി വെടിപ്പാക്കുമ്പോൾ അധികം ഫലം കായ്ക്കും.

നാം അവനിലും അവൻ നമ്മിലും വസിക്കുവാൻ കർത്താവ് നമ്മെ ഇടയാക്കും. അങ്ങനെയുള്ള വിശുദ്ധജീവിതത്തിൽ നാം ആയിരിക്കുമ്പോൾ ദൈവഹിതം അറിയുകയും അത് മനസിലാക്കി പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ജീവിതം ധന്യമായിതീരും. ആത്മാവിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം (ഗലാ.5:22,23) പ്രാപിച്ച് വിശുദ്ധരായി ജീവിക്കുന്നവരെ ചേർക്കുവാനാണ് കർത്താവ് വരുന്നത്. ആയതിനാൽ ദൈവം നമ്മുക്ക് ദാനമായി നൽകിയിരിക്കുന്ന ഈ ആയുസ്സിൽ കർത്താവിനുവേണ്ടി ജീവിച്ച് ആത്മാവിന്റെ ഫലങ്ങളിൽ വിളങ്ങി മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ച്ചു അനേകർക്ക് മാതൃകയുള്ളവരായി ഒരു ധന്യമായ ക്രിസ്തീയ ജീവിതം നയിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

# ത്രിവിധ തുറക്കലുകൾ


പാസ്റ്റർ വിനിൽ സി. ജോസഫ്
ഐപിസി ബെഥേൽ

നമ്മുടെ ദൈവം ദാവീദിന്റെ താക്കോൽ കൈയിലുള്ളവനും, കർത്താവ് വാതിൽ അടച്ചാൽ ആർക്കും തുറക്കാൻ പറ്റാത്തതും കർത്താവ് വാതിൽ തുറന്നാൽ ആർക്കും അടയ്ക്കാൻ പറ്റാത്തതുമാണല്ലോ. തന്റെ ഐഹീക ശുശ്രൂഷാ കാലയളവിൽ അനേകരുടെ കണ്ണ് തുറക്കുകയും ചെകിടരെ കേൾപ്പിക്കുകയും ചെയ്തു. തുറന്നു വരിക എന്നർത്ഥമുള്ള 'എഫഥാ' ഇന്ന് അനേക സ്റ്റേജുകളിൽ മുഴങ്ങി കേൾക്കുന്നു. എന്നാൽ ലൂക്കോസ് സുവിശേഷം 24-ൽ മൂന്ന് വ്യത്യസ്ത തുറക്കലുകൾ നമുക്ക് കാണുവാൻ പറ്റും.

## *1. കല്ലറ തുറന്നു, ലൂക്കോസ് 24:1 – 8*

നമ്മുടെ കർത്താവായ യേശുക്രിസ്തു ഗത്സമനയിൽ പിടിക്കപ്പെട്ടു ഗബ്ബയിൽ അടിക്കപ്പെട്ടു ഗോല്ഗോദയിൽ തകർക്കപ്പെട്ടു അരമത്യക്കാരനായ യോസേഫിന്റെ കല്ലറയിൽ അടക്കപ്പെട്ടു മൂന്നാം നാൾ കല്ലറ തുറക്കപ്പെട്ടു 40 നാളോളം പിന്നേയും പലർക്കും പ്രത്യക്ഷപ്പെട്ടു പിന്നീട് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. എന്നാൽ ഉയർപ്പിൻ ശരീരവുമായി കർത്താവ് അടഞ്ഞ വാതിലിനകത്ത് ശിഷ്യന്മാർക്ക് പ്രത്യക്ഷനായിട്ടുണ്ടല്ലോ. അപ്പോൾ കല്ലറ തുറന്നത് സത്യത്തിൽ യേശുക്രിസ്തുവിന് പുറത്തുവരുവാൻ മാത്രമല്ല ആഗ്രഹത്തോടെ ഞങ്ങൾക്ക് വേണ്ടി ആര് കല്ലുരുട്ടി മാറ്റും എന്ന ചിന്തയോടെ വരുന്ന ഒരുകൂട്ടം സഹോദരിമാർക്ക് വേണ്ടിയല്ലേ?. അനേക മഹാന്മാരുടെ കല്ലറകൾ അടഞ്ഞുകിടക്കുമ്പോൾ ഉയർപ്പിന്റെ പ്രത്യാശ തരുന്ന ഈ കല്ലറ ഇന്നും തുറന്നു കിടക്കുന്നത് നമ്മുടെ പ്രത്യാശ വർദ്ധിപ്പിക്കാനല്ലേ ?

പുനരുദ്ധാനശക്തിക്കു മുമ്പിൽ ഒരു കല്ലറയ്ക്കും പിടിച്ചുനിൽക്കുവാൻ കഴിയില്ല എന്ന നഗ്നസത്യം ഇത് വിളിച്ചു പറയുന്നുവല്ലോ. ഉയർത്തെഴുന്നേറ്റ കർത്താവിൻ ആദ്യ ശബ്ദം തന്നെ നമ്മുടെ ജീവിതത്തെ മാറ്റി മറിക്കുന്നു 'കരയേണ്ടാ'. അതേ നമ്മുടെ കണ്ണുനീർ ഇന്നും കർത്താവ് തുടയ്ക്കും. ഈ ലോകം നമുക്ക് കരച്ചിലേ തരൂ എന്നാൽ ഈ ശബ്ദം നമ്മെ സന്തോഷിപ്പിക്കുന്നു.

> **ഈ ലോകത്തിൽ അനേകരുടെ കണ്ണ് അടഞ്ഞു കിടക്കുമ്പോൾ ഈ നല്ല നാഥനെ തിരിച്ചറിയാനായി ദൈവം നമ്മുടെ കണ്ണ് തുറന്നല്ലോ.**

## *2. കണ്ണ് തുറന്നു, ലൂക്കോസ് 24:31*

യെരുശലേമിൽ നിന്നും 11 കിലോമീറ്റർ ദൂരം മാത്രമുള്ള എമ്മവുസിലേക്ക് കർത്താവിൻ ക്രൂശുമരണാനന്തരം നിരാശയോടെ പുറപ്പെടുന്ന '2' പേർക്ക് യേശു പ്രത്യക്ഷപ്പെടുന്നത് നമുക്ക് കാണാൻ കഴിയും. ഇവിടെ അവരോട് ചേർന്ന് നടക്കുന്ന കർത്താവിനെ ബൈബിൾ പരിചയപ്പെടുത്തുന്നു. നമ്മുടെ സന്തോഷവേളയിലും നിരാശവേളയിലും ഈ ദൈവം ചേർന്ന് നടക്കും, അനാഥരായി വിടത്തില്ല. അപ്പം എടുത്തു നുറുക്കി കൊടുത്തപ്പോൾ പ്രിയപ്പെട്ടവരുടെ കണ്ണ് തുറക്കപ്പെട്ടു. അവരുടെ പ്രാണനാഥനായ യേശു ആണെന്ന് അവർക്ക് മനസിലായി.

സത്യത്തിൽ ഇവരുടെ കണ്ണ് തുറന്നത് യേശു ആരാണെന്ന് അറിയുവാനല്ലേ ?. ഈ ലോകത്തിൽ അനേകരുടെ കണ്ണ് അടഞ്ഞുകിടക്കുമ്പോൾ ഈ നല്ല നാഥനെ തിരിച്ചറിയാനായി ദൈവം നമ്മുടെ കണ്ണ് തുറന്നല്ലോ. ചിലർ ഏലിയാവായും ചിലർ പ്രവാചകനായും ചിലർ സാധാരണ മനുഷ്യനായും മാത്രം യേശുവിനെ മനസിലാക്കുമ്പോൾ സത്യദൈവത്തെ തിരിച്ചറിഞ്ഞ് അവനുവേണ്ടി ജീവിക്കാനും ഈ ലോകത്തിന്റെ ദൈവമായ സാത്താൻ അനേകരുടെ കണ്ണ് കുരുടാക്കിയത് പ്രാർത്ഥിച്ച് തുറക്കുവാനും ദൈവം നമ്മെ ഓരോരുത്തരേയും സഹായിക്കട്ടെ.

പൗലോസ് പ്രാർത്ഥിച്ചതുപോലെ (എഫെ.1:15–22) 'നമ്മുടെ ഹൃദയദൃഷ്ടി പ്രകാശിക്കട്ടെ'. അവന്റെ വിളിയാലുള്ള ആശ ഇന്നതെന്ന് അറിയാൻ, അവകാശത്തിൻ മഹിമാധനം അറിയാൻ, വ്യാപരിക്കുന്ന ശക്തിയുടെ അളവറ്റ വലുപ്പം അറിയുവാൻ, കർത്താവ് സംസാരിച്ചപ്പോൾ '2' പേരുടേയും അകം കത്തിയതുപോലെ നമ്മുടെ അകവും ആത്മാവിനാൽ കത്തട്ടെ.

## *3. ബുദ്ധിയെ തുറന്നു, ലൂക്കോസ് 24:45*

തിരുവെഴുത്തുകളേയും ദൈവശക്തിയേയും അറിഞ്ഞിരിക്കണം ഇല്ലെങ്കിൽ തെറ്റിപോകുവാൻ ഇടയുണ്ടല്ലോ. ക്രിസ്തുവിന്റെ കഷ്ടാനുഭവവും അടക്കവും പുഃനരുത്ഥാനവും ആ നാമത്തിലുള്ള മാനസാന്തരവും പാപമോചനവും യെരുശലേമിലും സകലജാതികളിലും പ്രസംഗിക്കപ്പെടണം അതിന് ബുദ്ധി തുറക്കപ്പെടണം. വചനം ദുർവ്യാഖ്യാനിക്കാതിരിപ്പാൻ ദൈവത്താൽ ബുദ്ധിതുറക്കപ്പെടട്ടേ. നമ്മുടെ പിതാക്കന്മാർ സാമാന്യവിദ്യാഭ്യാസം പോലുമില്ലാത്തവർ ആയിരുന്നു എങ്കിലും അവർ പറഞ്ഞതും പ്രസംഗിച്ചതും വ്യാഖ്യാനച്ചതുമായ തിരുവെഴുത്തുകൾ വളരെ ആഴത്തിലുള്ളതായിരുന്നു. കാരണം ദൈവം അവരുടെ ബുദ്ധിയെ തുറന്നു. ദൈവവചനം നാം –
തിരിച്ചറിയണം – ലൂക്കോ.24:45
രുചിച്ചറിയണം – സങ്കീ.19:10
ഗ്രഹിച്ചറിയണം – അപ്പൊ.പ്രവ.8:30
അതുപോലെ ദൈവശക്തി അനുഭവിച്ചറണം. ഈ നൂറ്റാണ്ടിൽ നമ്മുടെ അടഞ്ഞ എല്ലാ അനുഭവങ്ങളും ദൈവത്താൽ തുറക്കപ്പെടട്ടെ.

### Bouquet



Congratulations to dear Br. Cherian Mathews and the co-workers behind the journal “HELLO HOPE”.

I went through the first edition and found that some articles have profoundly touched my mindset.

I just wanted to express my humble, heartfelt appreciation for all the divine work that you and your staff do in the Lord’s name.

May your ministry continue to grow and prosper.

*Yours in HIS service,*
***Pr. Joby Thomas***
*Rehoboth Revival Church*
*Kingdom of Bahrain*

### Bouquet



ആധുനികതയുടെ മറപറ്റി പോകുന്ന ആത്മീകഗോളത്തിന്റെ ചുവട് പിഴയ്ക്കാതെ പിടിച്ചു നിർത്തുന്നതിൽ നമ്മുടെ ക്രിസ്തീയ പത്രങ്ങളും മറ്റു മാധ്യമങ്ങളും പരാജയപ്പെടുമ്പോൾ ഈ മിഡിൽ ഈസ്റ്റിൽ നിന്നുള്ള സഭകളെ ആത്മീകതയുടെ ചുവരുകൾക്കുള്ളിൽ പിടിച്ചു നിർത്തുവാൻ ഹലോ ഹോപ്പിന് കഴിയട്ടെ! ആത്മീക താലന്തുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഇങ്ങനെ ഒരു ഉദ്യമം പ്രശംസനീയം തന്നെ...

ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ..ഹലോ ഹോപ്പിന് ബഹ്റിൻ ബെഥേൽ ചർച്ചിന്റെ എല്ലാ ആശംസകളും നേരുന്നു !!!

ക്രിസ്തുവിൽ,
***പാസ്റ്റർ ഷാജി. വി. ജോൺ***
ബെഥേൽ ചർച്ച്, ബഹറിൻ

# THE NEW MAN



**Joel George Jacob**
AG Church

People crave for new things today - new phones, new cars, clothes, hairstyles, and a new face. What we need today is not better gadgets, better education, more research or more money. This won't give us an abundant, fulfilling life. We need a change of heart. Look at the news today - violence, murder, hatred... The problem is with this 'evil' in the hearts of man. The Bible says, that sin is inside everyman.

God knew that. And that's why He needs to give us a New life. Only the one who made us - and given us this life - will be able to give us a new life.

When we come to know Jesus, the Bible says we enter in to a new life. The old life is over, God makes all things new. Jesus puts it this way, "you must be born again." in John 3:3. It's not a remake of the old; it's new! It's not just an improvement of the old; it's a new life. God told to prophet Ezekiel: "I will give you a new heart and put a new spirit in you."

That's what we experienced - we carry a new meaning and purpose in life. We can experience a new joy, not just mere happiness based on the surrounding, a new hope not based on circumstances but looking forward to a home in heaven. The Bible says in 2Cori.5:18 "All this is from God, who reconciled us to Himself through Christ..."If any man be in Christ, he is a new creature. What does this mean to us today? We must trust that God is able to make all things new and we can now face life with confidence because of the reconciliation by Jesus Christ.

As Christians, we are new creations: The old life of sin has been defeated and destroyed by repentance, the old nature has been conquered by the crucifixion and resurrection power of our Lord Jesus Christ and we became new creations. We have new goals, values, desires, attitudes, thoughts, actions, every aspects of our lives becomes new . As Christians we have not just been repaired or modified but totally renewed!

I believe it grieves God's heart for His new creations to live and act as though they've never been changed. It breaks God's heart for a saint to live and act like a lost sinner. I don't understand what would ever make a person who has become a new creation go back to the old life of sin and depravity. did it mean that they have never really been saved.? or again bowed down under the yokes of sinful nature

It is one thing to have Christ born in you and it is quite another for you to be in Christ. That's where the wonderful transformation into entirely new creatures occurs in Christ. That is where most Christians struggle. Not for Christ to be in us, since he already is, but for us to be found in him. That is where we revise our centre of reference, our focus, what we hold most precious. That is where a renouncing of old values and a pursuing of new treasures is birthed. For Paul it was no longer what he used to hold in high esteem: his Jewish descent, his heritage and his religion in which he excelled (Phil. 3:4-6). Everything now faded away in the blinding radiance of Christ-his savior. Now only Christ matters and everything revolves around him who "is the Alpha and the Omega, the Beginning and the end who is and who was and who is to come, the Almighty" (Rev. 1:8). All else is irrelevant and damaging or, as the apostle himself graphically describes, rubbish. Rubbish is to be disposed of, thrown out, dumped; and that is what Paul actually did. Paul not only counted his old allegiances and values as "loss" but went so far as to count all things loss and rubbish in order to gain Christ and be found in him.

What do you count as loss and gain? If God were to weigh your life in the balance by putting all things on one scale and putting Christ on the other scale, would Christ outweigh all things; would he outshine all other possessions? That's a question we sincerely need to ask ourselves if indeed we are to become the new beings God has created us to be. The love of Christ compels us and drives us to judge ourselves dead and decide to live for him. There comes a moment of truth in our lives when, as true followers of Christ we see ourselves for what we really are: 'Dead in Trespasses and Sins'. We judge ourselves dead and lay, so to speak, the tombstone on ourselves and decide to quit living for ourselves. God forbid that we do such a morbid thing. Let the old man die! Don't try to bring it back. Rather pronounce him dead and live for Christ who died and rose again for you. Isn't that what baptism is all about? Being dead to sin and alive in Christ?

When we were baptized in Christ we were baptized into his death. When he died we died with him; when he was buried we were buried with him. When he was raised from the dead we were raised with him so we should walk in newness of life. Notice that being raised and walking in newness of life does not precede dying and being buried. It follows it. There is a reckoning that first has to be done and that is to reckon ourselves dead indeed to sin but alive in Christ. If you don't reckon yourself dead to sin you will not be alive in Christ, you will not walk in newness of life, you will not be a new creation. Paul counted all past things loss and rubbish for Christ. He judged and reckoned himself dead to sin but alive in Christ. For him to live was Christ. What is life to you?

That is what Christ meant when he said: "Whosoever will come after me, let him deny himself, and take up his cross, and follow me. For whosoever will save his life shall lose it; but whosoever shall lose his life for my sake and the gospel's, the same shall save it" (Mk. 8:34-35).

As we do that one crucial step then everything else follows. When we reckon ourselves dead and decide to live for God, he makes us holy and therefore acceptable. That is our reasonable service. Then we don't find it so hard to resist conforming to this world since we are dead to it. We long for the words of our mouths and the meditation of our hearts to be acceptable in his sight. We desire to please him and through the Spirit we bring every thought captive unto Christ and willingly obey him from the heart in everything. Then we, like Paul, are progressively transformed into the image of Christ and experience that good, acceptable and perfect will of God.

Why not offer ourselves and those around us a unique gift: a new self. Let us not just mark the beginning of yet another month but mark the beginning of a new life in Christ. May each new month be for us not just a page torn off the calendar but a turning of a new page in the book of life in which all and everything is Christ.

# സമ്പൂർണ്ണ ജ്ഞാനം




അനേകം എസ്റ്റേറ്റുകൾ ഉള്ള ഒരു പ്രഭുവിന്റെ വിവരങ്ങൾ ശേഖരിക്കാനായി ഒരു അന്വേഷകൻ അദ്ധേഹത്തിന്റെ എസ്റ്റേറ്റിൽ കടന്നുചെന്നു. ഒരു ജോലിക്കാരനെ അടുത്ത് വിളിച്ച് ആ തോട്ടത്തേയും തന്റെ യജമാനേയും സംബന്ധിച്ച വിശദ വിവരങ്ങൾ ചോദിച്ചറിയുവാൻ ശ്രമിച്ചു. ജോലിക്കാർക്ക് നൽകാൻ കഴിയുന്ന വിവരങ്ങൾക്ക് പരിമിതികൾ ഉ്. അംശമായ അറിവുകളേ ഏത് ജോലിക്കാരനും നൽകുവാൻ കഴിയുകയുള്ളൂ. ഈ ജോലിക്കാരനും അങ്ങനെ തന്നെ ചെയ്തു. തനിക്ക് അറിയാമായിരുന്ന വിവരങ്ങൾ പറഞ്ഞു കൊടുത്തു. ഈ ഭാഗീകമായ ജ്ഞാനവുമായി അയാൾ മറ്റൊരു എസ്റ്റേറ്റിലേക്ക് ചെന്നു. അവിടേയും തന്റെ അന്വേഷണം തുടർന്നു. ഒടുവിൽ ബുന്ധിമാനായ ഒരു ജോലിക്കാരൻ നമ്മുടെ ഗവേഷകനോട് പറഞ്ഞു 'അംശമായി അറിയുന്ന ഞങ്ങളുടെ അടുക്കൽ താങ്കൾ സമയം നഷ്ടപ്പെടുത്താതെ ഞങ്ങളുടെ യജമാനന്റെ അടുക്കൽ ചെന്ന് വിവരങ്ങൾ അന്വേഷിക്കണം'. ആ ജോലിക്കാരന്റെ വാക്ക് പോലെ അയാൾ ചെയ്തു. അയാൾ ചെന്ന് അനേക എസ്റ്റേറ്റുകളുടെ ഉടമയായ ആ വലിയ മനുഷ്യനെ കണ്ടു,സംസാരിച്ചു. എന്തൊരു സുഖം എത്ര പെട്ടെന്നാണ് വസ്തുതകൾ മനസിലായത്. അദ്ധേഹത്തിന് എത്ര തോട്ടങ്ങൾ ഉണ്ട്, ഓരോന്നിലും എത്ര ജോലിക്കാർ ഉണ്ട്, എന്ത് മാത്രം വരുമാനം ഉണ്ട് എന്നീ വിഷയങ്ങൾക്കെല്ലാം ആധീകാരികവും വ്യക്തവുമായ മറുപടി നമ്മുടെ ജിജ്ഞാസുവിന് അനായാസേന ലഭിച്ചു. പ്രപഞ്ചത്തിലെ ഓരോ മണൽത്തരിയും വെവ്വേറേ എടുത്ത് മനസിലാക്കാൻ ബദ്ധപ്പെടുന്ന മനുഷ്യാ, അഖിലാണ്ഡ കോടികളുടെ ഉടമസ്ഥനായ ദൈവസമക്ഷം ചെന്ന് അവിടുത്തോട് യാചിക്കുമെങ്കിൽ ആത്യന്തികമായ സമ്പൂർണ്ണജ്ഞാനം അവിടുന്ന് നിനക്ക് പ്രദാനം ചെയ്യും.

# 29th Anniversary Celebrations of the Assembly of God Sunday School


The Assembly of God Sunday School, Bahrain, has celebrated its 29th Anniversary on 16 May 2017 at The National Evangelical Church with zeal and merriment.

Patron of the Sunday School, Pr. P.M. Joy, chaired the meeting and guest speaker Pr. Shibu Mathew, Registrar, Mount Zion Bible College, brought an enlightening message titled 'temptation' and was well received by both the children and adults alike. Children's programs were exciting and turned out to be an added blessing to the event. The guest speaker distributed trophies to the winners of the various annual competitions.

The regular Sunday School activities are held at the A.G. Church in Sugaiya (Villa 35) on every Friday from 9.00 to 10.30 a.m. Currently the school has about 190 students and 25 teachers. Presently, we conduct study classes for students from LKG to Class XI.

A.G. Sunday School is a ministry focusing on making a difference in the lives of our children with eternity in mind.

Parents interested in having their child/children join our Sunday School, are requested to contact Thomas Kurian (Mob. 39422025) or Davis John (Mob. 39172969) for details.



















## ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ഇൻ ബഹറിൻ ബഥേൽ – ഓൺലൈൻ ബൈബിൾ ക്വിസ് വിജയികൾ

ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ഇൻ ബഹറിൻ ബഥേൽ നടത്തിയ ഓൺലൈൻ ബൈബിൾ ക്വിസ് ഒന്നും, രണ്ടും, മൂന്നും സമ്മാനങ്ങൾ കരസ്ഥമാക്കിയവർക്ക് ട്രോഫിയും സർട്ടിഫിക്കറ്റും വിതരണം ചെയ്തു. മെയ് 12ന് ചർച്ച് സഭാഹാളിൽ പാസ്റ്റർ ബോസ് ബി. വറുഗീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ബ്രദർ തോമസ് കുഞ്ഞുമോൻ പ്രാർത്ഥിച്ച് ആരംഭിച്ച് C0G കേന്ദ്ര സഭാ കൗൺസിൽ അംഗം ഡോ. ഷിബു കെ.മാത്യു യോഗം ഉദ്ഘാടനം ചെയ്തു. BMCC പ്രസിഡന്റ് ബ്രദർ ജേക്കബ് ജോർജ്, ഡോ. ഷിബു കെ.ജോർജ്, പാസ്റ്റർ ബോസ് ബി വറുഗീസ് എന്നിവ? സമ്മാനങ്ങ? വിതരണം ചെയ്തു. YPA ജനറൽ സെക്രട്ടറി സാംസൺ ചെങ്ങന്നൂർ, ഫിന്നി കാഞ്ഞങ്ങാട് (ക്രൈസ്തവ എഴുത്തുപുര), സന്തോഷ് പന്തളം (ലാന്റെവെ ന്യൂസ്), ഇവ: ജസ്റ്റിൻ ജോർജ് കായംകുളം, അനൂപ് തോമസ് എന്നിവർ ആശംസകൾ അറിയിച്ചു. കെ.എം.ബാബു, ജോർജ് വറുഗീസ്, റെജി പി.ചാക്കോ, ജോബി തേക്കുതോട് എന്നിവർ നേതൃത്വം നല്കി. ജോൺസൺ തോമസ് സ്വാഗതവും, സുബിൻ തങ്കച്ചൻ കൃതജ്ഞതയും പറഞ്ഞു.



ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ജിൻസി സുബിന് BMCC പ്രസിഡന്റ് ബ്രദർ.ജേക്കബ് ജോർജ് ട്രോഫി നൽകുന്നു.





ഭാരത സുവിശേഷകരുടെ ശബ്ദം

സുവിശേഷ വയലുകളെ അടുത്തറിയാനും പ്രാർത്ഥിക്കാനും...



പാസ്റ്റർ സുജിത്ത് പി. ജോസഫ് (ഡൽഹി)

# കൊയ്ത്തിനായി വിളഞ്ഞു കിടക്കുന്ന വയലുകൾ

## കൊയ്ത്ത് വളരെ ഉണ്ട് വേലക്കാരോ ചുരുക്കം... 3

വിളിച്ചിറക്കിയ ദൈവം പ്രതിഫലം തരുമെന്നുള്ള പ്രത്യാശയോടെ സ്വന്ത ദേശം വിട്ടു കർത്താവിന്റെ മുന്തിരിതോട്ടത്തിൽ അദ്ധ്വാനിക്കുവാൻ ഉത്തരഭാരതത്തിൽ നീണ്ട 15 വർഷക്കാലം കഷ്ടതയനുഭവിച്ച ഒരു ഭക്തനായ ദൈവഭൃത്യനെ വായനക്കാർക്ക് പരിചയപ്പെടുത്തുന്നതിൽ എനിക്ക് അഭിമാനവും സന്തോഷവുമുണ്ട്.

ഉത്തർപ്രദേശിലെ വിവിധ ഡിസ്ട്രിക്കുകളിൽ കർത്താവിന്റെ വേല വിശ്വസ്തതയോടെ ചെയ്തു വരുന്ന കർത്താവിന്റെ ദാസൻ ആണ് പാസ്റ്റർ ബിജു സോളമനും കുടുംബവും. ഇപ്പോൾ ഇവർ ലക്നൗവിൽ ബിജ്നോർ എന്ന സ്ഥലത്ത് താമസിച്ച് അതിനു ചുറ്റുമുള്ള ഗ്രാമങ്ങളിലും ഭവനങ്ങളിലും സുവിശേഷം എത്തിച്ചുകൊണ്ടിരിക്കുന്നു. നീണ്ട വർഷങ്ങൾ ഗ്രാമങ്ങൾ കയറിഇറങ്ങിയതിന്റേയും അനേക എതിർപ്പുകളുടേയും ഫലമായി അലിനഗർ എന്ന ഗ്രാമത്തിൽ ഒരു പ്രാർത്ഥന കൂട്ടായ്മ തുടങ്ങുവാൻ കർത്താവ് കൃപ നൽകി. വളരെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉള്ള ഗ്രാമമാണിത്. കർത്താവ് നൽകിയ ഒരു പ്രത്യേക ദർശന പ്രകാരമാണ് അവിടെ പോകുവാനും മീറ്റിംഗ് തുടങ്ങുവാനും ഇടയായത്. തുടക്കത്തിൽ അനേക ആളുകൾ കടന്നുവന്നു. അടുത്തുള്ള ഒരു സർക്കാർ സ്ക്കൂളിലാണ് പ്രാർത്ഥനാ ഗ്രൂപ്പ് നടത്തി വന്നിരുന്നത്. എന്നാൽ ചില നാളുകൾക്ക് ശേഷം അവിടുത്തെ ചില ആളുകൾ വിരോധമായി വരുകയും സ്ക്കൂൾ അധികൃതർ അവിടെയുള്ള മീറ്റിംഗ് നിർത്തലാക്കുകയും ചെയ്തു. പിന്നീട് ഒരു ഭവനത്തിലേക്ക് പ്രയർഗ്രൂപ്പ് മാറ്റുവാൻ ഇടയായി. ഉച്ചനീചത്വം നിലനിൽക്കുന്നതുകൊണ്ട് പലരും ഈ പ്രയറിലേക്ക് പിന്നീട് വരാതായി.



പാസ്റ്റർ ബിജു സോളമനും കുടുംബവും.

ഇവിടെ ദൈവം പ്രവർത്തിക്കുവാൻ പ്രാർത്ഥിക്കുമല്ലോ.
ദൈവം അവരെ പിന്നീട് മാട്ടി,ചില്ലാവ എന്നീ ഗ്രാമങ്ങളിലേക്ക് അയച്ചു. ഇവരുടെ നീണ്ട നാളത്തെ പ്രവർത്തന ഫലമായി ഈ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുവാനും പ്രയർ ഗ്രൂപ്പ് ആരംഭിക്കുവാനും കർത്താവ് കൃപ നൽകി. എന്നാൽ ഇവിടേയും പലരും സമൂഹത്തെ ഭയക്കുന്നതു കാരണം പ്രാർത്ഥനാ ഗ്രൂപ്പുകളിൽ നിരന്തരമായി കടന്നുവരുവാൻ കഴിയുന്നില്ല. അതിനോട് ചേർന്ന് ഈ ഗ്രാമങ്ങൾക്കു ചുറ്റുമുള്ള സ്ഥലങ്ങളും ഗ്രാമങ്ങളും കർത്താവ് ഏൽപ്പിച്ച ശുശ്രൂഷ തികയ്ക്കുവാൻ ഈ ദൈവദാസനും കുടുംബവും വളരെ ക്ഷമയോടെ പ്രവർത്തിച്ചുകൊിരിക്കുന്നു. ഒരു വാഹനമില്ലാത്തതുകൊണ്ട് പലപ്പോഴും ഇവരുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് മുന്നോട്ട് പോയികൊണ്ടിരിക്കുന്നത്. ചില ഗ്രാമങ്ങളിലെത്തുവാൻ 15 മുതൽ 40 വരെ കിലോമീറ്റർ വരെയുണ്ട്. ഈ സ്ഥലങ്ങളിലേക്ക് വാഹനസൗകര്യങ്ങൾ ഒന്നുമില്ല. ഇവരുടെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

ഇവരുടെ പ്രവർത്തനങ്ങൾക്ക് കൂട്ടായി രാജ്കുമാർ എന്നൊരു ഹിന്ദി സഹോദരനും കൂടിചേർന്ന് പ്രവർത്തിക്കുന്നു. ഇപ്പോൾ ദൈവദാസനും കുടുംബവും ഉത്തരഭാരതത്തിലെ സുവിശേഷീകരണ ദർശനം പ്രാപിച്ച 'എലീം ഗോസ്പൽ മിനിസ്ട്രീസ് ഫോർ ഇന്ത്യ' എന്ന സംഘടനയുമായി ചേർന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ജീബാ ബിജു സഹധർമ്മണിയും കെസിയാ ബിജു ഏക മകളുമാണ്. ഇവരേയും പ്രവർത്തനങ്ങളേയും ഓർത്ത് പ്രിയ വായനക്കാർ പ്രാർത്ഥിക്കുമല്ലോ.

കർത്താവിന്റെ നിന്ദ വലിയ ധനം എന്നെണ്ണികൊണ്ട് ഉത്തരഭാരതത്തിലെ വയലുകളിൽ വേലക്കാരനായിരിക്കുന്ന മറ്റൊരു ഭൃത്യനെ അടുത്തലക്കത്തിൽ പരിചയപ്പെടുത്തുവാൻ താൽപര്യപ്പെടുന്നു.

# ASHORE SAFE



Blessy Sara Thomas

*Anyone born, has to die one day, that's rightly said, and its true we can say, But more rightly said: your spirit will forever last that's not something to end so fast. On this earth, if you have taken birth, then life's not too short to end with death. The gift of God, the very you; your innermost, yes, the spirit in you that's Gods own breath !*

*It will not turn rust to end with death. The life you lead is what you rehearse, for your spirit's better or it's worse. Heaven or hell is all you've got. Two is your choice; you steer your boat. Either you go through the big wide lake, through easy ways – path good to take; or you choose the narrow stream. The lake is big, but watch and see end of ride, it truly rots on the other side. Through the narrow stream, you lead your spirit to good. But watch out! Devil pulls you with all he can. But if you remain true on this path, then you shall escape God's big wrath. Trials and temptations though may come. It's just a while, you home will come! Remain faithful on this way Don't turn back, let come what may. Then truly you'll reach safe ashore; See His glorious face of love and feel the warmth of His great hug !!*

**9th IPC Bethesda Sunday School Anniversary**

**Date: Thursday, 01st June 2017**

**Time: 6:30 pm to 9:30 pm**

**Venue: Baan Saeng Thai Auditorium**

**Hearty Welcome All**

# ക്രിസ്തുവിന്റെ രണ്ടാം വരവ്



പാസ്റ്റർ
ബോസ്സ് ബി. വർഗ്ഗീസ്

ക്രിസ്തുവിന്റെ രണ്ടാം വരവാണ് വിശ്വാസികളുടെ വലിയപ്രത്യാശ. ക്രിസ്തുവിന്റെ ഒന്നാം വരവിൽ മശിഹായെപ്പറ്റിയുള്ള തിരുവചന പ്രവചനങ്ങളിൽ ക്രിസ്തു ബെത്ലഹേമിൽ ജനിച്ച് തന്റെ ജീവിതം, ശുശ്രൂഷ, മരണം, പുഃനരുദ്ധാനം എന്നിവയെക്കുറിച്ച് തിരുവചനത്തിൽ പറഞ്ഞ എല്ലാ വാഗ്ദത്തവചനങ്ങളും നിറവേറ്റി സ്വർഗ്ഗാരോഹണം ചെയ്തു എന്ന് കാണുന്നു.

കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ ദൈവദൂതന്മാർ ശിഷ്യന്മാരോട് പറഞ്ഞ പ്രകാരം കർത്താവ് വീണ്ടും വരും എന്ന് അപ്പൊ.പ്രവ.1:11 - ൽ കാണുവാൻ കഴിയും. എങ്കിലും മശിഹയെപ്പറ്റിയുള്ള പല തിരുവചന സത്യങ്ങളും നിറവേറ്റോയിട്ടുണ്ട്. ക്രിസ്തുവിന്റെ രണ്ടാം വരവിലാണ് ബാക്കിയുള്ള പ്രവചനങ്ങൾ നിറവേറേണ്ടത് എന്ന് തിരുവചനം പഠിക്കുമ്പോൾ കാണുവാൻ കഴിയും.

ക്രിസ്തു തന്റെ ആദ്യവരവിൽ താഴ്മ ധരിച്ചുകൊണ്ട് മനുഷ്യ പുത്രനായി ഈ ഭൂമിയിലേക്ക് വന്നുവെങ്കിൽ ക്രിസ്തുവിന്റെ രണ്ടാം വരവിൽ രാജാധി രാജാവായിട്ടാണ് വരുന്നത് എന്ന് നാം മറന്നുപോകരുത്. ഈ വരവിൽ ക്രിസ്തു തന്റെ ജനത്തെ വിടുവിച്ച് തന്റെ രാജ്യം സ്ഥാപിക്കും. ഇന്ന് പലർക്കും പ്രത്യാശ വളരെ കുറഞ്ഞുകൊണ്ടിരിക്കുന്ന കാലയളവാണ്. ഇന്ന് ധനത്തിന്റേയും ലോകത്തിന്റേയും സുഖത്തിന്റേയും വിടുതലിന്റേയും പുറകേ ഓടികൊണ്ട് ലക്ഷ്യത്തിൽ നിന്ന് ജനം മാറിയോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

അപ്പൊസ്തോലനായ പൗലോസ് ഇപ്രകാരം പറയുന്നു നിങ്ങൾ ഈ ലോകത്തിൽ മാത്രം പ്രത്യാശവെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ. ഭാവി ജീവിതം കർത്താവിനോടൊപ്പം സ്വപ്നം കാണുന്ന വിശുദ്ധന്മാർ സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കയും അല്ലാത്തവർ ഈ ലോകത്തിനുവേണ്ടി ഓടി നശിച്ചുപോകുന്ന നിക്ഷേപം ഉണ്ടാക്കും. അന്ന് വിലപിച്ചിട്ട് കാര്യമില്ല.

കർത്താവിന്റെ വരവിന് പ്രധാനമായും മൂന്ന് ഘട്ടങ്ങളാണ്.

***1. ഉൾപ്രാപണം - 1 കൊരി.15:51-57, 1 തെസ്സ.4:14-18, എപ്പോഴാണ് സംഭവിക്കുന്നത്? - മത്താ.24:36-44***

***2. അന്തിക്രിസ്തുവിന്റെ ഭരണവും മഹാപീഡന കാലവും***

വെളിപ്പാട് 6 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങളിൽ സഭ മാറ്റപ്പെട്ട് കഴിയുമ്പോൾ അന്തിക്രിസ്തു വെളിപ്പെടും - 2 തെസ്സ.2:6-9. മഹാപീഡനകാലം - മത്താ.24:21. വെളി.6,7,8 അദ്ധ്യായങ്ങളിൽ പറയുന്ന വലിയകഷ്ടം ഉാകും.

***3. ക്രിസ്തുവിന്റെ രണ്ടാം വരവ് -വെളി.19:11-16, 22:12,20.***

ഈ പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ പഠിച്ചാൽ കർത്താവിന്റെ വരവിനെക്കുറിച്ച് എഴുതിയിരിക്കുന്നത് കാണുവാൻ കഴിയും. വിസ്താരഭയത്താൽ ഇവിടംകൊണ്ട് ഇപ്പോൾ നിർത്തുന്നു.

ഇന്നത്തെ ആത്മീക ഗോളത്തെ നോക്കിയാൽ കർത്താവിൻെ വരവിനെക്കുറിച്ച് ചിന്തയില്ലാത്ത വിധത്തിലാണ് ജീവിതം മുമ്പോട്ട് പോകുന്നത് എന്ന കാണുവാൻ കഴിയും. പാട്ടുകാരൻ എഴുതിയിരിക്കുന്നതുപോലെ...

'വയലോടുവയൽ ചേർത്തിട്ട് ഒരു കൂട്ടർ ധനമോഹി അധികാരമോഹികളായ് ഭ്രമിച്ചോടുന്നു സഭയെ സ്വന്ത മോഹത്തിൻ കരുവാക്കി മാറ്റിടുന്നു ഓ ഓ പരിതപിയ്ക്കുന്നു ഭക്തർ, ഓ ഓ എന്തു പോരാട്ടം സഹിച്ചീടിലും'


ഇന്നത്തെ ഓരോരുത്തരുടേയും ഓട്ടം വയലോടുവയൽ ചേർക്കുവാനും, ധനവും മാനവും എങ്ങനെ വർദ്ധിപ്പിക്കുവാൻ കഴിയും, അധികാരത്തിന്റെ മോഹം ഉള്ളിൽ കയറിയിട്ട് കർത്താവിനേയും കർത്താവിൻെ വരവിന്റെ പ്രത്യാശയും ഇന്നത്തെ തലമുറയ്ക്ക് നഷ്ടം വന്നുവോ എന്ന് ഭക്തൻ പരിതപിയ്ക്കുകയാണ്.

നമ്മുടെ പ്രത്യാശ എപ്രകാരമായിരിക്കുന്നു. ക്രിസ്തു അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി കർത്താവ് പാപം കൂടാതെ രാമത് പ്രത്യക്ഷനാകും (എബ്രാ.9:28).

നാമും കർത്താവിനോടുകൂടെ വരവിങ്കൽ എടുക്കപ്പെടേതിന് പ്രത്യാശയോടെ നമുക്കും ഒരുങ്ങി കാത്തിരിയ്ക്കാം ദൈവം നമ്മെ ഓരോരുത്തരേയും അനുഗ്രഹിക്കുമാറാകട്ടെ. അതേ കർത്താവ് വേഗം വരുന്നു.




# മീൻ പൊടിച്ചത്- വാളൻ പുളിയില സാൻഡ്‌വിച്ച്



സൂസമ്മ കുര്യൻ



## ചേരുവകൾ

1. ദശ കട്ടിയുള്ള മീൻ (ഉപ്പും കുരുമുളകും നാരങ്ങാനീരും മഞ്ഞളും ചേർത്ത് പുഴുങ്ങി പൊടിച്ചത്) - 1 കപ്പ്
2. ഇളം വാളൻ പുളിയില - 1/2 കപ്പ്
3. സവാള അരിഞ്ഞത് - 1/4 കപ്പ്
4. ക്യാരറ്റ് ചുരിയത് - 1/4 കപ്പ്
5. പച്ചമുളക് അരിഞ്ഞത് - 1/2 റ്റീ സ്പൂൺ
6. ഉപ്പ് - ആവശ്യത്തിന്
7. എണ്ണ - ആവശ്യത്തിന്
8. ബട്ടർ - ആവശ്യത്തിന്
9. റ്റൊമാറ്റോ കെച്ചപ്പ് - ആവശ്യത്തിന്
10. റൊട്ടി കഷണങ്ങൾ - ആവശ്യത്തിന്

## തയ്യാറാക്കുന്ന വിധം

എണ്ണ് ചൂടാകുമ്പോൾ സവാളയും പച്ചമുളകും വഴറ്റുക. അതിലേക്ക് ക്യാരറ്റും ഇട്ടു വഴറ്റിയ ശേഷം മീൻ പൊടിച്ചതും ഉപ്പും ചേർത്ത് നന്നായി വഴറ്റിയ ശേഷം പുളിയില ചേർക്കുക. ര് റൊട്ടി കഷണങ്ങൾ എടുത്ത് ഓരോ വശത്തും ബട്ടറും അൽപ്പം റ്റൊമാറ്റോ കെച്ചപ്പും പുരട്ടുക. മീൻ കൂട്ട് ഒരു റൊട്ടിയിൽ വെച്ച് മറ്റേ കഷണം മുകളിൽ വെച്ച് അൽപ്പം ബട്ടർ കൂടി മുകളിലത്തെ റൊട്ടിയിൽ പുരട്ടുക. സാൻഡ്‌വിച്ച് ക്രാഫ്റ്റർ അല്ലെങ്ങിൽ സാൻഡ്‌വിച്ച് റ്റോസ്റ്ററിലോ കുറച്ചു ബട്ടർ പുരട്ടിയ ശേഷം റൊട്ടി കഷണങ്ങൾ വെച്ച് ഒരു മിനിറ്റ് (നിറം അൽപ്പം മാറുന്നതു വരെ) ചൂടാക്കുക എന്നിട്ട് ചൂടോടെ ഉപയോഗിക്കുക.

## കിച്ചൺ ടിപ്സ്

1. ഫ്രഞ്ച് ഫ്രൈ ഉണ്ടാക്കാനുള്ള പൊട്ടറ്റോ മുറിച്ച് ഒരു മണിക്കൂർ തണുത്ത വെള്ളത്തിൽ ഇടുക. നല്ലതായി വെള്ളം ഒപ്പിയശേഷം ചൂടായ എണ്ണയിൽ ഇട്ട് അൽപ്പം കഴിഞ്ഞശേഷം കിച്ചൺ ടൗവ്വലിലേക്ക് മാറ്റി എണ്ണ മുഴുവനും ഒപ്പിയെടുക്കുക. വീണ്ടും തിളച്ച എണ്ണയിലേക്ക് ഇട്ടു സ്വർണ്ണനിറം ആകുന്നതുവരെ വറുക്കുക.

2. ഓംലെറ്റ് മൃദുവാകാൻ പാലിന് പകരം അൽപ്പം വെള്ളം ചേർത്താൽ മതി.

3. ഫ്രഷ് കോഴി കണ്ടിച്ചത് ഒരു മണിക്കൂർ ഉപ്പു വെള്ളത്തിൽ ഇട്ടശേഷം കഴുകി എടുത്തു പാചകം ചെയ്യുക.

4. വല്ലാത്ത മണം മീനിനുണ്ടോ ? കുറച്ചുസമയം മോരിനകത്ത് ഇട്ടുവെച്ച ശേഷം കഴുകി പാചകം ചെയ്യുക.

5. ഉരുളകിഴങ്ങ് പാൽ ചേർത്ത് പൊടിക്കേണ്ടത് വല്ലാതെ വെന്തുപോയി എങ്കിൽ പാലിനു പകരം കുറച്ചു പാൽപൊടി ചേർത്താൽ മതി.

# Bible Quiz




Jijo Angamaly

1. എലീശായുടെ സഹോദരനാണ് തർശീശ്. പിതാവാര് ?
2. അമ്മായപ്പന്റെ പ്രായം 205. മരുമകളുടെ പ്രായം എത്ര ?
3. സ്വന്തം സഹോദരിയുടെ പേരുള്ള ഒരാളെ ഭാര്യയായ് സ്വീകരിച്ച ഭർത്താവാര് ?
4. 'ഞങ്ങൾ ആരുടെ അടുക്കൽ പോകും' എന്ന് ചോദിച്ചത് ശിമോൻ പത്രോസ്. 'അവൻ ഞങ്ങളെ വിട്ട് ആരുടെ അടുക്കൽ പോകും' എന്ന് ചോദിച്ചതാര് ?
5. തീരുമാനങ്ങൾ പ്രധാനപ്പെട്ടതാണ്. ആകയാൽ തീരുമാനമെടുക്കും മുമ്പ് 400 പേരോട് ആലോചന ചോദിച്ചതാര് ?
6. യിസ്രായേലിൽ മികച്ചവനാണെങ്കിലും സംസാരിച്ചപ്പോൾ വിറയൽ ഉണ്ടായി.. ആരാണീ കഥാപാത്രം ?
7. തിരഞ്ഞെടുക്കപ്പെടണമെങ്കിൽ വയസ്സ് 60 കഴിയണം. ആരെക്കുറിച്ചാണ് ഇത് പറഞ്ഞിരിക്കുന്നത് ?
8. രാജാവ്, പ്രവാചകൻ, പുരോഹിതൻ എന്നിവയാണ് പ്രധാനപ്പെട്ട മൂന്ന് ഔദ്യോഗിക തസ്തികകൾ. പ്രവാചകൻ, മഹാപുരോഹിതൻ എന്നീ രണ്ടിലും പേര് ചേർക്കാൻ കഴിയുന്ന വ്യക്തിയാര് ?
9. കിരീടമുണ്ടാക്കിയ പ്രവാചകനാര് ?
10. വാങ്ങാൻ അനുവാദമുണ്ടെങ്കിലും വിൽക്കാൻ അനുവാദമില്ലാത്തതെന്ത് ?

---

1. Tarshish is the brother of Elishah. Who is the father?
2. The age of the father in law is 205. What is the age of his daughter in law?
3. Name the husband who married a wife who has the same name of his sister?
4. Simon Peter is the one who asked "To whom shall we go? But, who asked "to whom shall it go up from us?
5. Decision taking is important. Name the person who consulted with 400 men before taking a decision.
6. Even though he exalted himself, when he spoke there was trembling.
7. You must be above 60 to be elected. Who are they?
8. King, prophet and priest are the 3 important offices. Name the person who was a high priest and a prophet.
9. Name the prophet who made the crown?
10. Allowed not to sell but to buy. What is it?

## PUZZLE

**Re arranges the letters to find the places in the Bible**

***Example:***
***Rule James – Jerusalem***

1. Hairy tat
2. Cola idea
3. Babes here?
4. Space idol
5. Hen vine
6. Heap hid a pill
7. To China!
8. Omit as a poem
9. Manure cap
10. I'm a Sara

## ശരി ഉത്തരങ്ങൾ
Issue No. 2 (May 2017)

**E-mail : hhgulfnews@gmail.com**
**Whatsapp : 00973 38383399**

### ബൈബിൾ ക്വിസ്

1. ഹേഫെർ, ശെലോഫഹാദ് അല്ലെങ്കിൽ ഗിലെയാദ്,യിപ്താഹ് (യോശുവ 17:2–4, 11:2–4)
2. മൂഢൻ – സഭാ.4:5
3. ഏദെർ – മീഖ 4:8
4. ഏദോം – 1 ദിന.1:43–49
5. മീഖാവ് – ന്യായാ.18:2,3,7
6. ഏശാവ് ഗൃഹം – ഒബ.1:18
7. ആശേർ – ആവ.33:24
8. 9 – സങ്കീ.9
9. ഹെർമ്മോൻ – ആവ.3:8,9
10. 48 – പുറ.26:15–25

### *Puzzle*

1. More a job = Jeroboam
2. Canine herbs = Sennacherib
3. Heal an ant = Nathanael
4. A lush theme = Methuselah
5. Hat on Jan = Jonathan
6. I jam here! = Jeremiah
7. Hike haze = Hezekiah
8. One badge = Abednego
9. Mob a hero = Rehoboam
10. Eh? I'm a hen! = Nehemiah

### ശരി ഉത്തരം അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയികളായവർ
(Issue 2)



*നിൻസി പ്രവീൺ*
*(ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ പ്രയർ ഫെല്ലോഷിപ്പ്)*
**ബൈബിൾ ക്വിസ്**



*പ്രീതി ബിനിൽ*
*(റിവൈവൽ ചർച്ച് ഓഫ് ബഹറിൻ)*
Puzzle

### നിബന്ധനകൾ

1. ബൈബിൾ കിസ്/പസിൽ സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾ മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും
2. ഏത് പ്രായക്കാർക്കും പങ്കെടുക്കാവുന്നതാണ്
3. എല്ലാ മാസവും 20–ാം തീയതിക്ക് മുമ്പ് ഉത്തരങ്ങൾ അയക്കുക
4. ഉത്തരങ്ങൾ ഈമെയിലിലോ വാട്സാപ്പിലോ അയക്കാവുന്നതാണ്
5. **ഉത്തരങ്ങൾ അയക്കുന്നവർ പേര്, ഫോട്ടോ, ഉൾപ്പെട്ട് നിൽക്കുന്ന കൂട്ടായ്മ, കോൺടാക്ട് നമ്പർ എന്നിവ കൃത്യമായി എഴുതുക.**
6. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടായാൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നതായിരിക്കും
7. ശരിയുത്തരം അയച്ചവരുടെ പേരുകളും വിജയിയുടെ ഫോട്ടോ ഉൾപ്പെടെ ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്
8. വിജയിക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്
9. പൂർണമല്ലാത്ത ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല
10. ബൈബിൾ ക്വിസിന്റെ ഉത്തരങ്ങൾ റഫറൻസ് ഉൾപ്പെടെ അയക്കണം
11. ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ നൽകുന്നതാണ്.
12. ശരിയുത്തരമയക്കുന്ന എല്ലാവർക്കും *HH Appreciation Certificate* ലഭിക്കുന്നതാണ്

**ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ**
**ശരിയുത്തരമയക്കുന്ന എല്ലാവർക്കും**
*HH Appreciation Certificate*



ഹലോ ഹോപ്പ് 1-ാം ലക്കം ബൈബിൾ ക്വിസ് വിജയി ജോൺസി അനിലിന് (ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്) സമ്മാനം നൽകുന്നു.
ഇടത്തു നിന്ന്: ചെറിയാൻ മാത്യൂസ്, ജിജോ അങ്കമാലി (ക്വിസ് മാസ്റ്റർ) ജോൺസി അനിൽ, *പാസ്റ്റർ പി.സി. വർഗീസ്, രാജീവ് സ്റ്റുവർട്ട്*



ഹലോ ഹോപ്പ് 1-ാം ലക്കം പസിൽ വിജയി പ്രെയ്സി പൊന്നച്ചന് (ഐ.പി.സി. ബഹറിൻ) സമ്മാനം നൽകുന്നു.
ഇടത്തു നിന്ന്: പാസ്റ്റർ ജയ്സൺ കെ.കെ., *രാജീവ് സ്റ്റുവർട്ട്*, പാസ്റ്റർ റ്റി.റ്റി. തോമസ്, പ്രെയ്സി പൊന്നച്ചൻ, ചെറിയാൻ മാത്യൂസ്, ബ്രദർ പൊന്നച്ചൻ

Issue 2 May 2017

## ബൈബിൾ ക്വിസ്സ്-ശരി ഉത്തരം അയച്ചവർ

1. പാസ്റ്റർ വിനിൽ സി ജോസഫ്, ഐപിസി ബെഥേൽ
2. ജോൺസി അനിൽ, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്
3. അനിതാ റോയി, ക്രൈസ്റ്റ് ചർച്ച് ഇൻർനാഷണൽ
4. സിന്ദു ജോഷി, ബഹ്റിൻ ചർച്ച് ഓഫ് ലിവിംഗ് ഗോഡ്
5. സുബി ലിജോ മാത്യു, ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ പ്രയർ ഫെല്ലോഷിപ്പ്
6. ബിന്ദു ജോൺസൺ, ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ പ്രയർ ഫെല്ലോഷിപ്പ്
7. ലിറ്റി ഷിബു, മനാമ ബ്രദറൺ അസംബ്ലി
8. മഞ്ചു നെവിൻ, ഐപിസി ബെഥേൽ
9. ജിബി മാത്യു, ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ പ്രയർ ഫെല്ലോഷിപ്പ്
10. മെറ്റി ഷിബു, ശാരോൺ ഫെല്ലോഷിപ്പ് ചർച്ച്
11. ഷൈനാ മധു, ഐപിസി ബഹ്റിൻ
12. ഷെറിൻ ഷിനു, സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യ, ബഹ്റിൻ
13. പ്രൈസി പൊന്നച്ചൻ, ഐപിസി ബഹ്റിൻ
14. ഷൈനി ഷിബു, ഗഫൂൾ ബ്രദറൺ അസംബ്ലി
15. ഒ.പൊന്നച്ചൻ, ഐപിസി ബഹ്റിൻ
16. ലിസി വർഗീസ്, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്
17. ജെസി ജേക്കബ്, അസംബ്ലീസ് ഓഫ് ഗോഡ് ചർച്ച്
18. മിനി പൊന്നച്ചൻ, ഐപിസി ബഹ്റിൻ
19. സാമുവേൽ എബ്രഹാം സണ്ണി, ഐപിസി ബഹ്റിൻ
20. സിനി ഡിപിൻ, റിവൈവൽ ഫെല്ലോഷിപ്പ് ചർച്ച് ഓഫ് ബഹ്റിൻ
21. നിൻസി പ്രവീൺ, ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ പ്രയർ ഫെല്ലോഷിപ്പ്
22. എൽസാ റെയ്ച്ചൽ ഷിജു, ഐപിസി ബഹ്റിൻ
23. ഗ്രൈസ് ബിജു ജോർജ്ജ്, ബെഥേൽ ചർച്ച്
24. സബിതാ സുജിത്ത്, ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ഇൻ ഇന്ത്യ, ന്യൂഡെൽഹി

## Puzzle-those who sent correct answers

1. Pr.vinil C Joseph,Ipc Bethel
2. Robin Johnson Varghese,Church Of God Full Gospel Prayer Fellowship
3. Bindu Johnson, Church Of God Full Gospel Prayer Fellowship
4. Rincy Gracy Roy,Sharon Fellowship Church
5. Azariya P.eden, Church Of God Full Gospel Prayer Fellowship
6. Nincy Praveen, Church Of God Full Gospel Prayer Fellowship
7. Sinu Jose,Sharon Fellowship Church
8. Letty Shibu,Manama Brethren Assembly
9. Nevin Renjith,Sharon Fellowship Church
10. Suby Lijo Mathew, Church Of God Full Gospel Prayer Fellowship
11. Ruby Sara Varghese, Sharon Fellowship Church
12. Joncy Anil,Sharon Fellowship Church
13. Jyothi Wilson,Ipc Bethel
14. Metty Shibu,Sharon Fellowship Church
15. Schweitzer Paul,Sharon Fellowship Church
16. Sindhu Joshi,Bahrain Church Of Living God
17. Aneeta Thomas,Assemblies Of God Church
18. Angel Vinod,Ipc Hebron
19. Mary Thomas,Bahrain Church Of Living God
20. Sofi Jacob, Church Of God Full Gospel Prayer Fellowship
21. Giby Mathew, Church Of God Full Gospel Prayer Fellowship
22. Shyna Madhu,Ipc Bahrain
23. Manju Nevin,Ipc Bethel
24. Sherin Shinu,St.thomas Evangelical Church Of India,Bahrain



Rajeev Stuvert Cherian Mathews Jijo Angamaly
HH Knowledge Cafe 2- Draw

25. Praisy Ponnachan,Ipc Bahrain
26. Aleena Susan Shibu, Gafool Brethren Assembly
27. O.ponnachan,Ipc Bahrain
28. Lizy Varghese,Sharon Fellowship Church
29. Jessy Jacob,F:\BMCC - logo.pdf Of God Church
30. Judith Franko,Gilgal Church Of God
31. Mini Ponnachan,Ipc Bahrain
32. Samuel Abraham Sunny,Ipc Bahrain
33. Preethy Binil,Revival Church
34. Grace Biju George,Bethel Church
35. Lincy Roopesh,Bethel Church
36. Elsa Rachel Shiju,Ipc Bahrain
37. Annie Pappachan,Immanuel Ipc
38. Esther Elssa Ani,Immanuel Ipc
38. Esther Elssa Ani,Immanuel Ipc
39. Suni S. Suku, IPC Tamil Church
40. Sini Dipin, Revival Fellowship Church of Bahrain

*ശരിയുത്തരമയച്ചവർക്കുള്ള സർട്ടിഫിക്കറ്റുകൾ അതാത് സഭകളിൽ എത്തിക്കുന്നതാണ്.

HH REJOICE



*Prayerful wishes for a blessed married life to*

**Genius & Jubiya**

*With best compliments*
Joykutty & Family



*Prayerful wishes for a blessed married life to*

**Joyce & Rincy**

*With best compliments*
**Sam Varghese & Family**

# CHRISTIAN MINISTERS AS AN AGENT OF HOPE TO THE HOPELESS:
## A SHORT REFLECTION ON EZEKIEL 37:7-10



Pastor Wilson Cherian
Bangalore

*7 So I prophesied as I had been commanded; and as I prophesied, suddenly there was a noise, a rattling, and the bones came together, bone to its bone.*
*8 I looked, and there were sinews on them, and flesh had come upon them, and skin had covered them; but there was no breath in them.*
*9 Then he said to me, "Prophesy to the breath, prophesy, mortal, and say to the breath: Thus says the Lord GOD: Come from the four winds, O breath, and breathe upon these slain, that they may live."*
*10 I prophesied as he commanded me, and the breath came into them, and they lived, and stood on their feet, a vast multitude. (Ezekiel 37:7-10 NRSV)*

### The prophet Ezekiel as a minister of Hope

The prophetic passage Ezekiel 37:7-10 reflects upon the vision of dry bones. This text is a part of a popular text Ezekiel 37 that speaks of the possibility in the midst of impossibilities. In other words, this text instills hope in midst of hopelessness.

The author Ezekiel was born the son of a priest but he is better known as a prophet in the Babylonian exile. He was a messenger of hope entrusted with the difficult task of prophesying to the people of Judah when they were captives in exile. The people of Judah present a perfect example of a desperate people. They had lost their King and their land, which in turn resulted in loss of trust in Yahweh their God who had promised eternal kingdom to David's house. Thus, the exiles having lost their anchor of hope in the promises of God; lost all expectations, felt desperate and had given up hope. Pessimistic views of their present plight erased all promises of God from their mind. This is true in our context too; many have lost hope and do not expect anything good to happen anymore. Will the terrorist activities in our nation and the world cease? Johnathan Bernis, President of Jewish Voice Ministries, with all pessimism raises the question, "Is peace possible?" In the Indian context, will our nation be free of the evils of the caste system, dowry, and other social evils? How shall we respond to the people affected with AIDS and other terminal illness?

Humanly speaking, we are clueless and hopeless. However, it is at such junctures that people need someone, whom they can trust to instill that expectation and hope in their hopeless situation. In fact, it is in such a time as these that we have received the call to be agents to give hope and to ignite transformation.

Dry bones and the symbolic vision highlight such a hopeless situation, where the future is not bleak but extinct. However, the prophet himself being in exile was in better position to proclaim the message of hope.

***Hence, firstly being with the people in crisis puts one in better position to communicate hope.***

The book of Ezekiel notes the phrase 'in midst of them' or 'among' about 116 times. His position as one of them gave his message of future restoration and resurrection of the life of the nation a better reception.

Christian public witness becomes more effective by identifying with the people and creation in crisis than by great contemplation in isolation. The call to be apostles of Jesus Christ, a term from Greek avpostoloj (apostolos) that implies – one sent with commission, purpose and with the authority of the sender necessitates identifying with the people in crisis. Friends this call is not exclusive to Pastors and missionaries but to every follower of Jesus Christ. Let us be reminded of Jesus' words, "Jesus said to them again, "Peace be with you. As the Father has sent me, so I send you"" (John 20:21 NRSV).

***Secondly, Proclaim the divine message of hope whether it makes sense or not.***

One of the tasks of the apostles of Jesus Christ is to proclaim the message of hope through their life and words. This is similar to the function of prophets of the Old Testament. Therefore, the task of the prophet, the Greek word profh,thj (prophētēs) – which implies being a messenger of God – functions to just proclaim the message from God, here in Ezekiel, the message of hope. The word "so" in Ezekiel 37:7 indicates that the words of prophecy did not stem from the prophets confidence but from the Lord who gave the message.

The prophet is likewise commanded in v.9 to prophecy to the breath and wind, which eventually makes the corpses come alive. Let us communicate the words of hope received from the Lord Jesus into the lives of people without hope and intercede so that God would bring them to life.

In order to instill hope and transformation, it is imperative to obey the call and message that one receives. In the Genesis account of creation, God spoke and the wonder of creation transformed the formless and void earth into a beautiful world; Likewise, God breathed into lifeless human being making them living being (Genesis 1). Now, God speaks through the prophets and apostles and His words come true.

***Finally, when we identify with the people and proclaim the words of hope, then we can witness wonders in the life of people.***

God speaks and performs; all that is expected of us as apostles is to go out and as prophets to proclaim it faithfully and witness the works of the Lord. We are only privileged partners with God in His business. As prophets, we may witness the fulfillment of the message only in visions; the reality may be sooner or later. The prophet may pass away but the words of prophecy will be fulfilled in God's time in future.

Friends, you and I are called as apostles and prophets of Jesus Christ to be with the broken and shattered people to proclaim the good news of hope and a better future. Try out, be an apostle and prophet to the needy people around us, proclaim the words of hope and witness God's miracles in the lives of people.





COMMAND

**2 തെസ്സലൊ.3.13**
നിങ്ങളോ സഹോദര
ന്മാരേ, നന്മ
ചെയ്യുന്നതിൽ
തളർന്നുപോകരുത്.

PROMISE

***യോഹന്നാൻ 15.7***
നിങ്ങൾ എന്നിലും
എന്റെ വചനം നിങ്ങ
ളിലും വസിച്ചാൽ നി
ങ്ങൾ ഇച്ഛിക്കുന്നത്
എന്തെങ്കിലും അപേ
ക്ഷിപ്പിൻ; അത്
നിങ്ങൾക്ക് കിട്ടും.





# ബൈബിൾ സർവ്വേ

ജി.പി.നിശ്ചൽ റോയി
തിരുവനന്തപുരം



*'ദൈവം മനുഷ്യന് നൽകിയിട്ടുള്ള ദാനങ്ങളിലേക്കുംവെച്ച് അതിശ്രേഷ്ഠമായ ദാനമാണ് ബൈബിൾ'*
*എബ്രഹാം ലിങ്കൺ*

## പഞ്ചഗ്രന്ഥം അഥവാ ന്യായപ്രമാണം

സർവ്വയുഗകാലങ്ങളേയും സംബന്ധിക്കുന്ന ദൈവതിരുഹൃദയത്തിലെ ആസൂത്രണനിയന്ത്രണ പദ്ധതികൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന അനുഗ്രഹീതഗ്രന്ഥമായ ബൈബിളിലെ ഒന്നാം വിഭാഗത്തിലെ ആദ്യത്തെ 5 പുസ്തകങ്ങളെയാണ് പഞ്ചഗ്രന്ഥം അഥവാ ന്യായപ്രമാണം എന്ന് വിളിക്കുന്നത്. ഈ 5 പുസ്കതങ്ങളും ഒരാൾതന്നെ എഴുതിയതുകൊണ്ടാണ് ഇവയെ അങ്ങനെ അറിയപ്പെടാൻ കാരണമെന്ന് സാമാന്യമായി ചിന്തിക്കാം.

## ഗ്രന്ഥകർത്താവ്

തുടക്കത്തിൽ പറഞ്ഞതുപോലെ ഈ അഞ്ചുഗ്രന്ഥങ്ങളുടേയും എഴുത്തുകാരൻ ഒരാളായതിനാൽ ഗ്രന്ഥകർത്തൃത്വം വെവ്വേറേ വിവരിക്കേണ്ട ആവിശ്യമില്ല. പ്രവാചകനും നിയമദാതാവും നേതാവും നായകനും എന്ന നിലയിൽ ചതുർമുഖ പ്രതിഭയായ മോശയാണ് പഞ്ചഗ്രന്ഥങ്ങൾ എഴുതിയതെന്ന് പുരാതനകാലം മുതൽ യഹൂദന്മാർ വിശ്വസിക്കുകയും സമർത്ഥിക്കുകയും ചെയ്യുന്നു. കൂടാതെ നമ്മുടെ കർത്താവായ യേശുക്രിസ്തു ഭയപ്പെട്ടിരുന്ന ശിഷ്യന്മാരുടെ അടുക്കൽ വന്ന് പഞ്ചകായ പ്രത്യക്ഷം നടത്തിയശേഷം ഉരുവിട്ട വചനങ്ങളിൽ പഴയനിയമത്തെ വിഭജിച്ചുകൊണ്ട് മോശയുടെ ന്യായപ്രമാണം എന്ന് പറഞ്ഞിരിക്കുന്നതും ഉൽപ്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു ഗ്രന്ഥങ്ങളെ തന്നെയാണ്.

## ഉല്പത്തി പുസ്തകം

മോശൈക പഞ്ചഗ്രന്ഥത്തിലെ പ്രഥമപുസ്തകം. ആരംഭങ്ങളുടെ പുസ്തകം എന്ന് മറുപേരുള്ള ഈ പുസ്തകം ആദിയായും ശാശ്വതമായും ഗതിഭേദങ്ങളുടെ ആച്ഛാദനമില്ലാതെ സ്ഥിതിചെയ്യുന്നു. ജഗന്നിയന്താമായ ദൈവം ഒഴികെയുള്ള സകലത്തിന്റേയും ആരംഭം പ്രഖ്യാപിക്കുന്നു.

എബ്രായ ഭാഷയിൽ പുസ്കത്തിന്റെ ആദ്യവാക്കോ പ്രയോഗമോ ആണ് ഗ്രന്ഥത്തിന് പേരായി വരുന്നത്. അതനുസരിച്ച് ഉൽപ്പത്തി പു സ്തകത്തിലെ ആദ്യവാക്ക് 'ആദിയിൽ' എന്നാകയാൽ 'ബറിഷത്ത്' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ തല്മൂദുകളുടെ കാലത്ത് പ്രപഞ്ചസൃഷ്ടിയുടെ ഗ്രന്ഥം എന്നാണ് ഉൽപ്പത്തിക്ക് നൽകിയിരുന്നത്. സെപ്റ്റുവജന്റ് തർജ്ജിമക്കാർ 'ഗെനേസെയോസ്' എന്ന പദം ഉപയോഗിച്ചു. ഇതിൽ നിന്നാണ് 'ജനസിസ്' എന്ന ലത്തീൻ ഇംഗ്ലീഷ് പദം ഉായത്.

## എഴുതിയ സ്ഥലവും കാലവും

യിത്രോവിന്റെ ആടുകളുമായി ഹോരേബിൽ നിൽക്കുമ്പോൾ മുൾപടർപ്പിൽ പ്രത്യക്ഷനായ ദൈവം മിസ്രയീമിലേക്ക് പോകാൻ മടിച്ചു നിൽക്കുന്ന മോശെയ്ക്ക് തന്റെ ദൗത്യം എന്തെന്ന് മനസിലാക്കി കൊടുക്കുവാൻ ഉൽപ്പത്തി പുസ്തകം വിവരിച്ചതായിരിക്കാം എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ സീനായ് മലയിൽ വെച്ച് 40 ദിവസത്തെ ദൈവസന്നിധിവാസത്തിൽ ഇരിക്കുമ്പോൾ ഏകദേശം ബി.സി 1688-ൽ എഴുതിയെന്നും അഭിപ്രായമുണ്ട്. രണ്ടാമത്തെ സന്ദർഭമാണ് കൂടുതൽ വിശ്വസനീയം.

## പുസ്തകത്തിന്റെ പ്രത്യേകതകൾ

ആദിയിൽ എന്നാരംഭിച്ച് ശവപ്പെട്ടിയോടുകൂടി അവസാനിക്കുന്ന ഈ ഗ്രന്ഥത്തിൽ പ്രപഞ്ചോൽപ്പത്തി, മനുഷ്യോൽപ്പത്തി തുടങ്ങി സകലത്തിന്റേയും ആരംഭങ്ങളുടെ വിവരണം നൽകുന്നു. ആദ്യത്തെ കൃഷിക്കാരൻ, ആദ്യത്തെ സംഗീതക്കാരൻ, ആദ്യത്തെ നായാട്ടുവീരൻ, ആദ്യത്തെ ആയുധപാണി, ആദ്യത്തെ ആരാധന, ആദ്യത്തെ മൃഗപാലൻ തുടങ്ങി ആദ്യത്തേത് എന്നു പറയാവുന്ന ഒട്ടനവധി കാര്യങ്ങൾ ഉൽപ്പത്തിയിലുണ്ട്. ഏറ്റവും അധികം വർഷം ജീവിച്ച മനു ഷ്യൻ, തലമുറയ്ക്കുവേണ്ടി ഏറ്റവുമധികം വർഷം കാത്തിരുന്ന മനുഷ്യൻ, മഴവില്ല്, യാഗം തുടങ്ങി അനേക ചരിത്ര സംഭവങ്ങൾ ഉൽപ്പത്തിയുടെ പ്രത്യേകതകൾ ആണ്.

## പ്രധാന വ്യക്തികൾ

ആദിമനുഷ്യരായ ആദാമും ഹൗവ്വയും, ദൈവത്തോടുകൂടെ നടന്ന ഹാനോക്ക്, ജലപ്രളയത്തിൽ രക്ഷപ്പെട്ട നോഹ, വിശ്വാസികളുടെ പിതാവ് അബ്രഹാം, വാഗ്ദത്ത സന്തതി യിസ്സഹാക്ക്, യിസ്രായേൽ രാജ്യത്തിന്റെ പിതാവ് യാക്കോബ്, മിസ്രയീമിലെ ആദ്യത്തെ അന്യജാതിക്കാരനായ (യിസ്രയേല്യനായ) മന്ത്രി യോസഫ് തുടങ്ങി വൻതാരനിര ഉൽപ്പത്തിയുടെ ശ്രേഷ്ഠത ഉയർത്തി കാണിക്കുന്നു.

## സ്ഥിതിവിവര കണക്കുകൾ

വിശുദ്ധവേദപുസ്തകത്തിലെ പ്രഥമ ഗ്രന്ഥമായ ഉൽപ്പത്തി പുസ്തകത്തിൽ 50 അദ്ധ്യായങ്ങൾ, 1515 വാക്യങ്ങൾ, 149 ചോദ്യങ്ങൾ, 56 പ്രവചനങ്ങൾ, 106 കൽപ്പനകൾ, 71 വാഗ്ദത്തങ്ങൾ എന്നിവ ഉണ്ട്. ഏറ്റവും ചെറിയ അദ്ധ്യായം - 16, വലുത് - 24. കൂടാതെ 34 വാക്യങ്ങൾ ഉള്ള 5 അദ്ധ്യായങ്ങൾ ഈ പുസ്തകത്തിലുണ്ട്. പ്രധാന വാക്യം 3:15 ആണ്.

വീഴ്ചയിൽ താഴ്ച ഭവിച്ച മനുഷ്യന് ഉയർച്ച നൽകാൻ ഇദ്ധരയിൽ വന്ന ക്രിസ്തുവിന് നിഴലായി ചിന്തകന്മാർ വരച്ചുകാണിക്കുന്ന യോസേഫിന്റെ ചരിത്രത്തോടുകൂടി അവസാനിക്കുന്ന ഉൽപ്പത്തി പുസ്തകം അനുവാചകർക്ക് ഇമ്പമായി മാറട്ടെയെന്ന് ആഗ്രഹിച്ചും പ്രാർത്ഥിച്ചും കൊണ്ട് നിറുത്തുന്നു.

# Tackle Dehydration Of Scorching Summer

Hello Health



Dr. Jissa Mary Joseph

*With the temperature crossing 40 degrees Celsius, the effects of extreme heat can potentially have a very severe impact on the human body. During the summer months, as temperature soars everyone is at risk of dehydration, which can lead to serious complications, including - heat injury, urinary and kidney problems, cerebral edema (swelling of the brain), seizures, low blood volume shock (hypovolemic shock)*


*In the wake of severe heat wave conditions, it's a must to know about the risks, symptoms of dehydration as well as the ways that may help you stay fit and hydrated throughout the hot summer.*

*The signs and symptoms of dehydration may be included in adults –*

- *Excessive thirst*
- *Dark-colored urine*
- *Fatigue*
- *Dizziness*
- *Headaches*
- *Dry mouth, lips, and eyes*
- *Less frequent urination*

***In babies –***

- *Sunken eyes, cheeks*
- *No tears when crying*
- *Rapid breathing*
- *Dry mouth and tongue*
- *Fewer wet nappies*
- *Drowsiness*
- *Prevention*



*Dehydration can be prevented by taking wise steps. These include –*

- *Drinking plenty of fluids and water throughout the day, while also ensuring that the whole family begins and ends the day with a glass of water.*
- *Taking natural juice without added sugar that has essential nutrients to keep you active in hot weather.*
- *Eating foods high in water such as fruits and vegetables.*
- *Limiting caffeinated beverages like coffee, tea or some soft drinks.*
- *Avoiding peak hours of sunlight when the temperatures and UV rays are at their highest, normally between 11 a.m. and 3 p.m.*
- *Wearing loose-fitting and cotton clothes.*
- *Dehydration requires medical attention, if left untreated, it can become severe which can be fatal. Therefore, seek immediate medical help, if you suspect someone is severely dehydrated.*


# ‘ക്രിസ്തുവിൽ ഒന്ന് ’1958 മുതൽ



Jacob George
BMCC President

(.....1-ാം പേജിൽ നിന്നും തുടർച്ച)

ആ സമയത്ത് അമേരിക്കൻ മിഷൻ ആശുപത്രിയുടെ ചുമതല വഹിച്ചിരുന്നത് ഡോ.ഹാരിസ് എന്ന ദൈവഭക്തനായ ഒരു അമേരിക്കൻ വിശ്വാസി അയിരുന്നു. രാജകുടുംബത്തിൽ നിന്നും ഡോ.ഹാരിസിനെ ബന്ധപ്പെടുകയും ചുരുക്കം ചില മലയാളികളുടെ സഹകരണത്തോടെ അമേരിക്കൻ മിഷൻ മൃതദേഹം സംസ്ക്കരിക്കുകകയും ചെയ്തു. അതേതുടർന്ന് ഡോ.ഹാരിസ്, മലയാളികളുടേതായ ഒരു ക്രിസ്തീയ കൂടിവരവ് ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അന്നുണ്ടായിരുന്ന ക്രിസ്ത്യാനികളെ ബോദ്ധ്യപ്പെടുത്തി. തന്മൂലം 1952-ൽ വിവിധ സഭാവിഭാഗങ്ങൾ ഒത്തുകൂടുകയും ഒരു സംഘടന രൂപീകരിക്കാൻ മനസ്സുവയ്ക്കുകയും ആയതിന് അനുയോജ്യമാകുംവിധം മലയാളി ക്രിസ്റ്റ്യൻ കോൺഗ്രിഗേഷൻ (MCC) എന്ന നാമം തിരഞ്ഞെടുക്കുകയും ചെയ്തു.



MCC Committee 1952

## ആരംഭനാളുകളും വളർച്ചയും

കോൺഗ്രിഗേഷൻ മീറ്റിംഗുകൾ മാസത്തിൽ ഒന്ന് എന്ന കണക്കിലാണ് ആദ്യം ആരംഭിച്ചത്. അത് രണ്ടുവർഷത്തോളം തുടരുകയും, ആഴ്ചതോറും എന്ന ക്രമത്തിലേക്ക് മാറുകയും ചെയ്തു. ആദ്യകാലങ്ങളിൽ അംഗസംഖ്യ പരിമിതമായിരുന്നതിനാൽ വീടുകളിലായിരുന്നു കൂടി വന്നിരുന്നത്. അതിനുശേഷം മീറ്റിംഗുകൾ അമേരിക്കൻ മിഷൻ ചർച്ചിൽ ആരംഭിക്കുന്നതിന് സാധിച്ചു. MCC യെ കൂടാതെ മറ്റുള്ള ക്രിസ്തീയ കൂട്ടായ്മകൾക്കും ആരാധനാസൗകര്യം, സമയ ക്ലിപ്തം ഇവ ക്രമീകരിച്ചു കൊടുക്കേണ്ടുന്ന കടപ്പാട് അമേരിക്കൻ ചർച്ചിന് നേരിടുക നിമിത്തം ഒന്നിടവിട്ടുള്ള വെള്ളിയാഴ്ചകളിലെ ആരാധനക്കായി ആഗ്ലിക്കൻ ദേവാലയമായ സെന്റ്. ക്രിസ്റ്റഫർ ചർച്ച് ലഭ്യമാകുകയും അങ്ങനെ കുറേനാൾ തുടർന്നശേഷം ഇപ്പോൾ പൂർണ്ണമായും കോൺഗ്രിഗേഷന്റെ വെള്ളിയാഴ്ച മീറ്റിംഗുകൾ പ്രസ്തുത സ്ഥലത്ത് നടന്നു പോരികയും ചെയ്യുന്നു.



Committee Meeting 1985

ആ സമയത്താണ് മാർത്തോമ്മാ സഭയുടെ പട്ടക്കാരനായിരുന്ന റവ.ഫിലിപ്പ് ഉമ്മൻ (റവ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പൊലിത്ത) ബഹ്റൈൻ സന്ദർശിക്കുന്നത്. അദ്ദേഹവുമായി ക്രിസ്തീയ സംഘടനയുടെ രൂപീകരണത്തിന്റെ ആവശ്യകത പങ്കിട്ടപ്പോൾ, അദ്ദേഹം ആ ചിന്തയെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. തുടർന്ന് തന്റെ സാന്നിധ്യത്തിലും അധ്യക്ഷതയിലും 1952-ൽ MCC യ്ക്ക് ആരംഭമിട്ടു. പ്രഥമ പ്രസിഡന്റായി മർത്തോമ്മക്കാരനായിരുന്ന ഡോ. കെ.ടി.എബ്രഹാമിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

ഡോ.കെ.ടി.എബ്രഹാം, ടി.വി.എബ്രഹാം (സി.എസ്.ഐ) എന്നിവർ മാറിമാറി പ്രസിഡന്റുമാരായും സഹോ. പി.സി.എബ്രഹാം, കെ.സി.ഡാനിയേൽ തുടങ്ങിയവർ സെക്രട്ടറിമാരായും സേവനം അനുഷ്ഠിച്ചുപോന്നു. വർഷാന്ത്യത്തെ ജനറൽബോഡി യോഗത്തിൽ തിരഞ്ഞെടുപ്പിനായി വോട്ടിംഗ് സംവിധാനവും ഉണ്ടായിരുന്നു.

> ആത്മീയതയ്ക്ക് മുൻതൂക്കം നൽകി പ്രവർത്തിക്കാനാരംഭിച്ചപ്പോൾ സംഘടനയുടെ പേര് **MCC** എന്നത് മാറ്റി 1958-ൽ ബഹ്റൈൻ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ **(BMCC)** എന്ന് പേർ വിളിക്കുകയും ചെയ്തു.

## മാറ്റത്തിന്റെ നാൾവഴികൾ

ആദ്യവത്സരങ്ങളിൽ ദൈവവചനത്തിനും പ്രാർത്ഥനയ്ക്കും മറ്റും നൽകി വന്നതിലധികം പ്രാധാന്യം നൽകിവന്നത് ക്രിസ്തുമസ്സ്, പിക്നിക്ക് മുതലായ കൂടിവരവുകൾക്കാണ്. പിന്നീട് പലസമയങ്ങളിലായി നേതൃത്വത്തിൽ വന്ന ദൈവഭക്തന്മാരായ സഹോദരന്മാർ വചനശുശ്രൂഷക്കും, പ്രാർത്ഥനക്കും, ആത്മീക ഐക്യതയക്കും ഊന്നൽ നൽകി പ്രവർത്തിപ്പാനാരംഭിച്ചു. ആയത് ഏറ്റവും സ്വീകാര്യമായിതീരുകയും, അത്തരത്തിലുള്ള ആത്മീയ സമ്മേളനങ്ങളിൽ അംഗങ്ങൾ കൂടിവരുകയും ചെയ്തു. ഈ വിധത്തിൽ ആത്മീയതയ്ക്ക് മുൻതൂക്കം നൽകി പ്രവർത്തിക്കാനാരംഭിച്ചപ്പോൾ സംഘടനയുടെ പേര് MCC എന്നത് മാറ്റി 1958-ൽ ബഹ്റൈൻ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ (BMCC) എന്ന് പേർ വിളിക്കുകയും ചെയ്തു. ഇപ്പോൾ മഹത്വത്തിൽ വിശ്രമിക്കുന്നവരായ സഹോ.പി.ഇ.ജോസഫ്, പാസ്റ്റർ എം.ടി.സാമുവേൽ, പാസ്റ്റർ ടി.ടി.ജോസഫ് മുതലായവർ BMCC യുടെ ചുമതലക്കാരായി വന്നതോടെ കോൺഗ്രിഗേഷന്റെ കാഴ്ച്ചപ്പാടിൽ തന്നെ നൂതനങ്ങളായ മാറ്റങ്ങളും ആത്മീക മുന്നേറ്റങ്ങളും ദൃശ്യമായി.



BMCC Regular Service at St. Christopher Cathedral - 1985

1968- ൽ പാസ്റ്റർ ടി.ടി.ജോസഫ് പ്രസിഡന്റായിരുന്ന സമയത്താണ് സുഗമമായ നടത്തിപ്പിനായ് BMCC യ്ക്ക് ഒരു ഭരണഘടന ഉണ്ടായത്. 1983-ൽ CEF എന്ന അമേരിക്കൻ ആസ്ഥാനമായ സംഘടനക്ക് ബഹ്റൈനിൽ തുടക്കമാകുന്നത്. പാസ്റ്റർ സി.ഡി. ജോർജ്ജ് പ്രസിഡന്റായിരുന്ന സമയത്താണ്. BMCC യുടെ മുൻ പ്രസിഡന്റായിരുന്ന സഹോ.പി.ജെ.ജെയിംസ് ഈ സ്ഥാപനത്തിന്റെ പ്രഥമ ചെയർമാനായി ചുമതലയേൽക്കുകയും ചെയ്തു.



Committee 1968

ഫാമിലി ന്യൂസ്, ആത്മീക ഗീകങ്ങൾ, രജത,സുവർണ്ണജൂബിലി സുവനീറുകൾ, പ്രബന്ധസമാഹാരം, വേദമത്സര ചോദ്യാവലി കലണ്ടർ എന്നിവ BMCC യുടെ പ്രസിദ്ധീകരണങ്ങളായി പുറത്തു വന്നിട്ടുണ്ട്. കൂടാതെ 1989-ൽ മ്യൂസിക്ക് & അഗാപ്പെ തുടങ്ങിയ വിപുലമായ സുവിശേഷ സംഗീതയോഗങ്ങൾ, മറ്റു സന്ദർഭങ്ങളിൽ സംഗീതസുവിശേഷ സന്ധ്യകൾ സംഘടിപ്പിക്കാൻ BMCC യ്ക്ക് ഇടയായിട്ടുണ്ട്. കൂടാതെ കുട്ടികൾക്കും മുതിർന്നവർക്കും പ്രയോജനകരമായവിധം ക്രമീകൃതമായ ബൈബിൾ കിസ്സ് പരമ്പരകൾ, ഇന്റർചർച്ച് ബൈബിൾ കിസ്സ് മത്സരങ്ങൾ, എസേ റൈറ്റിംഗ് എന്നിത്യാധി പ്രോഗ്രാമുകൾ സന്ദർഭോചിതമായി നടത്തിവരുന്നു.

(തുടരും...)

# Jesus in Every Book of the Bible


Rev. Georgy Mathew Alexios

The Bible is all about Jesus. He is pictured or prophesied about in each of the 66 books of the Bible. He didn't just appear in the Gospels. He wasn't spoken about in the Epistles alone. A close examination of each book of the Bible reveals the fascinating fact of Jesus present in each book of the Bible starting with Genesis through Revelation. Here is a description of how Jesus is predominantly pictured in each of the 66 books of the Bible.

## Old Testament

***Genesis***
He is the Seed of the Woman who bruises the head of the serpent (Gen. 3:15); the descendant of Abraham, a king in the line of Judah in the order of Melchizedek. He is also pictured in Isaac's life as the sacrificed Son (Gen. 22), and Joseph's life as the rejected Brother (Gen. 27).

***Exodus***
He is ourPassover Lamb(Ex. 12; John 1:29,36). He is the Manna from heaven (Ex. 16; John 6); the Rock struck at Horeb (Ex. 17; 1 Cor. 10:4); the Tabernacle with its Brazen Altar, Lampstand, Ark of the Covenant, Table of Showbread, etc. (Ex. 25-30).

***Leviticus***
He is ourHigh Priest (Lev. 16). He is also seen as the Scapegoat (Lev. 16:7-9); and in the Jewish festivals of Passover, Atonement (Lev. 16; 23).

***Numbers***
He is ourProvider as seen in the Rock that provided water (Num. 20);the Cloud by day and the Pillar of Fire by night;the Messiah who would be King (Num. 24:17); the Healer in the bronze serpent incident (Num. 21:8-9).

***Deuteronomy***
He is the Prophet like Moses (Deut. 18:15-19; John 6:14); the Messiah who is worshipped by angels (Deut. 32:43; Luke 2:13-14); our city of refuge (Deut. 4:41).

***Joshua***
He is the Captain of our Salvation. He is pictured in the person of Joshua as our leader into the promised land. He is seen as the Commander of the Lord's army (Josh. 5:13-15).

***Judges***
He is our Judge and Lawgiver seen in the lives of the judges. He is the true Judge of the living and the dead.

***Ruth***
He is our Kinsman Redeemer seen in the life of Boaz (Ruth 2:1).

***1 Samuel***
He is the Prophet of the Lord, the Messiah exalted by God with power (1 Sam. 2:10; Matt. 28:18).

***2 Samuel***
He is the descendant of David (2 Sam. 7:12-16; Matt. 1:1). He is the Rock (2 Sam. 23:2-3; 1 Cor. 10:4).

***1 & 2 Kings***
He is our Reigning King. He is seen in prophet Elijah's life and miracles as in restoring life to the dead son (1 Kings 17:17-24), prophet Elisha's lifeas in the miracles of multiplying bread (2 Kings 4:42), healing the leper (2 Kings 5). Jesus Himself would be the ideal combination of the three offices of Prophet, Priest, and King.

***1 & 2 Chronicles***
He is our Mighty Warrior God whose watchful eyes are always on those who are loyal to Him (2 Chron. 16:9); the Messiah who would be from the tribe of Judah (1 Chron. 5:2; Luke 3:23-32).

***Ezra***
He is our Faithful Scribe who leads us out of our captivity. He is pictured in the person of Zerubbabel, the rebuilder of the temple (Ezra 4).

***Nehemiah***
He is our Intercessor and the Rebuilderof broken down walls. He is the rebuilder of the walls of salvation like Nehemiah.

***Esther***
He is our Defender against the forces opposing us as pictured in the person of Mordecai.

***Job***
He is our Dayspring from on High, as pictured in the sufferings of Job and the blessings that would follow.

***Psalms***
He is the Lord who is our Shepherd. He is the Messiah who would be the Son of God (Ps. 2:7,12; Matt. 17:5);who would be hated without a cause (Ps. 69:4; Luke 23:13-22); who would be despised and crucified (Ps. 22:6-8,14; Matt. 27:35; Luke 23:21-23); who would be resurrected (Ps. 16:8-10; Acts 13:30-37); who would be Lord, seated at the right hand of God (Ps. 110:1,5; 1 Pet. 3:21-22); who would be in the line of Melchizedek (Ps. 110:4; Heb. 6:17-20); who would be the 'stone' rejected by the Jews (Ps. 118:22; Matt. 21:42-43).

***Proverbs***
He is the Wisdom of God(Prov. 8:22-31).

***Ecclesiastes***
He is the Source and Meaning of Life (Eccl. 12:13).

***Song of Solomon***
He is the Rose of Sharon and the Lily of the Valley (Song 2:1);our faithful Lover; our wonderful Bridegroom; the Chief among ten thousand(Song 5:10); and the All-together lovely one.

***Isaiah***
He is the Suffering Servant. He is the Messiah who would be born of a virgin (Isa. 7:14; Luke 1:34-35); who would be Immanuel "God with us" (Isa. 7:14; Matt. 1:21-23); who would be God and man (Isa. 9:6; John 10:30); who would have the seven-fold Spirit upon Him (Isa. 11:1-2; Matt. 3:16-17); who would heal the blind, the lame, the deaf and the broken-hearted (Isa. 35:5-6; 61:1-2; Mark 10:51-52); who would be preceded by a forerunner (Isa. 40:3; Luke 1:17); who would be a light to the Gentiles (Isa. 42:6; John 8:12); who would be despised by the Jews (Isa. 49:7; John 10:20; Matt. 27:23); who would be flogged and beaten (Isa. 50:6; Matt. 26:67; 27:26); who would die as a guilt offering for sin (Isa. 53:10; John 18:11); who provided all-encompassing healing through His death (Isa. 53:4-5; 1 Pet. 2:24); who would be resurrected and live forever (Isa. 53:10; Mark 16:16).

***Jeremiah***
He is the Weeping Prophet. He is the Messiah who would be God (Jer. 23:6; John 13:13); a righteous Branch (Jer. 23:5); our righteousness (Jer. 23:6; 1 Cor. 1:30),

***Lamentations***
He is our Portion (Lam. 3:24).

***Ezekiel***
He is the Son of Man. He would be a descendant of David (Ezek. 34:23-24; Matt. 1:1).

***Daniel***
He is the Son of Man coming in the clouds of heaven. He would be 'a son of man' given an everlasting kingdom (Dan. 7:13-14; Luke 1:31-34); who would come 483 years after the decree to rebuild Jerusalem (Dan. 9:25; John 12:12-23); who would be killed (Dan. 9:26; Matt. 27:35); who is pictured as the 'stone' (and His kingdom) that smashes the kingdoms of the world (Dan. 2:34,44); who is seen in the fourth man in the fiery furnace – one like the Son of God (Dan. 3:25).

***Hosea***
He is our Faithful Bridegroom, seen in Hosea's faithfulness to his adulterous wife (Hos. 3).

***Joel***
He is the Baptizer with the Holy Spirit (Joel 2:28-32). He is the Messiah who would offer salvation to all humankind (Joel 2:32; Rom. 10:12-13).

***Amos***
He is our Great Burden Bearer. God would darken the day at noontime during Messiah's death (Amos 8:9; Matt. 27:45-46).
Obadiah: He is the Mighty Saviour(Obad. 21).

***Jonah***
He is the Forgiving God. He is pictured in Jonah who was three days and three nights in the belly of a fish (Jon. 1:17; Matt. 12:40).

***Micah***
He is the Messenger with Beautiful Feet. He is the Messiah who would be born in Bethlehem (Mic. 5:2; Matt. 2:1-2); who would be from everlasting (Mic. 5:2; Rev. 1:8).

***Nahum***
He is the Avenger of God's elect and a Stronghold in the day of trouble(Nah. 1:2,7).

***Habakkuk***
He is the Great Evangelist, crying for revival. He is pictured in the life of Habakkuk in his intercession and prayer for his people. He is the Messiah who would come from Teman at His return, full of glory (Hab. 3:3).

***Zephaniah***
He is the Restorer of the Remnant, who will rejoice over a saved remnant (Zeph. 3:16-17; Luke 15:7; Heb. 12:2).He is our Protector (Zeph. 2:3; Col. 3:2-3).


***Haggai***
He is the Restorer of God's glory (Hag. 2:6-9; Luke 2:27-32; 1 Cor. 6:19-20).

***Zechariah***
He is the Pierced Son(Zech. 12:10; John 19:34-37). He is the Messiah who would be priest and king (Zech. 6:12-13; Heb. 8:1); who would ride into Jerusalem on a donkey (Zech. 9:9; Matt. 21:6-9); who would be God (Zech. 11:12-13; John 12:45).

***Malachi***
He is the Sun of Righteousness (Mal. 4:2). He would appear at the temple (Mal. 3:1; Mark 11:15-16).

*(............will be continued)*

# Conquering Phobia


Titu, USA

My family and I recently visited my sisterin St. Louis, Missouri. Those werethe moments we were all eagerly waiting for. During our stay, my nephewJoji took us to the famous Gateway Arch. Standing 630 feet tall, the Gateway Arch in St. Louis is the world's tallest man -made monument in the Western Hemisphere and is a must see attraction.To reach the top of the Arch, we had to go on tram cars.Once wereached the top, I looked down through the glass window and experienced sudden dizziness and shortness of breath. Icould not handlethe reality of how high up I was off the ground and feared that I was going to pass out. All I desperately wanted to do was go down the nearest stairs to solid ground and breathe the fresh air. While everyone else wasenjoying the scenic view from the top of the world's tallest arch,why did Ifeel the way I did?It comes down to nothing else than the fact that I had a phobia.Now whether it was a fear of heights or a feeling of instabilitythat the arch was not strong enough to hold me;I still do not know.

An irrational fear or aversion to something is a simple definition for phobia.It is natural and fairly normal for people to have irrational fears.Phobias do not discriminate between social status, age, or culture. Even some of the rich and widely known celebrities have phobias just like the rest of us.

Howie Mandel, a well-known television producer, is said to have germophobia. By his own admission, he chooses not to shake hands with even his closest of friends fearing transmission of germs.Jennifer Aniston and Whoopi Goldberg have the fear of flying known as pteromerhanophobia. This fear was even shared by the late music icon Michael Jackson. Award-winning actress Scarlett Johansson is terrified of cockroaches.Uma Thurman, anotherwell-known actress, is claustrophobic and fears confined spaces.

Christian believers are no exception to having phobias. However, we should notlet any phobia cripple us as we have the promise of our Lord

"Fear thou not; for I am with thee: be not dismayed; for I am thy God: I will strengthen thee; yea, I will help thee; yea, I will uphold thee with the right hand of my righteousness" (Isaiah. 41: 10)

The early Native American Indians had a strange practice of training their young. The night of a boy's thirteenth birthday, after learning various skills like hunting and fishing, he was put to one final test. He was blindfolded and taken several miles inside a dense forest to be left there alone overnight. One such boy was put to this very test and when he took off his blindfold, he realized he was left alone in a deep and dark forest. Somehow, he managed to catch a few hours of unsettling sleep. When he woke up the following morning, to his utter astonishment and shock, he saw a man standing just a few feet away from him, armed with a bow and arrow. His fear was replaced with elation as he realized that this stranger was none other than his own father. During that terrifying night, while he was sleeping, his father was awake all night to protect his son from any possible intruder or wild animal. As Christians, we need to remember that we have a Father in heaven who watches over us even when we feel alone and afraid. He comforts us with His presence when we go through trials and strengthens and upholds us when we are weak. When we are frustrated and on the point of giving up, He sustains us with His unconditional love.By faith, we can overcome any fear in our lives.We just need to put our unwavering trust in Him who is faithful.

# ഈ ദൗത്യത്തിൽ നമുക്കും പങ്കാളികളാകാം..


ഷിബു കുര്യൻ
എൻ.എൽ.സി.ഐ,
ബാംഗ്ളൂർ

ക്രൈസ്തവ വിശ്വാസികളുടെ ആത്മീകവളർച്ചയ്ക്ക് ദൈവവചനം അത്യന്താപേക്ഷിതമാണ്. ദൈവകൽപ്പന തങ്ങളുടെ ഹൃദയപലകയിൽ സൂക്ഷിച്ച് അത് വരുംതലമുറയെ അഭ്യസിപ്പിക്കണമെന്നത് തന്റെ മക്കളോടുള്ള ദൈവീകകൽപ്പനയാണ്. അത് സാദ്ധ്യമാകണമെങ്കിൽ തങ്ങളുടേതായ മാതൃഭാഷകളിൽ ജനങ്ങൾക്ക് തിരുവചനം ലഭിക്കേണ്ടിയിരിക്കുന്നു. അത് വായിച്ചു ധ്യാനിക്കുന്നതിനും, ആഴമായി ഗ്രഹിക്കുന്നതിനും, മനപാഠമാക്കുന്നതിനും, പഠിപ്പിക്കുന്നതിനും, പ്രസംഗിക്കുന്നതിനും, ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനും അത് അവരെ സഹായിക്കുന്നു.

നൂറുകോടിയിലധികം വരുന്ന ഭാരതീയ ജനതയ്ക്ക് വളരെ വ്യത്യസ്തമായ ഭാഷകളും സംസ്ക്കാരവുമാണുള്ളത്. ഇന്ത്യയിൽ ആകെ 469 ഭാഷകൾ സംസാരിക്കപ്പെടുന്നതായി കണക്കാക്കപ്പെടുന്നു. എന്നാൽ പലഭാഷകളും ലിപി ഇല്ലാത്തവയാണ്. തങ്ങളുടെ മാതൃഭാഷ മാത്രം സംസാരിക്കുന്നവരാണ് അധികം ഭാരതീയരും.

ഭാരതത്തിലെ പല വിശ്വാസികൾക്കും മാതൃഭാഷയിൽ ദൈവവചനം ഇല്ലാത്തതിനാൽ മറ്റ് ഭാഷകളിലുള്ള വചനം ഉപയോഗിക്കേണ്ടതായി വരുന്നു. എന്നാൽ പലപ്പോഴും അവർക്ക് അത് പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിയാതെ പോകുന്നു. ആയതിനാൽ ഓരോരുത്തരുടേയും മാതൃഭാഷയിൽ വേദപുസ്തകം പരിഭാഷ ചെയ്യപ്പെടുക എന്നത് വളരെ അത്യന്താപേക്ഷിതമാണ്. ഭാരതത്തിലെ 469 ഭാഷകളിൽ വെറും 75 ഭാഷകളിൽ പൂർണ്ണബൈബിളും 83 ഭാഷകളിൽ പുതിയനിയമവും ലഭ്യമാണ്. 142 ഭാഷകളിൽ ഇപ്പോൾ വേദപുസ്തകപരിഭാഷ നടന്നുകൊണ്ടിരിക്കുന്നു. ഭാഷാ സർവ്വേയുടെ അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ ഇനിയും 169 ഭാഷകളിലൂടെ ദൈവവചന പരിഭാഷ ആരംഭിക്കേണ്ടിയിരിക്കുന്നു.

ഇതരസംസ്ക്കാരത്തിൽ നിന്നുമുള്ള ഒരു വ്യക്തി എല്ലാ സാങ്കേതിക സഹായത്തോടുംകൂടെ പരിഭാഷാ പ്രവർത്തനത്തിലേർപ്പെട്ടാലും പുതിയ നിയമം പൂർത്തിയാക്കുന്നതിന് കുറഞ്ഞത് 12–15 വർഷങ്ങൾ വേണ്ടിവരും. ആയതിനാൽ ഇപ്പോൾ തദ്ദേശവാസികളിൽ അനുയോജ്യരായവരെ തിരഞ്ഞെടുത്ത് ഈ കർത്തവ്യത്തിനായി പരിശീലിപ്പിച്ചുകൊണ്ടിരിക്കുന്നു. തൻമൂലം പുതിയനിയമ പരിഭാഷ 8 വർഷംകൊണ്ട് പൂർത്തീകരിക്കുന്നതിന് ഇടയാകും.

ഇതര സംസ്ക്കാരത്തിൽ നിന്നുമുള്ള മിഷണറിമാരുടെ കർത്തവ്യം തദ്ദേശവാസികളായ പരിഭാഷാ പ്രവർത്തകർക്ക് ആവിശ്യമായ നിർദ്ദേശം നൽകുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ്. എന്നിരുന്നാലും മിഷണറിമാർ ജനസമൂഹങ്ങൾക്കിടയിൽ താമസിച്ച് ഭാഷ പഠിക്കുകയും അവരുടെ സംസ്ക്കാരം മനസിലാക്കുകയും അതിലൂടെ തദ്ദേശപരിഭാഷാ പ്രവർത്തകരെ പരിഭാഷയ്ക്കായി സഹായിയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ധാരാളം വേദപുസ്തക പരിഭാഷാ പദ്ധതികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

പരിഭാഷാ പ്രവർത്തനത്തോടൊപ്പം പരിഭാഷ ചെയ്ത വചനഭാഗങ്ങൾ അതാതു ജനസമൂഹം ഉപയോഗിക്കുന്നതിനുള്ള സാക്ഷരതാ ക്ലാസുകൾ ശ്രവണ രൂപത്തിലുള്ള വേദപുസ്തകത്തിന്റെ പ്രവർത്തനം, ജീസസ് ഫിലിമിന്റെ മൊഴിമാറ്റം, സുവിശേഷത്തിന്റെ കഥാരൂപേണയുള്ള അവതരണം തുടങ്ങിയ വിവധ പ്രവർത്തനങ്ങളും അതാതു സമൂഹങ്ങളുടെ ഇടയിൽ നടന്നുകൊണ്ടിരിക്കുന്നു.

## *നമ്മുടെ ദൗത്യം*

ആദ്യ നൂറ്റാണ്ടിൽ തന്നെ സുവിശേഷമെത്തിയ സംസ്ഥാനമാണ് നമ്മുടെ കേരളം. എന്തുകൊണ്ട് ഈ സുവിശേഷം നമ്മുടെ കൊച്ചുകേരളത്തിനപ്പുറം കടന്നുപോയിട്ടില്ലാ എന്നത് ഇത്തരുണത്തിൽ ചിന്തനീയമാണ്. ദൈവവചനം മലയാളികളായ നമുക്ക് നമ്മുടെ മാതൃഭാഷയിൽ ലഭ്യമായിട്ട് 200 വർഷങ്ങളോളം ആകുന്നു. ആരത് പരിഭാഷ ചെയ്തു എന്നതുപോലും പലർക്കും അറിഞ്ഞുകൂടാ. ഭാരതം സുവിശേഷീകരിക്കണമെങ്കിൽ ഭാഷാവ്യത്യാസം മനസിലാക്കി സുവിശേഷം നൽകിയേ മതിയാകൂ. ആയതിനുള്ള ആദ്യചുവടുവെപ്പാണ് തിരുവചനം ഓരോരുത്തർക്കും അവരവരുടെ മാതൃഭാഷയിൽ പരിഭാഷപ്പെടുത്തി നൽകുക എന്നുള്ളത്. ദൈവവചന പരിഭാഷയ്ക്കായി അവശേഷിക്കുന്ന ഭാരതീയ ഭാഷകളുടെ എണ്ണം നമുക്കോരോരുത്തർക്കും ഒരു വെല്ലുവിളി തന്നെയാണ്.

ഭാരതത്തിലെ സകലജാതികളും ദൈവത്തെ അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നിത്യതയിൽ കാണുന്ന മഹാപുരുഷാരം സർവ്വഗോത്രത്തിൽ നിന്നും ഭാഷയിൽ നിന്നും വംശത്തിൽ നിന്നും ജാതിയിൽ നിന്നും കുഞ്ഞാടിന്റെ രക്തത്താൽ വിലയ്ക്ക് വാങ്ങപ്പെട്ടവരാണ്(വെളി.5:9). ഭാരത സുവിശേഷീകരണം ഉറ്റുനോക്കുന്ന കേരളത്തിലെ സഭയും ദൈവജനവും ഈ ദൗത്യം ഏറ്റെടുക്കുമോ? തിരുവചനം സ്വന്തം ഭാഷയിൽ വായിക്കുവാനും പഠിക്കുവാനും അവസരം ലഭിച്ചവരായ നാം ഇനിയും ഈ ഭാഗ്യം ലഭിച്ചിട്ടില്ലാത്തവർക്ക് കടക്കാരാണ്. അവരെ ഓർത്തും ഈ ഭാഷാ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുവാൻ നമുക്ക് സാദ്ധ്യമല്ലേ? വേദപുസ്തകം പരിഭാഷാ ചെയ്യുന്ന ഈ വലിയ വേലയിൽ പ്രാർത്ഥനാസഹകാരികളായി, മിഷണറി പ്രവർത്തകരായി, അങ്ങനെ കൂട്ടായ പങ്കാളിത്തം വഹിക്കുവാൻ ദൈവം കൃപ ചെയ്യട്ടെ.

***കൂടുതൽ വിവരങ്ങൾക്കായി:***
***ഷിബു കുര്യൻ:***
***9495874558, +973 39822509***
***Shibu_kurian@nlife.in***

# ദൈവരാജ്യത്തിൽ ജനിച്ചിരുന്നെങ്കിൽ



Pastor Daniel Kumplappallil

കഴിഞ്ഞ ലക്കത്തിൽ നാം ചിന്തിച്ചു വന്ന ദൈവരാജ്യത്തിൻെ തുടർ ചിന്തകളിൽ നമുക്ക് ഒരുമിച്ച് ചില നിമിഷങ്ങൾ ആയിരിക്കാം. ദൈവരാജ്യത്തെപ്പറ്റിയും ആ രാജ്യത്തിന്റെ പൗരത്വത്തെപ്പറ്റിയും പ്രാരംഭമായുള്ള ചില കാര്യങ്ങൾ മാത്രമാണ് കഴിഞ്ഞ ലക്കം നാം കണ്ടത്. യഥാർത്ഥത്തിൽ ദൈവരാജ്യത്തിലെ പൗരത്വം ഏതെങ്കിലും പ്രത്യേക ജാതി, മതവിഭാഗങ്ങളിൽ പെട്ടവർക്കുള്ളതോ പ്രത്യേക സഭാവിഭാഗത്തിൽ പെട്ടവർക്കുള്ളതോ ആയി വിശുദ്ധ വേദപുസ്തകം നമ്മോട് പറയുന്നില്ല. ദൈവരാജ്യം സകലമനുഷ്യകുലത്തിനും വേണ്ടി ദൈവം തുറന്നു വെച്ചിരിക്കുന്നു എന്ന് വേദപുസ്തകം പ്രകാരം നമുക്ക് മനസിലാക്കുവാൻ സാധിക്കും (യോഹ.3:16). അങ്ങനെയെങ്കിൽ എന്താണ് ദൈവരാജ്യപ്രവേശനത്തിന് അത്യന്താപേക്ഷിതമായിരിക്കുന്ന ഘടകങ്ങൾ?.

പലരും ചിന്തിക്കുന്നതുപോലെ വളരെ വിഷമം പിടിച്ച ചില ശാരീരിക ക്ലേശങ്ങളിലൂടേയോ, മാനസിക ഏകാഗ്രതയിലൂടേയോ, പുണ്യകർമ്മങ്ങളിലൂടേയോ, നീതി പ്രവർത്തികളിലൂടേയോ, വളരെ നല്ലവരായുള്ള ജീവിതത്തിലൂടേയോ സാധ്യമാകുന്ന ഒന്നല്ല ദൈവരാജ്യം. പകരം ആഗ്രഹിക്കുന്ന ഏത് വ്യക്തിയേയും വീണ്ടും ജനനം പ്രാപിക്കുക വഴി അതിലേക്കുള്ള പ്രവേശനം സൗജന്യമായി ലഭിക്കുന്നു.

വീണ്ടും ജനനമോ! അതെന്താണ് എന്നൊരു ചോദ്യം നമ്മുടെ ഉള്ളിൽ ഒരു പക്ഷെയെങ്കിൽ ഉയരാം. ഒരിക്കൽ യേശുക്രിസ്തുവിന്റെ അരികിൽ വന്ന നിക്കോദേമോസ് എന്ന യഹൂദ ന്യായശാസ്ത്രിയോട് യേശു പറഞ്ഞു 'പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയുകയില്ല'. നിക്കോദേമോസ് യഹൂദ മതത്തിന്റെ പ്രമുഖൻ എന്നുമാത്രമല്ല ജനത്തെ ന്യായപ്രമാണം പഠിപ്പിക്കുന്നവനും, മതത്തിന്റെ എല്ലാ ഭക്തിമാർഗ്ഗങ്ങളും ആചരിച്ചുവന്നവനും ആയിരുന്നു.

അങ്ങനെയുള്ള ആദരണീയനും, വയോവൃദ്ധനുമായ മനുഷ്യനോട് യേശുവിന് പറയാനുള്ളത് വീണ്ടും ജനനത്തിന്റെ ആവിശ്യമത്രേ. അങ്ങനെയെങ്കിൽ നമ്മെ സംബന്ധിച്ചും ദൈവഹിതം മറിച്ചാകാൻ വഴിയില്ല എന്ന് ചിന്തിക്കുന്നത് എന്തുകൊണ്ടും ഉചിതമല്ലേ. ഈ ഭൂമിയിൽ ജീവിക്കുവാനായി ജനിച്ചുവീണ നമുക്ക് ദൈവരാജ്യത്തിൽ ജീവിക്കുവാൻ ഇനിയുമൊരു ജനനത്തിന്റെ ആവിശ്യം ഉണ്ടെന്ന് വിശ്വസിക്കുന്നത് ഒരിക്കലും ഭോഷത്തമല്ല. കാരണം ഈ ഭൂമിയിലേക്കുള്ള ജനനം ജഡപ്രകാരമത്രേ, ദൈവരാജ്യത്തിലേക്കുള്ളത് ആത്മാവിലുള്ള ജനനമത്രേ.

യേശു പറഞ്ഞു ' ജഡത്താൽ ജനിച്ചത് ജഡമാകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു' (യോഹ.3:3-7). ദേഹം, ദേഹി, ആത്മാവാകുന്ന മനുഷ്യനിൽ ദേഹവും ദേഹിയും സജീവമായിരിക്കുന്നു എങ്കിലും പാപത്താൽ നിർജീവമായിരിക്കുന്ന ആത്മാവിനേയുംകൂടെ സജീവമാക്കാനുള്ള ദൈവീക പദ്ധതിയത്രേ വീണ്ടും ജനനം. ദൈവത്തിന്റെ ആത്മാവ് മനുഷ്യനിൽ വന്ന് നിർജീവമായ മനുഷ്യാത്മാവിന് ജീവൻ പകരുമ്പോഴത്രേ നമ്മിൽ ആത്മാവിനാലുള്ള ജനനം സംഭവിക്കുന്നത്. ദൈവം തന്റെ ആത്മാവിനെ എന്നിലേക്ക് പകരുവാൻ ഞാൻ എന്ത് ചെയ്യണം എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടായിരിക്കും.

നാം ഒരു രാജ്യത്തേക്ക് പോകുമ്പോൾ ആ രാജ്യത്തിന്റെ നിയമങ്ങൾ അനുസരിക്കുമെന്നും, ആ രാജ്യത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുമെന്നുള്ള ഉടമ്പടിയിൽ ഒപ്പിട്ടു നൽകുന്നില്ലേ. ഉടമ്പടി വ്യവസ്ഥകളെ നാം ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഇവിടെ സർവ്വശക്തനായ ദൈവം നമ്മോടാവശ്യപ്പെടുന്നത് വലിയ ഉടമ്പടികളോ, നിബന്ധനകളോ അല്ല. നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തയാഗമായി തീർന്ന ദൈവപുത്രനായ ക്രിസ്തുവിൽ വിശ്വസിക്കുക എന്ന ഒരാവിശ്യമത്രേ.

ദൈവീക ഹൃദയത്തിന്റെ ആഗ്രഹത്തെ ലംഘിച്ച ആദമിനെപ്പോലെ ആകാതെ അനുസരണത്താൽ അനുഗ്രഹിക്കപ്പെട്ട അബ്രഹാമിനെപ്പോലെ ഉള്ള വ്യക്തിയായായിരിയ്ക്കാം നിങ്ങളും. ഇവിടെ ചില ചോദ്യങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ഉണ്ടാകാം. ഒന്നാമതായി - എന്തിന് ഞാൻ യേശുക്രിസ്തുവിൽ വിശ്വസിക്കണം, രണ്ടാമത്തേത് - എന്താണ് ഞാൻ വിശ്വസിക്കേണ്ടത്, മൂന്നാമത്തേത് - വിശ്വസിക്കുമ്പോൾ എന്താണ് സംഭവിക്കുക. ഈ മൂന്ന് ചോദ്യങ്ങൾക്കുള്ള ഉത്തരം ദൈവവചനപ്രകാരം നാം ചിന്തിക്കുകയാണെങ്കിൽ ചുരുക്കത്തിൽ ഇപ്രകാരം നമുക്ക് കണ്ടെത്തുവാൻ സാധിക്കും.

നാം നമ്മിലേക്ക് തന്നെ നോക്കുമ്പോൾ ഞാൻ ഒരു പാപിയാണെന്നുള്ള തിരിച്ചറിവ് നമ്മെ പാപബോധത്തിലേക്ക് എത്തിക്കുന്നു. പാപബോധം നമ്മെ നീതിമാനായ ക്രിസ്തുവിന്റെ യാഗമരണത്തിലൂടെയുള്ള പാപമോചനത്തിൽ വിശ്വസിക്കുവാൻ പ്രാപ്തമാക്കുന്നു (അ.പ്ര.2:38). മരിച്ച് അടക്കപ്പെട്ട യേശുക്രിസ്തുവിനെ മൂന്നാംനാൾ ദൈവം ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുവാനും, യേശുവിനെ കർത്താവ് എന്ന് ഏറ്റുപറയുവാനും നിങ്ങൾ തയ്യാറാകുന്നു (റോമ.10:9). അനുതാപത്തോടെ മാനസാന്തരപ്പെട്ട ഏറ്റുപറച്ചിൽ നിങ്ങളുടെ സകലപാപങ്ങളേയും തൻെ പുത്രന്റെ രക്തത്താൽ കഴുകി വിശുദ്ധനും നീതിമാനും ആക്കിതീർക്കുന്നു (1 യോഹ.1:7). തന്റെ ആത്മാവിനെ തന്നുദൈവമക്കളാക്കി മാറ്റുന്നു (യോഹ.1:12). ഇവിടെ നമ്മുടെ കഴിവോ യോഗ്യതകളോ, പ്രവർത്തികളോ അല്ല ദൈവം കണക്കിട്ടത് പകരം യേശുക്രിസ്തുവിൽ നിങ്ങൾ വിശ്വസിച്ച വിശ്വാസത്താൽ ദൈവരാജ്യത്തിൽ അവകാശികളാക്കി തീർക്കുകയത്രേ ചെയ്തത് (ഗലാ.4:7). കൊടും പാപി ആണെങ്കിലും ക്രിസ്തുവിനെ വിശ്വസിച്ചതിനാൽ ദൈവം നിങ്ങളുടെ പാപങ്ങളേയും ക്ഷമിച്ച് ക്രിസ്തുവിനെപ്പോലെ നീതിമാനാക്കുന്നു. വിശുദ്ധനായ ക്രിസ്തുവിൽ വിശ്വസിച്ചതിനാൽ നിങ്ങളും വിശുദ്ധരായിത്തീരുന്നു.

(തുടരും...)

# Saints are Created to Soar in the Skies - Pastor Thomas Samuel

"The Creator of the whole universe has designed and created us as a unique creation to soar in the skies. His plan for his children is that we should not be destroyed by the storms that we face, but rather soar above them".

Pastor Thomas Samuel ministered from the Scriptures on the evening of May 7that a special meeting conducted by Victory Tabernacle Church in Arizona.

Using Isaiah 40:31 as his main reference, he illustrated the stages of a developing eagle. Far above the reaches of any predator, the mother eagle lays its young on the boroughs of a tall tree. The first major lesson an eaglet learns in its young life is that its nest is temporary, but the sharp rocks belowthe tree are permanent.The eaglethad full confidence in the nest that provided safety and warmth, but one fateful day the eaglets' mother destroyedthe nest essentially in a harsh attempt to teach her young to fly. In that crude and brutal process of teaching her young to survive, the eaglet lands on the rocks beneath the tree that it had nested in. Within a short period of time, the young eaglet realizes the fact that the nest is temporary, but the rock is permanent. The rock is stable and it will be its new dwelling place forever.

Pastor Samuel stated, just as the life of an eagle,we need to understand that our corruptible body is temporary, but the Rock of Ages in whom we place our hope in is permanent. 1stCorinthians 10:4 states who that "Rock" is, "And did all drink the same spiritual drink: for they drank of that spiritual Rock that followed them: and that Rock was Christ."

He summarized in closing thatjust like the lesson learned by the eaglet, our hope must not rest upon the safety and security of the temporary nest. In our lives that temporary nest could be our bank account, job, business, or




even our reputation. However, just as the eaglet was driven out of its nest, the safety that this world provides is also very fleeting. Instead, just as the famous hymn states, we must build our hope on nothing less than Jesus' blood and righteousness. Our lives can only sustain meaningfulness if we can boldly testify that Christ is our Rock, refuge, and strength.

Following Pastor Thomas Samuels' exhortation, the congregation was led in worship by Randall Tipton and Twyla Hawkins. One could feel the divine presence of the Holy Spirit as the body of believersworshipped the unseen Lord. The service was concluded with prayer and benediction by Pastor S. Elliot.

Victory Tabernacle Church is a growing and vibrant church that was founded four decades ago in the heart of Gilbert, Arizona.

# ദേശങ്ങൾക്കായി

തയ്യാറാക്കിയത്: **ബിജുമോൻ വർക്കി**



**രാജ്യം : സൊമാലിയ**
**തലസ്ഥാനം : മോഗാദിഷു**
**ഭരണാധികാരി : മൊഹമ്മദ് അബ്ദുല്ലഹി മുഹമ്മദ്**



ഔദ്യോഗികമായി ഫെഡറൽ റിപ്പബ്ലിക്ക് ഓഫ് സൊമാലിയ എന്നറിയപ്പെടുന്ന സൊമാലിയ, ഏദൻ ഉൾക്കടലിനും ഇന്ത്യൻ മഹാസമുദ്രത്തിനും ഇടയിലായി വടക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന 'ആഫ്രിക്കയുടെ കൊമ്പ്' എന്നറിയപ്പെടുന്ന ഉപദ്വീപിൽ സ്ഥിതി ചെയ്യുന്നു. വേനലിൽ കടുത്ത വരൾച്ചയും മഴക്കാലത്ത് വെള്ളപ്പൊക്കവും പതിവാണ് ഈ രാജ്യത്തിൽ. കൂടാതെ പതിവായ ആഭ്യന്തര കലാപങ്ങളും സ്ഥിരമായ ഒരു ഭരണ സംവിധാനം ഇല്ലാത്തതും രാജ്യത്തെ സമ്പത്ത് വ്യവസ്ഥ താറുമാറാകുവാൻ കാരണമായി. ഉയർന്ന ജനനനിരക്ക്, ഉയർന്ന മാതൃ മരണനിരക്ക്, ഉയർന്ന ശിശു മരണനിരക്ക് എന്നിവ രാജ്യത്തിന്റെ ദുരവസ്ഥ വിളിച്ചറിയിക്കുന്നു.

അടുത്ത കാലങ്ങളിൽ മഴ ഇല്ലാതിരുന്നത് രാജ്യത്തെ അതിഭയങ്കരമായ വരൾച്ചയിലേക്കും പട്ടിണിയിലേക്കും നയിക്കുവാൻ കാരണമായി. തീവ്രവാദ സംഘടനകളുടെ നിയന്ത്രണത്തിലുള്ള പല പ്രദേശങ്ങളിലും രാജ്യാന്തര ഏജൻസികൾ സഹായം എത്തിക്കുക ദുഷ്കരമാണ്. ഈ രാജ്യത്തെ ജനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

സൊമാലിയയിൽ ക്രിസ്തുവിനെ അറിഞ്ഞവർ വളരെ കുച്ചു മാത്രമാണുള്ളത്. അവർ വളരെ രഹസ്യമായി വീടുകളിലും മറ്റും ആരാധിക്കുന്നു. തങ്ങളുടെ ജീവനേക്കാൾ ഏറെ ക്രിസ്തുവിനെ സ്നേഹിക്കുന്ന ഉറച്ച വിശ്വാസം ഉള്ള ഒരു കൂട്ടം വിശ്വാസികളെ ദൈവം സൊമാലിയയിൽ എഴുന്നേൽപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. ക്രിസ്തുവിന്റെ സ്നേഹം ഈ ജനതയും മനസ്സിലാക്കി രാജ്യം സമാധാനത്തിലേക്ക് മടങ്ങുവാനും പ്രാർത്ഥിക്കാം.



**സംസ്ഥാനം : കർണ്ണാടക**
**തലസ്ഥാനം : ബംഗളൂരു**
**മുഖ്യമന്ത്രി : ശ്രീ.സിദ്ധരാമയ്യ**

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലൊന്നാണ് കർണ്ണാടക. ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപം കൊണ്ടപ്പോൾ 'കന്നഡ' ഭാഷ സംസാരിക്കുന്ന പ്രദേശങ്ങൾ ചേർന്നു ഒരു സംസ്ഥാനം രൂപമെടുത്തു. 1956 നവംബർ 1 -ന് സംസ്ഥാന പുനർനിർണ്ണയനിയമപ്രകാരം നിലവിൽ വന്ന ഈ സംസ്ഥാനം മൈസൂർ സംസ്ഥാനം എന്നാണ് അറിയപ്പെട്ടിരുന്നത്. 1973-ൽ കർണ്ണാടക എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.

ഇന്ത്യയുടെ അതിവേഗം വളരുന്ന ഐടി, സോഫ്റ്റ്‌വെയർ വ്യവസായങ്ങളുടെ കേന്ദ്രവും ഏറ്റവും വേഗത്തിൽ വളരുന്ന നഗരവുമാണ് ബംഗളൂരു. അനേക ക്രിസ്തീയ പ്രവർത്തനങ്ങളുടെ ആസ്ഥാനവും ദൈവശാസ്ത്ര പഠന സ്ഥാപനങ്ങളും ഈ നഗരത്തിൽ സ്ഥിതി ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾ ദേശത്തിന്റെ അനുഗ്രഹത്തിനും വിടുതലിനും കാരണമാകട്ടെ എന്ന് പ്രാർത്ഥിക്കാം. ബംഗളൂരുവിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും വിദ്യഭ്യാസത്തിനായി വരുന്ന യൗവ്വനക്കാരെ ഓർത്ത് നാം പ്രാർത്ഥിക്കേണം.

# നോഹൈക പ്രവചനങ്ങളുടെ ചരിത്ര പ്രസക്തി

3



**രാജൻ തോമസ്**

(...കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

ഇന്നത്തെ ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ യാഫേത്തിന്റെ സന്തതി പരമ്പരകൾ ആരാണ്? റഷ്യ ഉൾപ്പെടെയുള്ള പഴയ U.S.S.R ന്റെ ഭാഗങ്ങളായിരുന്ന രാജ്യങ്ങൾ ടർക്കി, സൈപ്രസ്, ഗ്രീസ്, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ, പടിഞ്ഞാറെൻ യൂറോപ്യൻ രാജ്യങ്ങൾ മുതലായവയിൽ വസിക്കുന്ന ജനതതികൾ യാഫെത്തിന്റെ സന്തതിപരമ്പരയിൽ ഉൾപ്പെടുത്താം. മാത്രമല്ല, പുരാതന, ആധുനിക കാലയളവിൽ യൂറോപ്പിൽനിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറിപാർത്തവരും ഉൾപ്പെടും. ദ്രാവിഡന്മാരെ ഓടിച്ച് ഉത്തരഭാരതത്തിൽ കുടിയേറിപ്പാർത്ത ആര്യസമൂഹങ്ങൾ യാഫേത്തിന്റെ സന്തതി പരമ്പരയിൽപെടും. ഭാരതത്തിന് തെക്ക് ശ്രീലങ്കയിലും അവർ വാസമുറപ്പിച്ചു.

ഇന്നത്തെ അമേരിക്ക, കാനഡ, ആസ്ട്രേലിയ, ന്യൂസിലാന്റ്, സൗത്ത് ആഫ്രിക്ക മുതലായ രാജ്യങ്ങളിൽ ഉള്ളവർ യൂറോപ്പിൽ നിന്ന് കുടിയേറിപാർത്തവരാകയാൽ യാഫേത്തിന്റെ സന്തതി പരമ്പരയിൽ ഉൾപ്പെടുന്നു. യെഹസ്കേൽ പ്രവചനം 38 : 13 ലെ തർശീശ് വർത്തകന്മാരും അതിലെ സകല ബാലസിംഹങ്ങളും എന്ന പ്രയോഗം American Standard Version-ൽ "Tarshish and her villages" എന്ന് ഉപയോഗിച്ചിരിക്കുന്നു. Tarshish എന്നത് പൊതുവെ യൂറോപ്യൻ ജനസമൂഹത്തെക്കുറിച്ചും അതിലെ ഗ്രാമങ്ങൾ എന്നത് യൂറോ പ്പിൽ നിന്നും കുടിയേറി പാർത്ത പ്രത്യേക രാഷ്ട്രങ്ങളായിതീർന്ന ഈ രാജ്യങ്ങളെക്കുറിച്ചാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

യാഫേത്തിന്റെ സന്തതിപരമ്പരയിൽപ്പെട്ടവർ Indo-Europeans എന്ന പേരിൽ അിറയപ്പെടുന്നു.

അടുത്തതായി ഹാമിന്റെ സന്തതി പരമ്പരകൾ ആരൊക്കെയാണെന്ന് പരിശോധിക്കാം. ഉല്പത്തി 10-ാം അദ്ധ്യായത്തിന്റെ 6 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ ഹാമിന്റെ മക്കളായും, കൊച്ചുമക്കളായും ഏതാണ്ട് 31 പേരുകളും അവരുടെ കുടിയേറ്റവും കാണുന്നു.

*1.കൂശ്*- വടക്കൻ ആഫ്രിക്കൻ രാജ്യങ്ങളായ ഇന്നത്തെ ഈജിപ്ത്, സുഡാൻ, വടക്കൻ എത്യോപ്യ മുതലായ പ്രദേശങ്ങളിൽ പ്രളയാന്തര കാലയളവുകളിൽ കൂശിന്റെ സന്തതികൾ വാസമുറപ്പിച്ചു. ഇപ്പുറത്തെ ആധുനിക രാഷ്ട്രത്തിലെ പ്രജകൾ കൂശിന്റെ സന്തതികളായി കണക്കാക്കപ്പെടുന്നു. കൂശിന്റെ മക്കൾ (വാക്യം : 7)

*2. സെബാ* – സെബായുടെ സന്തതിപരമ്പര, ഈജിപ്തിന്റെ വടക്കുഭാഗത്തായി പാർത്തുപോന്നു.

*3. ഹവീലാ* – ഹവീലയുടെ അക്ഷരാർത്ഥം 'മണൽ ദേശം' എന്നാണ്. അറേബ്യൻ മരുഭൂമിയിൽ പേർഷ്യൻ മുനമ്പിന്റെ വടക്കുകിഴക്കുമായി ഹവീലയുടെ സന്തതി പരമ്പരകൾ പാർത്തുപോന്നു.

*4. സബ്താ* – പേർഷ്യൻ ഗൾഫിന്റെ കിഴക്കൻ തീരപ്രദേശങ്ങളിൽ സബ്തായുടെ സന്തതിപരമ്പരകൾ വാസമുറപ്പിച്ചതായി വിശ്വസിക്കപ്പെടുന്നു.

*5. രമ* –
*6. സബ്തെക്ക*} – തെക്കൻ അറേബ്യയിൽ വാസമുറപ്പിച്ച വർഗ്ഗങ്ങൾ രമയുടെ പുത്രന്മാർ വാക്യം : 7

*7. ശെബ* – തെക്ക് പടിഞ്ഞാറൻ അറേബ്യയിൽ ഇന്നത്തെ യെമന്റെ പ്രദേശങ്ങളിൽ ശെബ്യർ വസിച്ചുപോന്നു. (ശേബാ രാജ്ഞി) 1രാജാക്കന്മാർ 10: 1–13

*8. ദെദാൻ* – സൗദി അറേബ്യയുടെ വടക്കുഭാഗത്തായി വസിച്ചുപോന്ന സന്തതി പരമ്പരകളുടെ പിതാവ്

*9. നിമ്രോദ് – 8* മുതൽ 11 വരെയുള്ള വാക്യങ്ങളിൽ പ്രസ്താവിച്ചിരിക്കുന്ന നിമ്രോദിന്റെയും സന്തതിപരമ്പരകളുടെയും വിവരണം വിചിന്തനം ചെയ്ത വേദപുസ്തക ചരിത്രകാരന്മാർ പുരാതന ബാബിലോണിയൻ -അസ്സീറിയൻ സംസ്കാരങ്ങളുടെ പിതാവ് നിമ്രോദ് ആണെന്ന് തെളിയിച്ചിരിക്കുന്നു. പുരാതന മെസപെട്ടോമ്യ, അസ്സീറിയ, സുമേറിയൻ സംസ്കാരങ്ങളുടെ കളിത്തൊട്ടിലായിരുന്നു യൂഫ്രട്ടീസ്, ടൈഗ്രീസ് നദിതടം.

അതിനു ചുറ്റുപാടായും നിമ്രോദിന്റെ സന്തതി പരമ്പരകൾ വ്യാപിച്ചുകിടന്നു. ആധുനിക ഇറാക്ക് രാഷ്ട്രം ഇപ്പറഞ്ഞ സംസ്കാരങ്ങളുടെ പിന്തുടർച്ചക്കാരിൽ നിന്നും ഉളവായതാണെന്നോർക്കണം.

(തുടരും...)




# നാം നമ്മുടെ ദൈവത്തെ അറിയുക




(.....കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

***8.നമ്മെ അനുഗ്രഹിക്കുന്ന ദൈവം സങ്കീ.115:15***

'ആകാശവും ഭൂമിയും ഉണ്ടാക്കിയ യഹോവയാൽ നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവരാകുന്നു'. അബ്രഹാമിനെ സാറയോടൊപ്പം, യാക്കോബിനെ ലേയയോടും റാഹേലിനോടൊപ്പവും അനുഗ്രഹിച്ച നമ്മുടെ പിതാ ക്കന്മാരുടെ ദൈവം നമ്മേയും അനുഗ്രഹിക്കും. അബ്രഹാമിനെ ഐശ്വര്യമായി അനുഗ്രഹിച്ചുവെങ്കിൽ സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളാലും നമ്മെ ക്രിസ്തുയേശുവിൽ ദൈവം അനുഗ്രഹിച്ചിരിക്കുന്നു. തലമുറതലമുറയായി നമ്മുടെ സങ്കേതമായ ദൈവം നമ്മേയും നമ്മുടെ മക്കളേയും മക്കളുടെ മക്കളേയും അനുഗ്രഹിക്കും.

***9. പ്രതിഫലം തരുന്ന ദൈവം എബ്രാ.11:6***

'ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവന് പ്രതിഫലം കൊടുക്കും എന്ന് വിശ്വസിക്കണം'. എബ്രാ.10:35 'അതുകൊണ്ട് മഹാ പ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്'.

മർക്കോ.9:41 നിങ്ങൾ ക്രിസ്തുവിനുള്ളവർ എന്റെ നാമത്തിൽ ആരെങ്കിലും ഒരു പാനപാത്രം വെള്ളം നിങ്ങൾക്ക് കുടിപ്പാൻ തന്നാൽ അവന്നു പ്രതിഫലം ഉണ്ട്. നാം കർത്താവിന്റെ നാമത്തെ പ്രതി എന്ത് ചെയ്താലും ഒരാളോട് സുവിശേഷം പറഞ്ഞാൽ, പ്രാർത്ഥിച്ചാൽ, ഒരു സുവിശേഷ പ്രതി കൊടുത്താൽ പ്രതിഫലം ഉണ്ട്.

***10. നമ്മെ സ്നേഹിക്കുന്ന ദൈവം എഫെ .2:4***

കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം തന്റെ പുത്രനും നമ്മുടെ രക്ഷിതാവുമായ ക്രിസ്തുയേശുവിനെ ദൈവം എങ്ങിനെ സ്നേഹിച്ചുവോ അതേ സ്നേഹം. മകനേ,മകളേ എന്ന് സ്നേഹത്തോടെയുള്ള ഒരു വിളി കേൾക്കാൻ കാത്തിരിക്കുന്ന എത്രയോ പേരുണ്ട്. 12 വർഷമായി രക്ത സ്രാവമുള്ളവളായ സ്ത്രീയെ കർത്താവ് സൗഖ്യമാക്കുക മാത്രമല്ല ജീവിതത്തിൽ ആദ്യമായി മകളെ എന്ന് വിളിച്ച് സമാധാനം കൊടുത്ത് അശ്വസിപ്പിച്ച് പറഞ്ഞയച്ചു (മർക്കോ. 5:34) അവൻ നമ്മെ സ്നേഹിക്കുന്ന ദൈവമാണ് എല്ലാവരും നമ്മെ വെറുത്താലും നമ്മെ സ്നേഹിക്കുന്ന സ്നേഹവാനായ ഒരു ദൈവം നമുക്കുണ്ട്.

***11.നമ്മെ സഹായിക്കുന്ന ദൈവം സങ്കീ. 121:2***

നമുക്ക് സഹായം വരുന്നത് ആകാശവും ഭൂമിയും ഉണ്ടാക്കിയ ദൈവമായ കർത്താവിൽ നിന്നാണ്. മനുഷ്യനിൽ ആശ്രയം വ്യർത്ഥമാണ്. മനുഷ്യനിൽ ആശ്രയിച്ച് ജഡത്തെ തന്റെ ഭുജമാക്കി ഹൃദയംകൊണ്ട് യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ശപിക്കപെട്ടവൻ (യിരെ. 17:5). എന്നാൽ യഹോവയിൽ ആശ്രയിക്കുകയും യഹോവ തന്നെ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ (യിരെ.17:7). കരുണ ലഭിപ്പാനും തത്സമയം സഹായത്തിനുള്ള കൃപ ലഭിപ്പാനും കൃപാസനത്തിനടുത്ത് ചെല്ലുക (എബ്രാ.4:16 ).

***12.നിത്യതയിൽ നമ്മെ ചേർക്കുന്ന ദൈവം വെളി.21:3, 22:3***

കാണുന്നത് താല്ക്കാലികം. ഈ ദുഃഖവും, വേദനയും, കഷ്ടപ്പാടും, കണ്ണീരും എല്ലാം താല്ക്കാലികമാണെന്നുള്ള തിരിച്ചറിവ് നമുക്കുണ്ടായിരിക്കണം. കാണാത്തത് നിത്യം. കണ്ണീരില്ലാത്ത, മരണമില്ലാത്ത, വേദനയില്ലാത്ത, ശാപങ്ങളില്ലാത്ത, മുറവിളിയില്ലാത്ത, ഇളകാത്ത നിത്യരാജ്യത്തിലേക്ക് ദൈവം നമ്മെ ചേർക്കും. അതാണ് ഒരു ഭക്തന്റെ പ്രത്യാശ (വെളി. 22:11 13). ഇതാ ഞാൻ വേഗം വരുന്നു, എന്തിനാണ്? നമ്മെ ചേർക്കുവാൻ, പ്രതിഫലം തരുവാൻ. ഇതാ മനുഷ്യരോട് കൂടെ ദൈവത്തിന്റെ കൂടാരം.

പ്രിയപ്പെട്ടവരെ, കർത്താവിന്റെ വരവിനായി പ്രത്യാശയോടെ ഒരുക്കത്തോടെ കാത്തിരിക്കുക. കർത്താവിന് വേണ്ടി സഹിച്ചാൽ കർത്താവിനോടൊപ്പം വാഴും.

നമ്മൾ ഒരു യാത്രയിലാണ്. ഈ യാത്രയിൽ നമുക്ക് പലതും നഷ്ടപ്പെട്ടേക്കാം. സ്വന്തക്കാർ, ബന്ധുക്കൾ, സമ്പത്ത്, സമാധനം, അങ്ങിനെ പലതും. ഒരു വിശ്വാസിയായതുകൊണ്ട് പലരും നമ്മെ നിന്ദിക്കുകയും, പരിഹസിക്കുകയും, തള്ളിക്കളയുകയും, വേദനിപ്പിക്കുകയും ചെയ്തെന്ന് വന്നേക്കാം. പക്ഷേ ഒരിക്കലും നിങ്ങൾക്ക് ക്രിസ്തുയേശുവിനെ നഷ്ടപ്പെടാൻ ഇടവരരുത്. അത് നിങ്ങൾ കാത്തുസൂക്ഷിച്ചാൽ നഷ്ടപ്പെട്ടതെല്ലാം ക്രിസ്തുയേശു നിങ്ങൾക്ക് തിരികെ തരും. പിന്നെ ഒരു സ്വസ്ഥത. ഒരു ശബത്തനുഭവം. ഒരു നിത്യത.


ഒരാൾ ക്രിസ്തുവിൽ ജനിക്കണം, ക്രിസ്തുവിനെ സ്നേഹിക്കേണം, ക്രിസ്തുയേശുവിൽ വളരണം, ക്രിസ്തുവിനെ ആരാധിക്കണം. ക്രിസ്തുവിൽ ജീവിച്ച് ക്രിസ്തുവിൽ മരിച്ച് ക്രിസ്തുവിന്റെ രാജ്യത്തിന് അവകാശിയായി തീരേണം. ആത്മാവിന്റെ ഫലം പുറപ്പെടുവിക്കേണം. ദർശനം ക്രിസ്തുവിൽ ആയിരിക്കേണം. എന്റെ പൗരത്വം സ്വർഗ്ഗത്തിലാണെന്നും ഞാൻ ഈ ഭൂമിയിൽ അന്യനും പരദേശിയുമാണെന്ന ചിന്ത ഉണ്ടായിരിക്കേണം. രക്ഷിക്കപ്പെട്ടവരേക്കുറിച്ചും രക്ഷിക്കപ്പെടാത്തവരേക്കുറിച്ചും ഒരാത്മഭാരമുണ്ടായിരിക്കണം. ഒരാളെയെങ്കിലും അഗ്നിയിൽ നിന്ന് മോചിപ്പിക്കണമെന്ന ആഗ്രഹം ഉണ്ടായിരിക്കണം. നമ്മുടെ കൂട്ടായ്മ വിശുദ്ധന്മാരുമായി മാത്രമായിരിക്കേണം. ദൈവഹിതത്തിനുവേണ്ടി സമ്പൂർണ്ണ മായി സമർപ്പിക്കപ്പെട്ട ഒരു ജീവിതമായിരിക്കണം. ദൈവസ്നേഹത്തിന്റെ കത്തിജ്വലിക്കുന്ന വാളുമേന്തി അന്ധകാര ശക്തികളോട് പോരാടി ജയകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കണം.

ഇതാണ് നമ്മെക്കുറിച്ചുള്ള ദൈവേഷ്ടം. എന്നെ സ്നേഹിക്കുന്ന, എനിക്കായി കരുതുന്ന ഒരു ദൈവം എനിക്കുണ്ടെന്നുള്ള ഈ എന്റെ അറിവാണ് എന്നെ ഇത്തരത്തിൽ വഴി നടത്തുന്നത്. ശക്തരും ധീരരുമായിരിക്കുക. ഭയപ്പെടുകയോ ഭ്രമിക്കയോ അരുത്. അതിനായി ദൈവം നിങ്ങളെ അനുഗ്രഹിച്ച് ആശീർവദിക്കട്ടെ.

Tip Off...


Advice from Sunday School Uncle

# "I cannot go on these...."




*Dear Children,*

*When I read 1st Samuel 17:39, I couldn't help but salute David for his courage to inform the King of Israel that "I cannot go on these", when Saul dressed David in his tunic with bronze helmet and sword to fight against Goliath. Later David moved towards Goliath his own way as shepherd by taking 5 smooth stones along with his sling. David was triumphant against his enemy.*




*"Always be yourself, express yourself, have faith in yourself, do not go out and look for a successful personality and duplicate it" - Bruce Lee*

*It is amazing that David loved to be himself and not to be somebody like King Saul. Be yourself and don't try to become someone else in your life. Just remember nobody is born good at everything and no one is called to do everything.*

*But who are you, a human being, to talk back to God? "Shall what is formed say to the one who formed it, 'Why did you make me like this?"(Romans 9:20) Your shape was sovereignly determined by God for His purpose. So you should not reject it. Instead of trying to reshape yourself to be like someone else, you should celebrate the shape God has given only to you.*

*Never compare yourself with other people. Never think negative thing about yourself. Focus on your potential instead of your limitations. Recognize and appreciate and develop your unique talents. Develop self-confidence and trust in your abilities.*

*Just be yourself that is all you need. You are unique and no one can take your place.*




1. ആയിരം പണ്ഡിതന്മാരോട് ജയിയ്ക്കാം അര വിഡ്ഢിയോട് ജയിക്കാനാവില്ല

2. ഒരു വിളക്കും പ്രഭാതംവരെ കത്തുന്നില്ല

3. അതിഥിയും മത്സ്യവും മൂന്ന് ദിവസം കഴിഞ്ഞാൽ പഴകി വിഷമായി തുടങ്ങും

4. നിറഞ്ഞ മടിശ്ശീലക്ക് ഒരിക്കലും സുഹൃത്തുക്കൾക്ക് പഞ്ഞമുണ്ടാകില്ല

5. വിജയിക്കണമെന്ന് ഉറച്ച് നിശ്ചയിക്കുകയാണ് പരാജയപ്പെടാതിരിക്കാനുള്ള എളുപ്പമാർഗ്ഗം

6. പരാജയമെന്നത് നിങ്ങൾക്ക് കൂടുതൽ കരുത്തോടെ തിരിച്ചുവരാനുള്ള അവസരമാണ്

7. ഒരു തെറ്റും വരുത്തിയിട്ടില്ലാത്തവൻ പുതുതായി ഒന്നും തന്നെ ചെയ്യാൻ ശ്രമിച്ചിട്ടുണ്ടാവില്ല

8. ഒരാളെ ശത്രുവാക്കാതെ അയാൾക്കു കാര്യം മനസ്സിലാക്കി കൊടുക്കുന്നതിനെയാണ് നയം എന്നു പറയുക

9. പ്രതിഭ എന്നാൽ ക്ഷമ തന്നെ

10. പ്രതിഭയെന്നാൽ ഒരു ശതമാനം പ്രചോദനം,തൊണ്ണൂറ്റിയൊൻപതു ശതമാനം കഠിനാധ്വാനം

## HH Inbox

*Dear HH Team,*
*-The second edition also is almost equally voluminous and finds good and profitable. May the Lord continue to use the publication for the edification of saints and to foster fellowship among God's people.*

*-P.C. Uncle*

***Hats Off to HH team! Some things I noticed about the journal are:***
*1)Its a thicker version for the second edition which does mean that many are interested to express their thoughts through Hello Hope.*
*2) Its a platform for many people like me to not just exhibit our talents but also grow more in faith. I am not excellent with spiritual writing, and did not know how to go about it. But i did actually do some research with my bible for two days to write it which I wouldn't have done rather than the usual meditating on it.*
*3)Its not confined to one category of people rather is a blend of all tastes which makes it a complete spiritual journal which makes it all the more interesting.*
*4) Its said that a book is judged by what's inside and not its cover, Hello Hope has been created with both the cover and the content well polished which is pretty cool I should say.*
*5)I like the fact that English and Malayalam is not categorized to two different sections rather is blended, makes me also go through Malayalam articles as well.*
*6) I think more young people should come forward and write in Hello Hope.*
*God bless this initiative and I hope that Hello Hope gives hope to someone who is looking for a spark of hope in their lives. Reading something changes their life or gives them answers to their questions and prayers.*

*-With so much love, Angela Anna Anish*

*Dear Hello Hope,*
*If possible, please iniclude the bible quiz in English also.*

*-Bindu Johnson*

HH
hhgulfnews@gmail.com
0973 3838 3399
Hello Hope

## കർത്താവിൽ നിദ്ര പ്രാപിച്ചു



**P. VARGHESE (87)**

**Onampallil House, Enath, Kottarakkara**

(F/o Br. Philip P. Varghese, IPC Bahrain)

HH Rhythm



ജോർജ്ജ് കുര്യൻ
(ബിനു)

## രൂപാന്തരത്തിന്റെ കാനാവ്

ശിഷ്യരുമൊന്നിച്ചു നാഥൻ ഗമിക്കുന്നു
കാനാവിലൊന്നിലാ കല്ല്യാണശാലയിൽ
പാഞ്ഞെത്തി മാതാവ് പുത്രന്റെ ചാരത്തായി
കാതുകളിലാവാർത്ത മന്ത്രിച്ചിടുന്നു

കലവറയ്ക്കുള്ളിൽ കരുതിയ വീഞ്ഞ്
കലമൊന്നു ശേഷിച്ചിടാതങ്ങു തീർന്നു
യേശു തൻ മാതാവോടരുൾച്ചെയ്തിങ്ങനെ
സ്ത്രീയേ എന്നുടെ നാഴിക വന്നതില്ലപ്പോഴും

ഇതു കേട്ട മറിയം ശുശ്രൂഷക്കാരോടായ്
എന്തെങ്കിലും അവൻ കൽപ്പിച്ചതു ചെയ്‌വീൻ
ഇങ്ങനെ ഓതി ആ മാതാവു പോയപ്പോൾ
നാഥനാം യേശു തിടുക്കമായെത്തി താൻ

നിറയ്ക്കുവിൻ വെള്ളമാ ആറു കൽപാത്രമതിൽ
എന്നരുൾ ചെയ്തു നാഥനാം യേശു
കർത്തന്റെ വാക്കിനാൽ വെള്ളം നിറച്ചവർ
മറു ചോദ്യം ഒന്നുമേ ഉന്നയിക്കാതെ

സൃഷ്ടാവു തന്നുടെ സൃഷ്ടിയാം വെള്ളത്തെ
നോക്കിയ മാത്രയിൽ വീഞ്ഞായി മാറി
കർത്തനുടെ ആജ്ഞ പ്രകാരമാദാസന്മാർ
വിരുന്നു വാഴിക്കു ആ പാത്രങ്ങൾ നൽകി

വീഞ്ഞു രുചിച്ച വിരുന്നു വാഴിയോ
അത്ഭുത പരതന്ത്രനായങ്ങു മാറി
ചെന്നു മണാളനെ കണ്ടുരചെയ്തല്ലോ
ഈ ശ്രേഷ്ഠമാം വീഞ്ഞു നീ ഭദ്രമാക്കിയോ ?

അടയാളം തന്നുടെ ആരംഭമായത്
കാനാവിൽ കർത്തനുടെ മഹത്വവും വെളിവായ്
അല്ലയോ ദൈവത്തിൻ സൃഷ്ടിയാം സോദരാ
തിരിയൂ സൃഷ്ടാവിലേക്ക്, മാറൂ ഏറ്റം ശ്രേഷ്ഠനായ് നീയും.


## തക്ക തുണ

HH Matrimonial

Inviting proposals for marriage from the parents of God fearing and spirit filled girls for a 33 aged Syrian Chirstian Pentecost groom with height 165 cm,GNM nurse, working in Bahrain as a staff nurse. Family status available.

Contact. **00973 33517779, 00973 39363420**


## ദൈവമക്കൾക്കൊരു സന്തോഷവാർത്ത

## -പ്രഭാതപ്രാർത്ഥന-

സഭാവ്യത്യാസമില്ലാതെ പ്രഭാതയാമത്തിൽ പ്രസന്നതയോടെ കർത്തൃസന്നിധിയിൽ വ്യക്തിപരമായതും മറ്റുള്ളവരുടെയും വിവിധ വിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥനയ്ക്കായി ഒത്തുകൂടാൻ ഒരു അവസരം

**എല്ലാമാസത്തിന്റെയും ആദ്യത്തെ ഏഴുദിവസങ്ങളിൽ**
**രാവിലെ 4:45 മുതൽ 5:45വരെ,**
**സെഗയായിലുള്ള ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ**




" Endeavoring to Keep the Unity of Spirit in the Bond of Peace." Eph.4:3

**MIDDLE EAST PENTECOSTAL CHURCH**

**PRAYER MEETING**

**COME AND BE BLESSED.**

**Date & Time: 3rd JUNE, 2017 From 8.00 pm to 9.15 pm**

**Venue: SHARON FELLOWSHIP CHURCH HALL SEGAYYA**

**ALL ARE WELCOME**

Dulux let's colour Bahrain

NOW AVILABLE IN BAHRAIN

Call 77799900

www.duluxbahrain.com

Sales@duluxbahrain.com




Duluxpaintbh

Duluxpaintbh

33947000

STEERING

Managing & Responsible Editor: **Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Joju Joseph, Anil Thomas,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN

© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.

Exclusive Gulf Representative
فينكس للتسويق والابداع ذ.م.م
PHOENIX
MARKETING & CREATIONS W L L

**P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com**

For Private Circulation only